# കരയോഗ സൗഹൃദം

*സത്യം പരം ധീമഹി*

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം Pages 52

വാല്യം - 15 ലക്കം - 10 കന്നി - 1199 ഒക്ടോബർ 2023



ഗുരുവായൂർ


Radheyam®
GUEST HOUSE


Tel: +91 487 2504700
+91 8547871161







സൗകര്യപ്രദമായ 36 മുറികൾ ☸ വിശാലമായ പാർക്കിംഗ്
വിവാഹാവശ്യങ്ങൾക്കും മറ്റുമായി വിശാലമായ രണ്ടു ഹാളുകൾ







Thekke Nada, Karakkat Round,
Guruvayur-680 101
E-mail: radheyamguesthouse@gmail.com

Administrative Office: Eranakulam Karayogam,
T.D.M Hall complex, D.H.Road, Kochi-682016,
Kerala. Tel: 0484-2361160

# ഉള്ളടക്കം

വാല്യം 15 | ലക്കം 10 | ഒക്ടോബർ 2023


| | |
|---|---|
| എഡിറ്റോറിയൽ | 3 |
| സെക്രട്ടറിയുടെ പംക്തി | 5 |
| ബാലലോകം | 7 |
| വാസ്തു. | 8 |
| ക്ഷേത്രങ്ങളിലൂടെ. | 9 |
| തുർക്കി പർവ്വം | 12 |
| ശബ്ദമലിനീകരണം | 14 |
| ഒരമ്മയുടെ കത്ത് | 16 |
| മാനസികാരോഗ്യം | 19 |
| നവരാത്രി | 22-31 |
| മറവിയിലെ ഓർമ്മകൾ | 33 |
| ഒരന്വേഷണത്തിന്റെ കഥ | 35 |
| ബഹിരാകാശത്ത് തനിയെ | 38 |
| പാതിമറഞ്ഞ ചന്ദ്രൻ | 40 |
| കാലാവസ്ഥാ മാറ്റങ്ങളും തീരദേശ സംരക്ഷണവും | 42 |
| ജീവിതം കൂടുതൽ മുഴുവനായി ജീവിക്കുക | 46 |
| വിവാഹത്തിനുമുൻപ് കൗൺസിലിംഗ് ആവശ്യമോ? | 48 |
| മാട്രിമോണിയൽ. | 49 |
| മാസഫലം | 50 |



## പത്രാധിപസമിതി

**ആലപ്പാട്ട് മുരളീധരൻ**
(മാനേജിംഗ് എഡിറ്റർ)

**എം. ശ്രീവല്ലഭൻ നായർ**
(എഡിറ്റർ)

**പി. രാമചന്ദ്രൻ (വേണു)**

**കെ.ടി. മോഹനൻ**




## എഡിറ്റോറിയൽ

# അഭിനന്ദനീയം അനിവാര്യം ഈ നിയമപരിഷ്കരണം

**19-ാം** നൂറ്റാണ്ടിൽ, കൃത്യമായി പറഞ്ഞാൽ 1860-ൽ ബ്രിട്ടീഷുകാർ ഭാരതീയരെ അടിമകളായി നിലനിർത്തുന്നതിനും അവരുടെ മേൽക്കോയ്മ ഉറപ്പുവരുത്തുന്നതിനും വേണ്ടി അന്ന് രൂപം കൊടുത്ത് നടപ്പിലാക്കിയ കൊളോണിയൽ നിയമങ്ങളാണ് സ്വാതന്ത്ര്യാനന്തര ഭാരതത്തിലും ഈ കഴിഞ്ഞ 75 വർഷമായി നിലനിർത്തിയിരുന്നത് എന്നോർക്കുമ്പോൾ സ്വയം അഭിമാനക്ഷതവും ആത്മവഞ്ചനാബോധവും അല്ലേ സ്വാഭിമാനിയായ ഏതൊരു ഭാരതീയന്റെയും ഉള്ളിൽ ഉടലെടുക്കുക. നമ്മളിലെ വിട്ടുമാറാത്ത് അടിമത്തമനോഭാവമല്ലേ ഇത്രയും കാലം ഈ നിയമങ്ങൾ നിലനിർത്താൻ കാരണം. സ്വാതന്ത്ര്യം ലഭിച്ച് നാം നമുക്കുവേണ്ടി പുതിയ ഭരണഘടനയ്ക്ക് രൂപം കൊടുത്തപ്പോൾ അതോടൊപ്പം തന്നെ സായിപ്പിന്റെ ഈ നിയമങ്ങളും വലിച്ചെറിഞ്ഞ് സ്വന്തം നിയമങ്ങൾ ഉണ്ടാക്കേണ്ടതായിരുന്നില്ലേ? അന്ന് ഭരണഘടന രൂപകല്പന ചെയ്ത് നടപ്പാക്കിയ ശേഷം ഇന്ത്യൻ ശിക്ഷാ നിയമവും അതിന്റെ അനുബന്ധനിയമങ്ങളും മാറ്റാം എന്ന് ഭരണഘടനാശില്പികൾ ചിന്തിച്ചിട്ടുണ്ടാവാം. എന്നാൽ ഭരണത്തിലേറിയവർക്ക് ഉള്ളിന്റെ ഉള്ളിൽ ഉറഞ്ഞു കൂടി കിടന്നിരുന്ന അടിമത്തബോധമോ അതോ ഉദാസീനതയോ എന്തുകൊണ്ടാണെന്ന് അറിയില്ല, ഇത്രയും കാലം ഈ കൊളോണിയൻ നിയമങ്ങൾ വെച്ചു പുലർത്തിയിരുന്നത്. ഏതായാലും അടിമത്ത നിയമങ്ങൾക്ക് അറുതി വന്നിരിക്കുന്നു. അല്ല അറുതി വരുത്തിയിരിക്കുന്നു.

ഇന്ത്യൻ പീനൽകോഡ്, ക്രിമിനൽ പ്രൊസീഡിയർ കോഡ്, ഇന്ത്യൻ എവിഡൻസ് ആക്റ്റ് എന്നിവയ്ക്ക് പകരം ഭാരതീയ ന്യായ സംഹിത, ഭാരതീയ നാഗരിക്സം

രക്ഷാ സംഹിത ഭാരതീയ സാക്ഷ്യബിൽ എന്നിവയാണ് പുതിയതായി നടപ്പിലാക്കാൻ ഉദ്ദേശിച്ച് പാർലമെന്റിൽ അവതരിപ്പിച്ചിരിക്കുന്നത്. നിയമങ്ങൾ വെറുതെ ഭാരതീയമാക്കുക മാത്രമല്ല, ശിക്ഷാ നിയമങ്ങൾ ഉൾപ്പെടെ സകല നിയമങ്ങളും പരിഷ്ക്കരിക്കപ്പെടുകയോ, മാറ്റി എഴുതപ്പെടുകയോ ചെയ്തിരിക്കുകയാണ് ഇപ്പോൾ. തികച്ചും ഭാരതീയതയിൽ ഉറച്ചു നിന്നുകൊണ്ട്, നമ്മുടെ സംസ്കാരത്തിനു യോജിച്ച വിധത്തിലും കുറ്റകൃത്യങ്ങൾ കുറയുവാനുതകുന്ന രീതിയിലും ദേശസ്നേഹം ഊട്ടിയുറപ്പിക്കുവാൻ പര്യാപ്തമാകും വിധവുമാണ് പുതിയ നിയമസംഹിതാനിർദ്ദേശങ്ങൾ എന്നാണ് അറിയാൻ കഴിഞ്ഞിട്ടുള്ളത്. ആൾക്കൂട്ടകൊലപാതകം പ്രായപൂർത്തി ആകാത്ത കുട്ടികളെ ബലാത്സംഗം ചെയ്യൽ തുടങ്ങിയ ഹീനമായ കുറ്റങ്ങൾക്ക് വധശിക്ഷയാണ് ഈ ബില്ലിൽ നിർദ്ദേശിച്ചിട്ടുള്ളത്. രാജ്യത്തിനെതിരെയുള്ള പ്രവർത്തനങ്ങളും, നാടിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും ഹാനി സംഭവിക്കും വിധമുള്ള എല്ലാവിധ പ്രവർത്തനങ്ങളും കുറ്റകരമാകും. ഇനി മുതൽ ചെറിയ കുറ്റകൃത്യങ്ങൾക്ക്, പല പരിഷ്കൃത സമൂഹവും ചെയ്യുന്നതു പോലെ, ശിക്ഷക്ക് പകരം കുറ്റവാളിയെക്കൊണ്ട് സാമൂഹ്യ പ്രവർത്തനം ചെയ്യിക്കുവാനാണ് പുതിയ ബില്ലിലെ നിർദ്ദേശം. ഏതൊരു രാജ്യത്തിനും പുറത്തുനിന്നുള്ള ശത്രുക്കളെ നേരിടുന്നതിലും ബുദ്ധിമുട്ടാണ് രാജ്യത്തിനുള്ളിലുള്ള രാജ്യവിരുദ്ധരെ നേരിടാൻ. അങ്ങനെയുള്ളവർക്ക് കഠിന ശിക്ഷ ഉറപ്പാക്കിയാൽ അത്തരത്തിലുള്ള കുറ്റകൃത്യങ്ങൾ കുറയും എന്നുള്ളതിൽ സംശയമില്ല. പുതിയ ബില്ലിൽ ഇക്കാര്യത്തിൽ പ്രത്യേക പരിഗണന നല്കി ദേശവിരുദ്ധതയ്ക്ക് തക്കതായ ശിക്ഷ ഉറപ്പുവരുത്തിയിട്ടുണ്ടെന്നാണ് അറിയുന്നത്. അങ്ങനെ വന്നാൽ വിഘടനവാദപ്രവർത്തനങ്ങൾക്കും അറുതി വരുത്തുവാൻ സാധിക്കും. അതോടുകൂടി രാജ്യദ്രോഹികളും ഭീകരവാദികളും വിഘടനപ്രസ്ഥാനങ്ങളും ഒക്കെ നാട്ടിൽ പലയിടത്തും ഇടക്കിടെ നടത്തുന്ന ഭീകരപ്രവർത്തനങ്ങൾക്കും അതുവഴി ഉണ്ടാക്കുന്ന അസ്വസ്ഥതകൾക്കും അരക്ഷിതാവസ്തകൾക്കുമെല്ലാം അറുതിവരുത്തുവാനും കഴിയും എന്ന് പ്രതീക്ഷിക്കാം.

ഐ.പി.സിയിലെ ചില വകുപ്പുകൾ എടുത്തു മാറ്റി പകരം വേറെ വകുപ്പുകൾ ഉൾപ്പെടുത്തിയിട്ടുണ്ട് ഈ ബില്ലിൽ. സ്ത്രീസുരക്ഷ ഉറപ്പു വരുത്തുന്ന കാര്യത്തിൽ ഏറെ പ്രാധാന്യം നല്കിക്കൊണ്ടാണ് പുതിയ നിയമങ്ങൾക്ക് രൂപം കൊടുത്തിട്ടുള്ളത്. സ്ത്രീധന പീഡനവും അതുവഴിയുണ്ടാകുന്ന മരണങ്ങൾക്കുമൊക്കെ മുമ്പത്തേതിലും കടുത്ത ശിക്ഷയാണ് ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

വാട്സ് ആപ്പ് സന്ദേശങ്ങളും ഇലക്ട്രോണിക് രേഖകളും ഇനി തെളിവായി കണക്കാക്കും. ഭാരതീയനിയമങ്ങളിൽ വരുത്തിയിരിക്കുന്ന മാറ്റങ്ങളാണിവ. സമൻസ് വാറന്റ് മുതലായവയെല്ലാം ഡിജിറ്റൽ ആവാം. അങ്ങനെ മാറിയ കാലത്തിനനുസരിച്ച് ഡിജിററൽ സംവിധാനങ്ങളുടെ പ്രയോജനം കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുന്നതിനും തെളിവെടുക്കുന്നതിമെല്ലാം വേണ്ടവിധത്തിൽ ഉപയോഗിക്കാമെന്നുള്ളത് എടുത്തു പറയേണ്ട നേട്ടമാണ്.

നിയമങ്ങൾ ഭാരതവത്ക്കരിച്ചതുമാത്രമല്ല രാഷ്ട്രനിയമനിർമ്മാണ സഭയായ പാർലമെന്റ് മന്ദിരവും നമുക്കുവേണ്ടി നമ്മുടേതായ രീതിയിൽ പുതുതായി പണികഴിപ്പിച്ചിരിക്കുന്നു. സെപ്റ്റംബർ 17-ാം തീയതി ഉപരാഷ്ട്രപതി ശ്രീ ജഗദീപ് ധൻകർ പുതിയ പാർലമെന്റ് മന്ദിരത്തിന്റെ പ്രവേശനകവാടങ്ങളിലൊന്നായ ഗജദ്വാറിന് മുകളിൽ നമ്മുടെ ദേശീയ പതാക ഉയർത്തിക്കൊണ്ട് പറഞ്ഞു. 'ഇതൊരു ചരിത്രനിമിഷമാണ്. ഭാരതം യുഗപരിണാമത്തിന് സാക്ഷിയാവുകയാണ്. ഭാരതത്തിന്റെ ശക്തിയും സംഭാവനയും ലോകം പൂർണ്ണമായും അംഗീകരിക്കുന്നു.' മാത്രമോ ഓരോ ഭാരതീയന്റെയും അഭിമാനമായി ഭാരത്മണ്ഡപവും യശോദഭൂമിയും രാഷ്ട്രത്തിന് സമർപ്പിക്കപ്പെട്ടിരിക്കുന്നു. അങ്ങനെ അടിമത്വത്തിന്റെ അടയാളങ്ങളെല്ലാം അടർത്തിമാറ്റി, സനാതനധർമ്മത്തിലൂന്നിനിന്ന് ദ്രുതഗതിയിൽ സർവ്വമേഖലകളിലും കൈവരിക്കുന്ന ഈ മുന്നേറ്റം ലോകത്തെ ഏറ്റവും വലിയ ജനാധിപത്യരാജ്യമായ നമ്മുടെ ഭാരതത്തെ, ഏറ്റവും വലിയ വികസിതരാഷട്രവുമാകുവാനും പര്യാപ്തമാകട്ടെ.

ഭാവുകങ്ങൾ

*വന്ദേ ഭാരത്*

*****



# ജനറൽ സെക്രട്ടറിയുടെ പംക്തി

പി. രാമചന്ദ്രൻ (വേണു)

*പ്രിയ കരയോഗാംഗങ്ങളെ,*

എറണാകുളം കരയോഗത്തിന്റെ ദൈനം ദിന പ്രവർത്തനങ്ങൾ മുന്നോട്ട് പോകുകയാണ്. 2023 ഒക്ടോബർ 15 മുതൽ 24 വരെ ഈ വർഷത്തെ നവരാത്രി ആഘോഷം ടി.ഡി.എം. ഹാളിൽ സമുചിതമായി ആഘോഷിക്കുന്നു. ഇതൊടനുബന്ധിച്ച് കുട്ടികൾക്കായുള്ള വിവിധ കലാ, സാഹിത്യപുരാണേതിഹാസ മത്സരങ്ങൾ പൂർത്തിയായിട്ടുണ്ട്. നവരാത്രി ആഘോഷത്തിലെ കലാപരിപാടികളിൽ അംഗങ്ങളുടെ സാന്നിധ്യം ക്ഷണിച്ചുകൊള്ളുന്നു.

എറണാകുളം കരയോഗത്തിലെ ബഹുമാന്യരായ അംഗങ്ങൾക്ക് സ്ഥാപനത്തിന്റെ വളർച്ച മുന്നോട്ട് കൊണ്ടുപോകാൻ ധാരാളം പങ്ക് വഹിക്കുവാൻ കഴിയുന്നതാണ്. 98 വർഷം പൂർത്തിയാകുന്ന ഈ പ്രസ്താനത്തിന്റെ ശതാബ്ധി 2025 ൽ ആഘോഷിക്കണം. നമ്മുടെ നാളിതുവരെയുള്ള പ്രവർത്തനങ്ങളെ സംബന്ധിച്ച് വിലയിരിത്തിക്കൊണ്ട് ഭാവിയിൽ ഏറ്റെടുക്കേണ്ട പുതിയ പദ്ധതികളും പ്രവർത്തനമേഖലകളും കണ്ടെത്തുവാൻ നിങ്ങൾ ഓരോരുത്തരും ആത്മാർത്ഥമായി ശ്രമിക്കണം. അതിനുള്ള നിർദ്ദേശങ്ങളും പദ്ധതികളും കരട് പ്രൊജക്റ്റ് റിപ്പോർട്ട് സഹിതം നൽകുവാൻ കഴിയുമെങ്കിൽ ആയതുകൂടി നിങ്ങൾ ഓരോരുത്തരും തന്ന് സഹായിക്കുമെന്ന് പ്രതീക്ഷിക്കുകയാണ്.

കാലത്തിനനുസൃതമമായി, സാങ്കേതിക വിദ്യയുടെ മികവിനോടൊപ്പം പുതിയ തലമുറയുടെ താൽപര്യങ്ങൾ കണക്കിലെടുത്ത് സമൂഹനന്മയ്ക്ക് ഉപകാരപ്പെടുന്ന സേവന പദ്ധതികൾ ആണ് നാം ചിന്തിക്കേണ്ടതും നടപ്പിലാക്കാൻ ശ്രമിക്കേണ്ടതും എന്ന് പ്രത്യേക ഓർമ്മപ്പെടുത്തിക്കൊള്ളുന്നു.

കൂട്ടുകുടുംബ വ്യവസ്ഥയിൽ നിന്നും അണുകുടുംബമായി മാറിക്കൊണ്ടിരിക്കുന്ന ഈ സമൂഹം വ്യക്തിഗതമായും - സാമൂഹികമായും ഏറെ ബുദ്ധിമുട്ടുകൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണ് ഇത്. ഭാവിയിൽ ഇത് കൂടുതൽ കഠിനമാകുവാനാണ് സാദ്ധ്യത. ഇന്ന് നാം നേരിടുന്ന ആഗോള പ്രശ്നങ്ങളും നമ്മുടെ യുവതലമുറയെ എങ്ങനെ ബാധിക്കുമെന്നു പ്രവചിക്കുവാൻ സാധിക്കാത്ത സാഹചര്യമാണ് ഇപ്പോഴുള്ളത്. അതോടൊപ്പം സങ്കുചിത കക്ഷി രാഷ്ട്രീയ താൽപര്യങ്ങളും കേരളമെന്ന "ദൈവത്തിൻെറ സ്വന്തം നാടിനെ" ഇന്ന് മത വിദ്വേഷത്തിന്റേയും അക്രമവാസനകളുടേയും അഴിമതികളുടേയും സാമ്പത്തീക ക്രമക്കേടുകളുടെയും കൂത്തരങ്ങായി മാറ്റിക്കഴിഞ്ഞിരിക്കുന്നു. ധനകാര്യസ്ഥാപനങ്ങളിലെ കെടുകാര്യസ്ഥതകൊണ്ട് ജനം പൊറുതിമുട്ടിയിരിക്കുന്നു. പാവപ്പെട്ട ജനങ്ങളുടെ അധ്വാനത്തിന്റേയും വിയർപ്പിന്റേയും ഗന്ധമുള്ള പണം സ്വരുകൂട്ടി നിക്ഷേപിച്ചിട്ടുള്ളത് മോഷ്ടിച്ച് യാതൊരു ഉളുപ്പുമില്ലാതെ കോടീശ്വരൻമാരായി ഞെളിഞ്ഞ് നടക്കുന്ന രാഷ്ട്രീയ ഉപജീവന ജന്തുക്കളും ജീവിക്കുന്ന നാടായി മാറിയിരിക്കുന്നു ഇന്ന് കേരളം. എന്താണ് ഈ നാടിന്റെ ഭാവിയെന്ന് പ്രവചിക്കുവാൻ പോലും കഴിയാത്തത്ര കടുത്ത സാമ്പത്തിക അരക്ഷിതത്വത്തിൽ കൊണ്ടെത്തിച്ചിരിക്കുകയാണിന്ന് കേരളത്തെ. ഈ നാടിന്റെ ഭാവിയിൽ വ്യാകുലചിത്തരാണ് ജനം.

മേൽ വിഷയങ്ങൾ സൂചിപ്പിക്കാൻ കാരണം 100 വർഷം പൂർത്തിയാക്കാൻ പോ

കുന്ന എറണാകുളം കരയോഗം കഴിഞ്ഞ 25 വർഷത്തിനിടയ്ക്ക് കൈവരിച്ച നേട്ടങ്ങളും പുരോഗതികൾക്കുമൊപ്പമോ അതിനപ്പുറമായോ ഉള്ള വൻപരിപാടികളും പദ്ധതികളും ആസൂത്രണം ചെയ്യുകയും അവ നടപ്പിലാക്കുകയും വേണം വരും കാലങ്ങളിൽ . സാമ്പത്തീക അച്ചടക്കം പാലിച്ചുകൊണ്ട് അംഗങ്ങളുടെ സഹകരണത്തോടു കൂടിയുള്ള പദ്ധതികളാണ് നടപ്പിലാക്കേണ്ടത് അതിനോടൊപ്പം എല്ലാ പദ്ധതികളിലും അംഗങ്ങളുടെ നിരീക്ഷണവും മേൽനോട്ടവും അതിലുപരി ആത്മാർത്ഥമായ വിമർശന ബുദ്ധിയോടെയുള്ള ഉപദേശങ്ങളും ഉണ്ടാവണമെന്ന് ഓർമ്മിപ്പിക്കുകയാണ്.

എറണാകുളം കരയോഗം സാഹിതി യോഗത്തിന്റെ ഒക്ടോബർ മാസ പരിപാടിയായി 15-ാം തീയതി ഞായറാഴ്ച രാവിലെ 10 മണിക്ക് ടി.ഡി.എം സരയൂ ഹാളിൽ 'സഞ്ജയന്റെ സാഹിത്യലോകം' എന്ന വിഷയത്തെ അധികരിച്ച് ശ്രീ. കെ. രാധാകൃഷ്ണൻ സംസാരിക്കുന്നു

എറണാകുളം കരയോഗം ഹെറിറ്റേജ് ഗ്രൂപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന പ്രതിമാസ പൈതൃക യോഗത്തിന്റെ ഭാഗമായി 'കൊച്ചിയുടെ ചരിത്രം - തുടർച്ചയും വ്യതിചലനങ്ങളും' എന്ന വിഷയത്തെ സംബന്ധിച്ച് ഒക്ടോബർ 27-ാം തീയതി, വൈകുന്നേരം 5 മണിക്ക് ടി.ഡി.എം സരയൂ ഹാളിൽ പ്രൊഫ. വിനോദ് കല്ലോലിക്കൽ സംസാരിക്കുന്നു.

കൂടുതൽ സജീവമായ പ്രവർത്തനങ്ങളും ഇടപെടലുകളും നിങ്ങളിൽ നിന്ന് ഉണ്ടാകണമെന്നും കരയോഗത്തിന്റെ പരിപാടികളിൽ നിങ്ങളുടെ സഹകരണവും സാന്നിദ്ധ്യവും ഉറപ്പാക്കണമെന്നും അഭ്യർത്ഥിക്കുന്നു.

ജനറൽ സെക്രട്ടറി

****

# എറണാകുളം കരയോഗം

## ടി.ഡി.എം ഹാളിൽ നടത്തുന്ന പ്രതിമാസ കലാ-സാഹിത്യ-സാംസ്കാരിക പരിപാടികൾ

### ഒക്ടോബർ – നവംബർ

| | | | | |
|---|---|---|---|---|
| 1. | 12-10-2023<br>19-10-2023<br>26-10-2023<br>02-11-2023 | വ്യാഴം | എറണാകുളം കരയോഗം<br>എൽഡർ സിറ്റിസൺസ് ഫോറം | 4.00 p.m. - 6.00 p.m. |
| 2. | 15-10-2023 | ഞായർ | സാഹിതിയോഗം - സഞ്ജയന്റെ സാഹിത്യ ലോകം | 10.00 a.m |
| 3. | 15-10-2023<br>to<br>24-10-2023 | ഞായർ<br>മുതൽ<br>ചൊവ്വ<br>വരെ | നവരാത്രി ആഘോഷങ്ങൾ<br>എല്ലാ ദിവസവും വിവിധ കലാപരിപാടികൾ | 6.00 p.m. |
| 4. | 14-10-2023<br>21-10-2023<br>28-10-2023<br>04-11-2023 | ശനി | വേദാന്ത പഠന ക്ലാസ്സ്<br>- ആചാര്യൻ കെ.ആർ. നമ്പ്യാർ | 10.a.m. - 11.30 a.m. |
| 5. | 27-10-2023 | വെള്ളി | ഹെറിറേജ് - കൊച്ചിയുടെ ചരിത്രം-<br>പ്രൊഫ. വിനോദ് കല്ലോലിക്കൽ സംസാരിക്കുന്നു | 5.00 p.m. |
| 6. | 11-10-2023<br>18-10-2023<br>25-10-2023<br>01-11-2023 | ബുധൻ | ദേവിഭാഗവത ക്ലാസ്സ് - വത്സല.പി.പി | 3.00 p.m - 4.30 p.m. |



# ബാലലോകം

പറവൂർ രാജഗോപാൽ (ഫോൺ: 9847291483)

## പറയാതെപറഞ്ഞത്

പ്രിയപ്പെട്ട കൂട്ടുകാരേ,

ഗുണമുള്ള വസ്തുക്കളോടു ചേർന്നു നിന്ന് നിർഗുണ വസ്തുക്കളും ഗുണമുള്ളതാകുന്നു. മലയപർവ്വതത്തിൽ ചന്ദനമരങ്ങളോട് ചേർന്നു വളരുന്ന വൃക്ഷങ്ങൾക്കും പേരും ഗുണവും ഉണ്ടാകുന്നു. കുടജപ്പാല, വേപ്പ്, കങ്കോലം- ഇവയ്ക്കൊക്കെ സ്വതസിദ്ധമായ മാഹാത്മ്യവും ഗുണങ്ങളുമുണ്ടെങ്കിലും, ചന്ദനം വളരുന്ന ഇടങ്ങളിൽ നിൽക്കുമ്പോൾ ഇവയ്ക്കും ചന്ദനഗുണമുണ്ടാകും.

ഇതുപോലെ ഗുണമുള്ള മുല്ലപ്പൂവിനോടു ചേർന്നാൽ ആരും ഗുണവാന്മാരാകും. മണവും ഗുണവുമുള്ള മുല്ലപ്പൂവിനോടു ചേരുന്നതുകൊണ്ടാണ് വാഴനാരിനെയും നാരീജനം തലയിൽ വെയ്ക്കുന്നത്. അല്ലെങ്കിൽ വാഴനാരിനെ ആരെങ്കിലും തലയിൽ ചൂടുമോ?

ലോകത്തിനു വേണ്ടത് ഗുണമാണ്. പേരല്ല, മക്കളെ! ഗുണം കണ്ടറിഞ്ഞ് നിങ്ങളും അതുള്ളവരോട് അടുക്കണം. അങ്ങനെയൊരടുപ്പം നിങ്ങളേയും ഗുണവാന്മാരാക്കും. കായുണ്ടായാൽ പിന്നെ പൂവ് നിലനിൽക്കില്ല. ഈശ്വരലാഭമുണ്ടായാൽ പിന്നെ കർമ്മം ചെയ്യേണ്ടി വരുന്നില്ല. അതിൽ താല്പര്യം കാണില്ല.

മക്കൾ മിടുമിടുക്കരായി വളർന്നു വന്നാൽ വീട്ടിലുള്ളവർക്ക് ഉണ്ണാനും ഉടുക്കാനും കൊടുക്കുവാനും കഷ്ടപ്പാടില്ലാതെ അവരെ നോക്കുവാനും കഴിയും.

മക്കൾക്കു സ്വന്തം കാലിൽ നിൽക്കാനായാൽ പിന്നെ അവരുടെ ഭാരം അച്ഛനമ്മമാർ ചുമക്കേണ്ടതില്ല. കോഴികുഞ്ഞ് തന്നത്താൻ കൊത്തി പെറുക്കി തിന്നാൻ തുടങ്ങിയാൽ പിന്നെ തള്ളക്കോഴിയുടെ അടുത്തുനിന്ന് തീറ്റ കിട്ടില്ല. കോഴി കൊത്തിയോടിക്കും.

പേരക്കുട്ടികൾക്കായി വാർദ്ധക്യം മാറ്റിവെച്ച് നാമം ജപിക്കാൻ പോലും സമയമില്ലെന്നു പറയുന്ന അപ്പൂപ്പനമ്മൂമ്മമാർ ശ്രദ്ധിക്കുക !

സംസ്ക്കാരമാണ് ഒരു മനുഷ്യനെ ഉത്തമനാക്കുന്നത്. വിദ്യകൊണ്ടു വേണം നാം സംസ്കാര സമ്പന്നരാകാൻ.

നിറകുടം തുളുമ്പില്ല എന്നതുപോലെ തന്നെ നിറയാത്ത കുടം തുളുമ്പികൊണ്ടേയിരിക്കും. അൽപന്മാർ കേമത്തം കാട്ടി വീമ്പ് ഇളക്കി നടക്കും. വിദ്യകൊണ്ട് സമൃദ്ധി നേടിയവർ അഹങ്കരിക്കില്ല. അവർക്ക് എല്ലാത്തിനോടും സ്നേഹഭാവമായിരിക്കും.

നിറകുടമായിത്തീരാൻ പരിശ്രമിക്കുക, മക്കൾ !

ഇനി ഒരു കഥയാണ് - പറയാതെ പറഞ്ഞത്.

ഒരു ദിവസം മണിക്കുട്ടൻ അമ്മയോടു ചോദിച്ചു.

ആകാശത്തിനു തൂണുകളൊന്നുമില്ലല്ലോ അമ്മേ. പിന്നെ എങ്ങനെ ആകാശം മേലേ അങ്ങനെ നിൽക്കുന്നു?

അമ്മ അപ്പോൾ അവനോടു ഉത്തരമൊന്നും പറഞ്ഞില്ല. അവനേയും കൂട്ടി അവർ ഒന്നു പുറത്തിറങ്ങി നടന്നു. അപ്പോൾ അവർ ഒരു ഭിക്ഷക്കാരനെ കണ്ടു. കണ്ടാൽ പാവം തോന്നുന്ന, വളരെ പ്രായം ചെന്നൊരാൾ. കൈയ്യിൽ ഒരു കവടിപ്പാത്രവുമായി അയാൾ വീടുകൾ കയറി പിച്ച തെണ്ടുകയാണ്.

അവർ നോക്കി നിൽക്കെ അയാൾ വലിയൊരു വീട്ടുമുറ്റത്തെത്തി. ഭിക്ഷ യാചിച്ചു.

പോ.......എന്ന് അവർ അയാളെ ആട്ടി ഇറക്കി. അയാൾ നടന്ന് മറ്റൊരു മണിമാളികയുടെ മുറ്റത്തു ചെന്നു.

വിശന്നിട്ടു വയ്യമ്മാ.......... വല്ലതും താമ്മാ..........

ഒന്നൂല്ല, ഒന്നൂല്ല....... അവരും അയാളെ വെറും കൈയ്യോടെ പടിയിറക്കി.

പല വീടുകളിലും കയറിയിറങ്ങി ഒന്നും കിട്ടാതെ അയാൾ മടങ്ങുന്നത് മണിക്കുട്ടനും അമ്മയും കണ്ടു.

പിന്നെ അയാൾ ചെറിയൊരു വീടിന്റെ മുറ്റത്തെത്തി.

ഓടുമേഞ്ഞ പഴയൊരു വീട്. പാത്രം നീട്ടി കാണിച്ച് അവിടെയും അയാൾ വിളിച്ചു ചോദിച്ചു.

വല്ലതും തരാമോ ?

വീടിന്റെ വരാന്തയിൽ ഇരുന്ന സ്ത്രീ അതു കേട്ട് അകത്തു ചെന്ന് അയാൾക്ക് കുടിക്കാനും കഴിക്കാനുമൊക്കെ കൊണ്ടു വന്നു കൊടുത്തു.

മണിക്കുട്ടനും അമ്മയ്ക്കും വലിയ മന:സമാധാനമായി. അപ്പോൾ അമ്മ പറഞ്ഞു.

മോൻ കണ്ടില്ലേ? ഇത്തരം ചിലരുള്ളതുകൊണ്ടാണ് ആകാശം കീഴേ പതിക്കാതെ അങ്ങനെ നിൽക്കുന്നത്.

മണിക്കുട്ടനു മനസ്സിലായി, അമ്മ പറയാതെ പറഞ്ഞ വലിയ കാര്യം !

*****



# വാസ്തുശാസ്ത്രം

ശ്രീ. പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദ്ഗദ്ധൻ
(ഫോൺ: 9447032434)

ഇന്നലെ പോയ വീട്ടിൽ അവിടുത്തെ പ്രധാന പ്രശ്നം കുട്ടികളുടെ കല്യാണം നടക്കുന്നില്ല. ഇതിൽ ആൺകുട്ടികളും പെൺകുട്ടികളുമുണ്ട്. വാസ്തു ആചാര്യൻ എഴുതിക്കൊടുത്ത കത്തുവായിച്ചപ്പോൾ താഴെപ്പറയുന്ന കാര്യങ്ങൾ കണ്ടു

1. മരിച്ചവരുടെ ഫോട്ടോകൾ ചെന്നു കേറുന്ന മുറിയിൽ നിന്നും മാറ്റണം. ഈ വീട്ടിൽ നാലു തലമുറവരെയുള്ളവരുടെ ഫോട്ടോകൾ വച്ചിട്ടുണ്ട്.

2. പറമ്പിൽ നിൽക്കുന്ന നാരകം, കറിവേപ്പ്, കടപ്ലാവ് (ശീമപ്ലാവ്) പപ്പായ, മുരിങ്ങ, മുൾചെടികൾ എല്ലാം തന്നെ മുറിച്ചു മാറ്റണം.

3. മാസ്റ്റർ ബെഡ് റൂമിൽ നിന്നും കണ്ണാടി മാറ്റണം.

4. ബാത്ത് റൂമിന് അകത്ത് ക്ലോസറ്റ് തെക്കോട്ടും വടക്കോട്ടും തിരിഞ്ഞിരിക്കുന്ന തരത്തിൽ മാറ്റണം.

5. പൂജാമുറി ഇപ്പോൾ വീടിന്റെ മദ്ധ്യത്തിലാണ്. അത് വടക്ക് കിഴക്കെ മൂലയിലേക്ക് മാറ്റണം.

അകത്ത് മുറികളുടെ വാതിൽ നേർക്കുനേർവരുന്നത് ഒരു മുറിയുടെ വാതിൽ മാറ്റണം.

6. അടുക്കളയുടെ വലുപ്പം ബഡ്റ്റ് റൂമിനേക്കാൾ വലുതാണ്. അതുകൊണ്ട് അടുക്കള ചെറുതാക്കണം.

7. മുകളിലേക്കു കയറിപ്പോകുന്ന സ്റ്റേർകെയ്സ് ക്ലോക്ക്വൈസ് ആക്കണം.

8. പ്രധാന വാതിലിനു നേരെ നെല്ലിമരം നിൽക്കുന്നത് മുറിച്ചുമാറ്റണം.

മരിച്ചവരുടെ ഫോട്ടോകൾ ചെന്നുകേറുന്ന മുറിയിൽ ഇരിക്കുന്നതുകൊണ്ട് യാതൊരു കുഴപ്പവുമില്ല. പലർക്കും അച്ഛൻ. അമ്മ കഴിഞ്ഞാൽ മുത്തച്ഛൻ, മുത്തശ്ശി വരെ അറിയാം. മുത്തച്ഛന്റെ അച്ഛൻ ആരാണെന്ന് പലർക്കും അറിയില്ല. ഈ ഫോട്ടോകൾ ഇരിക്കുന്നതുകൊണ്ടും കുട്ടിക്കാലം മുതൽ കാണുന്നതുകൊണ്ടു നല്ലതാണ്.

വീടു നിൽക്കുന്ന പറമ്പിൽ ഏതു മരങ്ങൾ നിൽക്കുന്നതുകൊണ്ടും യാതൊരു കുഴപ്പവുമില്ല. പെട്ടെന്ന് കമ്പുകൾ ഒടിയുന്ന മരങ്ങൾ വടക്കും, കിഴക്കുമായിരിക്കണം. തെക്കുപടിഞ്ഞാറും മാവ്, പ്ലാവ്, നെല്ലി എന്നിവയാകാം. കടപ്ലാവ് (ശീമപ്ലാവ്) ഇല വലുതായതുകൊണ്ട് ധാരാളം വെള്ളം ആവശ്യമാണ്. വെള്ളത്തിന് ക്ഷാമമുള്ള സ്ഥലത്ത് വയ്ക്കാതിരിക്കുകയാണ് നല്ലത്. ചില നാരകം മുള്ളുള്ളതുകൊണ്ട് വീടിന്റെ അടുത്തു വയ്ക്കാറില്ല. കാഞ്ഞിരംകുരു, ഇല വേർ, എല്ലാം വിഷമായതുകൊണ്ട് വളർത്തു മൃഗങ്ങൾ കുരുവും, ഇലയും തിന്നാൽ ജീവഹാനിവരെ സംഭവിക്കും. അതുകൊണ്ട് താമസിക്കുന്ന വീട്ടിൽ ഇവയൊന്നും വയ്ക്കാറില്ല.

പൂജാമുറി വീടിന്റെ ഏതു ഭാഗത്തായാലും ദൈവത്തിന്റെ ഫോട്ടോ കിഴക്കോട്ടോ, പടിഞ്ഞാറോട്ടോ മാത്രം തിരിച്ചു വയ്ക്കണം.

ബാത്ത്റൂമിൽ ക്ലോസറ്റുകൾ ഏതു ദിക്കിലേക്കായാലും കുഴപ്പമില്ല. മുറിയുടെ വാതിലുകൾ നേർക്കുനേരെ വരുന്നതു നോക്കണ്ട. മുറിക്കുള്ളിൽ ഫർണ്ണീച്ചർ ഇടാനും കാറ്റ്

*(ശേഷം പേജ് 11)*

വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10-ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ 9447032434 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻകൂർ പേര് രജിസ്റ്റർ ചെയ്തിരിക്കണം.

ക്ഷേത്രങ്ങളിലൂടെ

# ചേലാമറ്റം ശ്രീകൃഷ്ണസ്വാമിക്ഷേത്രം



ഇന്ദിരാഭായി ഫോൺ : 8078552892

പ്രകൃതിയുടെ വരദാനം എന്നു വിശേഷിപ്പിക്കുന്ന ഒരു പവിത്രഗ്രാമമാണ് ചേലാമറ്റം. എറണാകുളം ജില്ലയിൽ പെരുമ്പാവൂരിനും കാലടിക്കും ഇടയിൽ സ്ഥിതിചെയ്യുന്ന ഒരു സുന്ദരഗ്രാമം. പ്രകൃതിയോടടുക്കുമ്പോൾ മാത്രമേ പ്രകൃതിയുടെ ഭംഗിയും മഹത്വവും നമുക്കു മനസ്സിലാവുകയുള്ളൂ. ഇന്ന് മനുഷ്യൻ പ്രകൃതിയിൽ നിന്നും അകന്നു പൊയ്ക്കൊണ്ടിരിക്കുന്നു. ജീവജാലങ്ങളുടെ എല്ലാ ആവശ്യങ്ങളും പൂർത്തീകരിക്കുവാൻ പ്രകൃതിയെ ആശ്രയിക്കാതെ, അനുസരിക്കാതെ സാധിക്കില്ല. മലയും പുഴയും കടലും കായലും കാറ്റും മഴയും എല്ലാം പ്രകൃതിയുടെ വരദാനങ്ങളാണ്. പർവ്വതങ്ങളും പാറകളും പുഴയും പൂവും പൂമരവും എല്ലാം ഭൂമിയുടെ ആഭരണങ്ങളാണ് എന്ന് കവികളും പാടിപുകഴ്ത്തുന്നു. കവിഭാവനകൾ പോലെ മനോഹരമായ ഒരു ഗ്രാമമാണ് ചേലാമറ്റം. എന്തൊരു ചേലാ ചേലാമറ്റം ഗ്രാമത്തിന് എന്ന് ആരെങ്കിലും ചിന്തിച്ചാൽ അതിലൊരു അതിശയോക്തിയുമില്ല. കാരണം ഇവിടെ പാറയുണ്ട് പാടമുണ്ട് പച്ചപ്പുണ്ട് പൂക്കളുണ്ട് പൂമരങ്ങളുണ്ട് കേരനിരകളുണ്ട് ഫലവൃക്ഷങ്ങളുണ്ട് കരയോടു സല്ലപിച്ചു കൊണ്ടു കുണുങ്ങിയൊഴുകുന്ന സുന്ദരിപ്പുഴയുണ്ട്, പുഴയോടു കിന്നാരം ചൊല്ലുന്ന പുഴയോരങ്ങളുണ്ട് ഇവയെല്ലാം പ്രകൃതിക്കു സമ്മാനിച്ച ഭഗവാനുമുണ്ട്. ഭഗവാന്റെ വൃന്ദാവനസമാനമായ ഈ പുണ്യഗ്രാമത്തെ ചേലചുറ്റിച്ചു മനോഹരിയാക്കിക്കൊണ്ടോഴുകുന്ന പൂർണ്ണാ നദിയിലെ പുണ്യതീർത്ഥത്താൽ പുണ്യമാക്കപ്പെട്ട ഒരു ഗ്രാമം. നെൽപ്പാടങ്ങളും തെങ്ങിൻ തോപ്പുകളും കൃഷിസ്ഥലങ്ങളും കൊണ്ടു ഹരിതാഭമാർന്ന ഗ്രാമം ഇതിനെല്ലാം ഉപരിയായി പുഴ കിഴക്കോട്ടൊഴുകുന്ന ഗ്രാമം. ഈ പറഞ്ഞ പ്രത്യേകതകളെല്ലാം ഉള്ള ഈ ഗ്രാമത്തിൽ പരേതാത്മാക്കൾക്ക് നിത്യശാന്തിയരുളുന്ന ഒരു പുണ്യക്ഷേത്രം സ്ഥിതി ചെയ്യുന്നു. ആ ക്ഷേത്രമാണ് തെക്കൻ കാശിയെന്നു കൂടി അറിയപ്പെടുന്ന ചേലാമറ്റം ശ്രീകൃഷ്ണസ്വാമി ക്ഷേത്രം. മനുഷ്യൻ ജനനത്തിനും മരണത്തിനുമിടയിലുള്ള പരക്കം പാച്ചിലിനിടയിൽ അഭയവും ആശ്വാസവും തേടിയെത്തുന്ന ഒരു പുണ്യക്ഷേത്രസങ്കേതമാണ് ചേലാമറ്റം ശ്രീകൃഷ്ണസ്വാമിക്ഷേത്രം. ശ്രീമഹാവിഷ്ണുഭഗവാന്റെ വ്യത്യസ്ഥമായ രണ്ടു ഭാവചൈതന്യങ്ങൾ കുടികൊള്ളുന്ന ക്ഷേത്രമാണിത്. പുണ്യഗംഗയായി സങ്കല്പിക്കുന്ന പൂർണ്ണാ നദി ഈ ഗ്രാമത്തിലൂടെ ഗതിക്കെതിരെ ഒഴുകുന്നു. ഗതിക്കെതിരെ പുഴയൊഴുകുന്ന പുണ്യഗ്രാമക്ഷേത്രം ഗതികിട്ടാപ്രേതങ്ങൾക്ക് പോലും സ്വർഗ്ഗതുല്യം തന്നെ. ഭക്തജനങ്ങൾ അവരുടെ പൂർവ്വികരായ പരേതാത്മാക്കളെ മോക്ഷദായകനായ ചേലാമറ്റത്തപ്പന്റെ തിരുനടയിൽ പിതൃതർപ്പണാദി പൂജകൾ നടത്തി മോക്ഷപ്രാപ്തിക്കർഹരാക്കുന്നു. കിഴക്ക് മലയോരവും പടിഞ്ഞാറ് പുഴയോരവും അതിരുകാക്കുന്ന ചേലാമറ്റം ഗ്രാമത്തിന്റെ പൊൻമകുടമായി ചേലാമറ്റം ശ്രീകൃഷ്ണസ്വാമി ക്ഷേത്രം സ്ഥിതി ചെയ്യുന്നു. ചേലുള്ള ഭഗവാന്റെ ക്ഷേത്രമുറ്റമായിരിക്കാം ചേലുള്ളമുറ്റമായതും പിന്നീട് ചേലാമറ്റമായതും എന്നു കരുതുന്നു. ഗതിക്കെതിരെ പുഴ ഒഴുകുന്നയിടം എവിടെയിരിക്കാത്തതും ചേലാമറ്റത്തിരിക്കും. അതിവിശിഷ്ടമായ ഒരു പുണ്യക്ഷേത്രസങ്കേതത്തെപ്പറ്റി ഹൈന്ദവവിശ്വാസപ്രകാരമുള്ള അതിമഹത്തായ ഒരു വിശേഷമാണിത്.

പിതൃപ്രീതിദായകനായി ശ്രീകൃഷ്ണഭഗവാനും ഹിരണ്യകശിപുവിന് മോക്ഷം നൽകുകയും പ്രഹ്ലാദനെ അനുഗ്രഹിക്കുകയും ചെയ്ത നരസിംഹമൂർത്തിയും മഹാബലിക്കു മോക്ഷം നൽകിയനുഗ്രഹിച്ച വാമനമൂർത്തിയും വിരാജിക്കുന്ന പരമപവിത്രമായ ഒരു പുണ്യഗ്രാമമാണ് ചേലാമറ്റം. ധാരാളം നിഗൂഢരഹസ്യങ്ങൾ ഒളിഞ്ഞിരിക്കുന്നതും ഭഗവത്സാന്നിദ്ധ്യം കൊണ്ട് പവിത്രവുമായ ഈ പുണ്യക്ഷേത്രസങ്കേതത്തെപ്പറ്റി ചിന്തിക്കുമ്പോൾ തന്നെ മനസ്സിൽ പിതൃക്കളുടെ സ്മരണയുണ്ടാകും. പിതൃസ്മരണയിലൂടെ പിതൃമോക്ഷദായകനായ ഭഗവാന്റെയും അനുഗ്രഹമുണ്ടാകും. വർഷത്തിൽ എല്ലാദിവസവും പിതൃകർമ്മങ്ങൾ നടത്തപ്പെടുന്ന പുണ്യസ്ഥാനമാണ് ചേലാമറ്റം ശ്രീകൃഷ്ണക്ഷേത്രം.

ധർമ്മപരിപാലനത്തിനായി മനുഷ്യജന്മമെടുത്ത ശ്രീകൃഷ്ണഭഗവാൻ ഭക്തവത്സലനാണ്. ശ്രീകൃഷ്ണനാമം ഉരുവിടുന്നവരെ ഭഗവാൻ തന്നിലേക്കടുപ്പിക്കുന്നു. മരണഭയത്താലാണെങ്കിലും സദാ ശ്രീകൃഷ്ണനാമം സ്മരിച്ചിരുന്നതിനാൽ ഭഗവാൻ കംസന് മോക്ഷം നൽകി അനുഗ്രഹിച്ചു. ഭഗവാനെ ശത്രുവായിക്കരുതി നിഗ്രഹിക്കണം എന്ന ചിന്തയോടെ ഭഗവൽ നാമം സ്മരിക്കുകയും ഭഗവാനോടെതിരിടുകയും ചെയ്ത അസുരന്മാർക്കും ഭഗവാൻ മോക്ഷം നൽകി. തന്റെ സഹോദരനെ നിഗ്രഹിച്ച നാരായണന്റെ നാമം മകനായ പ്രഹ്ലാദൻ ഉരുവിടുന്നതും നാരായണമാഹാത്മ്യങ്ങൾ വർണ്ണിക്കുന്നതും ഹിരണ്യകശിപുവിന് ഉൾക്കൊള്ളാനായില്ല. ശത്രുവിന്റെ ആരാധകനാകുന്നതു തടയാൻ എത്ര ശ്രമിച്ചിട്ടും സാധിക്കാതെ വന്നപ്പോൾ ഹിരണ്യകശിപു മകനെ നിഗ്രഹിക്കുവാൻ നിശ്ചയിച്ചു. ശത്രുതയോടെയാണെങ്കിലും മകൻ നിമിത്തമാണെങ്കിലും സദാ നാരായണനാമം സ്മരിച്ചിരുന്ന ഹിരണ്യകശിപു വിഷ്ണുഭഗവാന്റെ തൃക്കരങ്ങളാൽ മരണം ഏറ്റുവാങ്ങി നാരായണ സ്മരണയാൽ മോക്ഷ പ്രാപ്തി നേടി. ആരൊരാൾ ഇഷ്ടത്തോടെയാണെങ്കിലും അല്ലെങ്കിലും ഭഗവൽനാമം സദാ സ്മരിക്കുന്നുവോ അവൻ ഭഗവാനിലേക്കെത്തുന്നു എന്നതിന്റെ ഉത്തമദൃഷ്ടാന്തമാണിത്. 1200 ലേറെ വർഷങ്ങളുടെ പഴക്കമുള്ള വാമനമൂർത്തിക്ഷേത്രമായിരുന്നു ആദ്യകാലത്ത് ചേലാമറ്റത്തുണ്ടായിരുന്നത്. ആദിശങ്കരാചാര്യസ്വാമികൾ ദേശാടനകാലത്ത് ഇവിടെ ദർശനം നടത്തിയിട്ടുണ്ട് എന്നു വിശ്വസിക്കുന്നു. അദ്ദേഹം പുഴയുടെ അക്കരെയെത്തി പുഴകടക്കാൻ ഒരു മാർഗ്ഗവും കാണാതെ നില്ക്കുമ്പോൾ ഒരു ഉപനിച്ചുണ്ണി പുഴയിൽ തോണിയിൽ കളിക്കുന്നതായി കണ്ടു. സ്വാമി ആ ഉണ്ണിയെ വിളിച്ച് തന്നെ ഒന്നു പുഴയുടെ അക്കരെയെത്തിക്കാമോ എന്നു ചോദിച്ചു. ആ ഉണ്ണി അദ്ദേഹത്തെ മറുകരയിൽ (ചേലാമറ്റത്ത്) എത്തിച്ചു. അതിതേജസ്വിയായിരുന്ന ഉപനിച്ചുണ്ണി സാക്ഷാൽ വാമനമൂർത്തിയായിരുന്നു എന്നാണ് വിശ്വാസം. അന്ന് ആചാര്യസ്വാമികൾ ഈ പ്രദേശത്ത് പൊട്ടത്തോണിയും ഉപനിച്ചുണ്ണിയും ഇല്ലാത്ത കാലം ഉണ്ടാകാതിരിക്കട്ടെ എന്ന് അനുഗ്രഹിക്കുകയും ചെയ്തു. സ്വാമിയുടെ അനുഗ്രഹത്തിന്റെ ഫലമായിരിക്കാം ഇന്ന് ധാരാളം ബ്രാഹ്മണകുടുംബങ്ങളും ഉപനിച്ചുണ്ണികളും പൊട്ടതോണികളും ഇവിടെ കാണാം. കുറെ കാലങ്ങൾക്കുശേഷമാണ് ഇവിടെ ശ്രീകൃഷ്ണസ്വാമിക്ഷേത്രം സ്ഥാപിതമായത്. പെരിയാറിൽ ജലം നിറഞ്ഞൊഴുകിയിരുന്ന കാലം ഇന്നത്തെ ക്ഷേത്രസ്ഥാനത്തു തെക്കുകിഴക്കു ഭാഗത്തായി പുഴയിൽ ഒരു അതി മനോഹരമായ പേടകം കിടക്കുന്നതായി അതു വഴി ജോലിക്കുപോയിരുന്ന സ്ത്രീകൾ കാണുവാനിടയായി. അതെന്താണെന്നറിയുവാനുള്ള കൗതുകത്തോടെ സ്ത്രീകൾ നദീതീരത്തേക്കിറങ്ങി. അപ്പോൾ ആ പേടകം അവർക്ക് തൊടാൻ പറ്റാത്ത വിധം അകന്നുപോയി. ഈ

പേടകം കണ്ടപ്പോൾ അവർക്ക് പ്രത്യേകമായ ഒരു ദിവ്യത്വം അനുഭവപ്പെട്ട അവർ കരയിലേക്കു പോരുമ്പോൾ പേടകം വീണ്ടും കരയോടടുക്കുകയും സ്പർശിക്കാൻ ശ്രമിക്കുമ്പോൾ അകന്നുപോവുകയും ചെയ്യും. ഇങ്ങനെ പല പ്രാവശ്യം ആവർത്തിച്ചപ്പോൾ അവർക്ക് പരിഭ്രമവുമായി. പുഴയിൽ നല്ല ഒഴുക്കുണ്ടായിട്ടും ഈ പേടകം താഴേക്ക് ഒഴുകിപോകുന്നുമില്ല. അവർ ഈ വിവരം അടുത്തുള്ള നമ്പൂതിരി ഇല്ലത്തു ചെന്നു അറിയിച്ചു. നമ്പൂതിരിയും കൂട്ടരും വന്നു നോക്കുമ്പോൾ പേടകം തീരത്തിനടുത്തു കിടക്കുന്നതാണ് കണ്ടത്. നമ്പൂതിരി ഈ പേടകം തന്റെ ഇല്ലത്തേക്കുകൊണ്ടുവച്ചു കുറേക്കാലം പൂജാദികൾ നടത്തുകയും ചെയ്തു. പിന്നീട് ഇല്ലത്തിനടുത്തു തന്നെ ഒരു കോവിൽ പണികഴിപ്പിച്ച് അവിടെ വെച്ച് പൂജിച്ചു പോന്നു. കുറേക്കാലങ്ങൾക്കു ശേഷം ദേവപ്രശ്നം നടത്തുകയും പ്രശ്നവിധിപ്രകാരം ക്ഷേത്രം നിർമ്മിച്ച് ഒരു നാലമ്പലത്തിനുള്ളിൽ രണ്ടു ശ്രീകോവിലുകൾ തീർത്ത് തെക്കുഭാഗത്ത് കിഴക്കോട്ടു ദർശനമായി ശ്രീകൃഷ്ണഭഗവാനേയും വടക്കുഭാഗത്ത് കിഴക്കോട്ടു ദർശനമായി നരസിംഹസ്വാമിയേയും പ്രതിഷ്ഠിച്ച് പൂജാദികൾ നടത്തിപ്പോരുകയും ചെയ്തു. പുതിയ ശ്രീകോവിലിൽ ദേവനെ കുടിയിരുത്തുന്നതിന് മുമ്പ് വെച്ചു പൂജിച്ചിരുന്ന സ്ഥലത്ത് ചേലാമറ്റത്തപ്പന്റെ തിരുവുത്സവക്കാലത്ത് വലിയ വിളക്കു ദിവസം ദേവന്റെ തിടമ്പ് ഇറക്കിയെഴുന്നള്ളിക്കുന്നു.

വലിയ വിളക്കു ദിവസം ദേവനു തയ്യാറാക്കുന്ന നിവേദ്യത്തിൽ ഒരു ഭാഗം അന്തിമഹാകാളനു നിവേദിക്കുന്നു. ബാക്കി നിവേദ്യം മുഴുവനും വിഗ്രഹം അടങ്ങിയ പേടകം ആദ്യം ദർശിച്ച സ്ത്രീകളുടെ കുടുംബത്തിനു നൽകുന്നു. ശ്രീകൃഷ്ണഭഗവാന്റെ ഒരു പ്രത്യേക സന്ദർഭത്തിലുള്ള ഭാവചൈതന്യമാണ് ചേലാമറ്റം ശ്രീകൃഷ്ണസ്വാമിക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്നത്.

*(തുടരും)*

*****

---

*(പേജിന്റെ 8 തുടർച്ച)*

കടന്നു പോകുന്നതിനുമുള്ള സൗകര്യം നോക്കി വാതിലുകളും, ജന്നലുകളും വയ്ക്കണം.

അടുക്കള വീട്ടിലെ ഏറ്റവും വലിയ മുറിയാണെങ്കിലും യാതൊരു കുഴപ്പവുമില്ല. കാരണം അടുക്കളയും ഊണുമുറിയും ഒന്നാക്കിയാണ് പലരും പണിയുന്നത്.

വീടിനകത്ത് മുകളിലേക്കു കയറുന്ന സ്റ്റേയർ ക്ലോക്ക് വൈസ് ആയാലും ആന്റീ ക്ലോക്ക് വൈസ് ആയാലും യാതൊരു കുഴപ്പവുമില്ല. ആദ്യത്തെ പടികയറുന്നത് കിഴക്കു നിന്ന് പടിഞ്ഞാറോട്ടോ വടക്കുനിന്ന് തെക്കോട്ടോ ആയിരിക്കണം.

മുറിക്കകത്തു വച്ചിട്ടുള്ള കണ്ണാടികൾ ഒന്നും മാറ്റേണ്ട ആവശ്യമില്ല.

വീടിന്റെ ഏതു ഭാഗത്തും ടോയ്‌ലൈറ്റുകൾ വരാമെന്നുള്ള കാര്യം പല പ്രാവശ്യം പറഞ്ഞിട്ടുള്ളതാണ്. വീടിന്റെ മൂലകളിലുള്ള ബാത്ത് റൂം പൊളിച്ചു മാറ്റേണ്ട ആവശ്യമില്ല. വീടു പണിയുന്ന വ്യക്തിയുടെ നക്ഷത്രം കണക്കിലെടുത്ത് ഭാഗ്യ ദിക്കു നോക്കി ആ ഭാഗത്തേക്ക് തിരിച്ച് വീടുപണിയുന്ന ഏർപ്പാട് ചില സ്ഥലത്തുണ്ട്. മുൻവശത്തെ റോഡിന് സമാന്തരമായി പണിയുന്നതാണ് നല്ലത്. നിൽക്കുന്ന വീടുകൾ ആവശ്യപ്രകാരം മുറികൾ കൂട്ടി റീ മോഡൽ ചെയ്യാവുന്നനതാണ്.

മുൻവശത്തെ വാതിൽ തുറക്കുമ്പോൾ മറ്റൊരു മുറിയുടെ വാതിലോ, അടുക്കളവാതിലോ, സ്റ്റേർകേയ്സോ കാണുന്നതുകൊണ്ട് യാതൊരു കുഴപ്പവുമില്ല.

*****

യാത്രാവിവരണം

# തുർക്കി പർവ്വം 5

ടി. വത്സല മേനോൻ – 9884083138

**അങ്കാര, ബോസ്ഫോറസ്, ടോപ്കാപി .. സമാപ്തം**

**ഒൻമ്പതാം ദിവസം മെയ് 2**

ഇനി ഞങ്ങളുടെ കലാശക്കൊട്ടാണ്. ആദ്യം തുർക്കിയുടെ തലസ്ഥാനമായ അങ്കാരയിലേക്ക്. ഹിൽട്ടൺ ഹോട്ടലിൽ നിന്ന് പ്രാതൽ കഴിഞ്ഞു ഞങ്ങൾ ആറ് മണിക്കൂർ നീണ്ട ബസ് യാത്ര തുടങ്ങി. ഇന്ന് പൊതുവെ കാഴ്ചകൾ അധികമില്ല. ഉച്ചയോടെ അങ്കാരയിലെത്തി. ഇസ്താൻബുൾ ആയിരുന്നു ഓട്ടോമൻ സാമ്രാജ്യത്തിന്റെ തലസ്ഥാനം. ഇപ്പോളും തുർക്കിയിലെ ഏറ്റവും വലിയ നഗരവും ഇസ്താൻബുൾ തന്നെ. ഒന്നാം ലോകമഹായുദ്ധത്തിനു ശേഷം ഒരു പുതിയ തുർക്കി റിപ്പബ്ലിക് സ്ഥാപിക്കപ്പെടുകയും അപ്പോൾ ഇസ്താൻബുളിൽ നിന്നും തലസ്ഥാനം അങ്കാരയിലേക്കു വരികയും ചെയ്തു. അങ്കാര കൂടുതൽ വൈവിധ്യമുള്ള നഗരമാണെന്നതായിരുന്നു ആദ്യത്തെ കാരണം.പിന്നെ അത് തീരദേശങ്ങളിൽ നിന്ന് അകലെയായിരുന്നു എന്നതും ഒരു കാരണം. തുറമുഖനഗരമായ ഇസ്താൻബുൾ പുറം രാജ്യങ്ങളിൽ നിന്ന് പലപ്പോഴും ആക്രമണങ്ങൾ നേരിട്ടിട്ടുണ്ട്. പുതിയ തുർക്കിയുടെ പിതാവ് എന്നറിയപ്പെടുന്ന കമാൽ പാഷ അറ്റാതുർക് ഓട്ടോമൻ സാമ്രാജ്യത്തിൽ നിന്നു തന്റെ രാജ്യത്തെ വേർപെടുത്തുന്നതിലേക്കായി അങ്കാരയെ തിരഞ്ഞെടുക്കുകയായിരുന്നു. അറ്റാതുർക് ഒരു ഫീൽഡ് മർഷലും പേരുകേട്ട രാഷ്ട്രതന്ത്രജ്ഞാനും എഴുത്തുകാരനുമായിരുന്നു. അറ്റാതുർക് 1923 മുതൽ 1938ൽ മരിക്കുന്നതു വരെ ആധുനിക തുർക്കിയുടെ പ്രസിഡന്റ് ആയിരുന്നു. പുരോഗമനപരമായ പല പരിഷ്കാരങ്ങളും കൊണ്ട് വന്നു തുർക്കിയെ വ്യവസായവൽക്കരിച്ചു.

ഉച്ചഭക്ഷണത്തിനും കുറച്ചു ഷോപ്പിങ്ങിനും ശേഷം ഞങ്ങൾ അറ്റാതുർക് മ്യൂസിയം കാണാൻ പോയി. അനിത് കബീർ എന്ന ഈ മൗസോളിയം അറ്റാതുർക്കിന്റെ ശവകുടീരമാണ്.നഗരത്തിൽ നിന്ന് വളരെ ഉയർന്നു മാർബിൾ കൊണ്ട് നിർമ്മിച്ച ഈ സ്മാരകത്തിന് ചുറ്റും ഏറെ ഉദ്യാനങ്ങളും കെട്ടിടങ്ങളും ഉണ്ട്. സ്മാരകത്തിലേക്കു പ്രവേശിക്കുന്നത് ഒരു വലിയ നടുമിറ്റത്തിലൂടെയാണ്. അകത്തെ വലിയ ഹാളിൽ അറ്റാതുർക്കിന്റെ ശവകുടീരത്തിന്റെ രണ്ടു ഭാഗത്തും സ്വർണലിപിയിൽ അദ്ദേഹത്തിന്റെ ഉദ്ധരണികൾ എഴുതി വെച്ചിട്ടുണ്ട്. തിരിച്ചു നടുമുറ്റത്തേക്കു ഇറങ്ങിയപ്പോൾ ഞങ്ങളെ അത്ഭുതപ്പെടുത്തിക്കൊണ്ട് ഒരു ഗാർഡ് ഓഫ് ഓണർ സെറിമണി നടക്കുകയായിരുന്നു. ഈ സ്മാരകത്തിൽ ഓരോ മണിക്കൂറിന്റെ തുടക്കത്തിലും ഈ സെറിമണി നടക്കുന്നു. അവിടെ കാവൽ നിൽക്കുന്ന സൈനികരും എല്ലാ മണിക്കൂറിലും മാറും. ഇവർ അനങ്ങാതെ പ്രതിമ കണക്കെ ആണ് അവിടെ നിൽക്കുന്നത്. പ്രത്യേക പരിശീലനം കിട്ടിയവരാണ് ഇവർ.



അങ്കാരയിലെത്തിയ ഞങ്ങൾ ഉച്ചഭക്ഷണത്തിനു ശേഷം ഹോട്ടലിൽ പോയില്ല കാരണം അറ്റാറ്റർക് മ്യൂസിയം വൈകുന്നേരം അടയ്ക്കുന്നതിന് മുൻപേ കാണണമായിരുന്നു. മ്യൂസിയം കണ്ടു കഴിഞ്ഞപ്പോൾ പിന്നെ അന്ന് വേറൊന്നും പ്ലാനിൽ ഇല്ലാത്തതിനാൽ ഞങ്ങൾ ഹോട്ടലിൽ പോയി വിശ്രമിക്കാൻ തീരുമാനിച്ചു. ഹോളിഡേ ഇന്നിലെത്തി ലഗ്ഗേജ് എല്ലാം വച്ച് പുറത്തു നടന്നു അവസാന നിമിഷ ഷോപ്പിങ്ങും തീർത്തു.കാരണം നാളെ ഒരു തിരക്കിട്ട അവസാന ദിവസമാണ്. കൈയ്യിലുള്ള ലിറയെല്ലാം തീർക്കേണ്ടേ?

**പത്താം ദിവസം മെയ് 3**

പ്രാതൽ കഴിഞ്ഞു ഇസ്താൻബു ളിലേക്കുള്ള ഞങ്ങളുടെ ആറു മണിക്കൂർ ബസ് യാത്ര ആരംഭിച്ചു. ആദ്യ ദിവസം തീർക്കേണ്ടിയിരുന്ന ടോപ്കാപി കൊട്ടാരം തിരിച്ചുവരവിലേക്കു മാറ്റി നിർത്തിയിരുന്നു. കാരണം



ചൊവ്വാഴ്ച പാലസിന് അവധി ദിനമാണ്. ഞങ്ങൾ എത്തിയതും ഒരു ചൊവ്വാഴ്ചയിലാ യിരുന്നല്ലോ. വഴിയിൽ ഞങ്ങൾക്ക് കാണാൻ പിങ്ക് തടാകവും ഫ്ളമിംഗോ പട്ടണവും ഉണ്ടായിരുന്നു. റോഡിനു സമീപമായി രുന്നതിനാൽ സമയമൊന്നും നഷ്ടമായില്ല. പിങ്ക് തടാകത്തിനു തുസ് എന്നും പേരുണ്ട്. തുർക്കിയിലെ ഒരു പ്രധാനപ്പെട്ട ഉപ്പു തടാക മാണ് ഇത്. ഒരു സൂപ്പർ മാർക്കറ്റിലൂടെയാണ് ഞങ്ങൾ അവിടെ പ്രവേശിച്ചത്. അവിടെയു ള്ളവർ ഒരു ദ്രാവകം ഞങ്ങളുടെ കൈയ്യിൽ പു രട്ടാൻ തന്നു. ഉപ്പുകാറ്റിൽ നിന്നും ചർമ്മത്തെ സംരക്ഷിക്കാനാണ് ഇത്. ഒക്ടോബർ നവംബർ കാലത്തു ഫ്ലാമിൻഗോസ് പക്ഷികൾ ഇവിടെ പറന്നെത്തും അപ്പോൾ ഈ തടാകത്തിനു പിങ്ക് നിറമാകും.വഴിയിൽ ഊണ് കഴിഞ്ഞു ഏതാണ്ട് നാല് മണിക്ക് ഞങ്ങൾ ടോപ്കാ പി കൊട്ടാരത്തിലെത്തി. മർമര ഉൾക്കടലിനെ നോക്കിയാണ് വളരെ ഉയരത്തിലുള്ള ഈ കൊട്ടാരം സ്ഥിതി ചെയ്യുന്നത്. അങ്ങോട്ടുള്ള റോഡിൽ വാഹനങ്ങളുടെ തിക്കും തിരക്കും കാരണം ഞങ്ങൾ രണ്ടു മണിക്കൂർ വൈകി യാണ് എത്തിയത്.

ടോപ്കാപി പാലസ് ആയുധശേഖരങ്ങ ളും വസ്ത്രശേഖരങ്ങളും അടങ്ങിയ ഒരു വലിയ മ്യൂസിയം ആണ്. ഓട്ടോമൻ കാലത്തെ വസ്തുക്കളാണ് ഇവിടെയു ള്ളത്. സുൽത്താന്മാരുടെ പ്രധാന വാസ കേന്ദ്രമായിരുന്നു ഇത്. പണ്ട് ഇതിനെ പുതിയ പാലസ് എന്നാണ് വിളിച്ചിരുന്നത്. പത്തൊൻപതാം നൂറ്റാണ്ടിൽ ഇതിനെ ടോപ്കാപി എന്ന് നാമകരണം ചെയ്തു. അതിന്റെ അർത്ഥം കാനൻ ഗേറ്റ് എന്നാണ്. 1923ൽ ഇത് ഒരു മ്യൂസിയം ആക്കി മാറ്റി. ആ കാലത്തെ സുൽത്താന്മാർ ധരിച്ചിരുന്ന വസ്ത്രങ്ങളും അവർ ഉപയോഗിച്ചിരുന്ന ആ യുധങ്ങളുമൊക്കെ ഞങ്ങൾ നടന്നു കണ്ടു.

ഞങ്ങളിൽ കുറെ പേർ ഒരു പുരാതന ജലസംഭരണി കാണാൻ പോയി. ബാക്കി യുള്ളവർ ഞങ്ങൾ ആദ്യ ദിവസം കണ്ട ഇരട്ട പള്ളികളുടെ സമീപം കാത്തിരുന്നു. ട്രാഫിക് ഞങ്ങളുടെ ഹോട്ടലിലേക്കുള്ള യാത്രയും മുടക്കിയിരുന്നു. അത് കൊണ്ട് ഞങ്ങൾ ഈ ടൂർ ഹൈലൈറ്റ് ആയ ബോസ്ഫോറസ് ക്രൂയിസ് കഴിഞ്ഞു പോകാമെന്നു തീരുമാനി ച്ചു. ഞങ്ങളേവർക്കും അതിൽ വിഷമമുണ്ടായി രുന്നു എന്തെന്നാൽ ഞങ്ങൾ തീരുമാനിച്ചു കാത്തിരുന്ന വസ്ത്രങ്ങൾ ഹോട്ടലിൽ പോയി മാറ്റാമെന്ന പദ്ധതി അതോടെ തകർന്നിരുന്നു.

ബോസ്ഫോറസ് കടലിടുക്ക് കറുത്ത കടലിനെ മർമരയുമായി ചേർക്കുന്ന സ്ഥലമാ ണ്. അവിടെ ഉച്ചക്കും വൈകുന്നേരങ്ങളി ലുമായി നടക്കുന്ന ഉദ്ദേശം രണ്ടു മണിക്കൂർ നീണ്ടു നിൽക്കുന്ന ബോട്ട് സവാരിയും ലഞ്ച് /ഡിന്നർ പാർട്ടിയും ആണ് ഈ ക്രൂയിസ്. ഇതിനു തന്നെ ഏതാണ്ട് 35 മുതൽ 90 വരെ യൂറോസ് ചിലവുള്ള ഒരു ടൂറിസ്റ്റ് ഏർപ്പാടാ ണിത്.



ക്രൂയിസ് കഴിഞ്ഞു പുൾമാനിലേക്കു അർദ്ധരാത്രിയോടെ തിരിച്ചെത്തിയ ഞങ്ങ ളുടെ തുർക്കി പര്യടനം ഇവിടെ അവസാ നിക്കുന്നു. പുൾമാനിൽ നിന്ന് തുടങ്ങി പുൾമാനിലെത്തിയ പത്തു ദിന പര്യടനം. പി റ്റേന്ന് രാവിലെ ഞങ്ങൾ കൊച്ചിയിലേക്കുള്ള മടക്ക യാത്രക്കു പുറപ്പെട്ടു. ഡ്രൈവറോടും ഗൈഡ് ഹുസ്നിയെയോടും വിമാനത്താവ ളത്തിൽ വച്ച് ഒരു വൈകാരിക വിടവാങ്ങൽ നടത്തി മസ്കറ്റ് വഴി ഞങ്ങൾ കൊച്ചിയിൽ തിരിച്ചെത്തി.

(അവസാനിച്ചു)



*****

# ശബ്ദമലിനീകരണം

ഡോ. കെ. പ്രസന്നകുമാർ– 9847083626

**എന്താണ് ശബ്ദം?**

പ്രകൃതി മനുഷ്യന് നൽകിയ ഏറ്റവും ഹൃദ്യമായ വരദാനമാണ് ശബ്ദം. ശബ്ദം ഊർജ്ജത്തിന്റെ ഒരു രൂപഭേദമാണ്. ഇത് തരംഗരൂപത്തിലാണ് സഞ്ചരിക്കുന്നത്. സങ്കോചവികാസങ്ങൾ വഴി ശബ്ദതരംഗങ്ങൾ മർദ്ദം ഉണ്ടാക്കുന്നു. ശബ്ദം അനുഭവിച്ചറിയുന്ന അവസ്ഥയാണ് കേഴ്‌വി.

ശബ്ദത്തിന്റെ ശക്തി അളക്കുന്നത് ഡെസിബെൽ എന്ന ഏകകത്തിലാണ്. യാതൊരു പശ്ചാത്തലശബ്ദവും ഇല്ലാത്ത അവസ്ഥയിൽ കേൾക്കാൻ കഴിയുന്ന ഏറ്റവും ചെറിയ ശബ്ദത്തിന്റെ ശക്തിയേ പൂജ്യം ഡെസിബെൻ എന്നു പറയുന്നു. ചുരുക്കിപറഞ്ഞാൽ പൂജ്യം ഡെസിബെൽ എന്നത് ശബ്ദം അൽപ്പവും ഇല്ലാത്തയവസ്ഥയല്ല മറിച്ച് ആരോഗ്യവാനും കേഴ്‌വിക്ക് ഒരു തകരാറുമില്ലാത്ത വ്യക്തിക്ക് കേൾക്കാൻ കഴിയുന്ന ഏറ്റവും കുറഞ്ഞ ശബ്ദത്തിന്റെ ശക്തിയാണ്.

**ശബ്ദം വിവിധതരം**

സാധാരണ സംസാരിയ്ക്കുമ്പോൾ കേൾക്കുന്ന ശബ്ദത്തിന്റെ തീവ്രത 30 മുതൽ 40 വരേ ഡെസിബെലാണ്. ഉച്ചത്തിൽ സംസാരിയ്ക്കുമ്പോൾ അത് 50 ഡെസിബെൽ വരേ ആകാം. കാറുകളുടെ സാധാരണ ഹോണിന്റെ ശബ്ദം 70 ഡെസിബെൽ എയർഹോണിന്റേത് 90 മുതൽ 100 വരേയാണ്.

100 ഡെസിബെലിനുമുകളിൽ തീവ്രതയുള്ള ശബ്ദം അത്യധികം അരോചകമാണ്. വെടിപൊട്ടുന്ന ശബ്ദത്തിന്റെ തീവ്രത ഏകദേശം 130 ഡെസിബെൽ ആണ്. തീവ്രത കൂടുന്തോറും ശബ്ദം അസഹനീയമാകും എന്നു മാത്രമല്ല, ചെവികൾക്കു വേദനയും, വിവിധതരം ശാരീരിക മാനസികാരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്ന തരത്തിൽ ദോഷകരമാവുകയും ചെയ്യുന്നു.

**ശബ്ദമലിനീകരണം എന്ന അത്യാപത്ത്**

ഇന്നു നാം അനുഭവിക്കുന്ന പരിസരമലിനീകരണത്തിൽ ഏറ്റവും ദോഷകരമായതും, നിർഭാഗ്യവശാൽ ഏറ്റവും വിസ്മരിക്കപ്പെടുന്നതുമായ പൊതുജനാരോഗ്യവിപത്താണ് ശബ്ദമലിനീകരണം. ഇംഗ്ലീഷിൽ Sound, Voice, Noice എന്നീ വിവിധ വാക്കുകൾക്ക് പകരമായി മലയാളത്തിൽ ശബ്ദമെന്ന ഒറ്റ വാക്കേയുള്ളൂ. വാസ്തവത്തിൽ അലോസരപ്പെടുത്തുന്നതും ശല്യം ചെയ്യുന്നതുമായ ശബ്ദത്തെയാണ് Noice എന്ന വാക്കുകൊണ്ട് വിവക്ഷിക്കുന്നത്. മനുഷ്യരിൽ മാത്രമല്ല, മറ്റു ജീവികളിലും, അചേതനങ്ങളായ വസ്തുക്കളിൽ പോലും ശബ്ദമലിനീകരണം സൃഷ്ടിക്കുന്ന ഭവിഷ്യത്തുകൾ വളരെ ഗുരുതരമാണ്. ഉയർന്ന തീവ്രതയുള്ള ശബ്ദം തുടർച്ചയായി കേട്ടാൽ താൽക്കാലികമായോ, സ്ഥിരമായോ, കേൾവിക്കുറവ് സംഭവിക്കാം.

ശബ്ദമലിനീകരണം, ചെവികൾക്കുമാത്രമല്ല, ദോഷം ചെയ്യുന്നത്. ശാരീരികവും, മാനസികവുമായ മറ്റനേകം ആരോഗ്യപ്രശ്നങ്ങൾക്കും, അത് വഴി വഴിയ്ക്കുന്നു. അവയിൽ ചിലതാണ്:-

1. കേൾവിക്കുറവ്
2. ഗർഭസ്ഥ ശിശുവിന്റെ വളർച്ചമുരടിക്കൽ
3. ഏകാഗ്രതയില്ലായ്മ
4. പ്രമേഹ രോഗികളിൽ രക്തത്തിലേ പഞ്ചസാരയുടെ അളവ് വർദ്ധിക്കൽ
5. ശരീരത്തിലേ രക്തക്കുഴലുകളേ ചുരുക്കുന്നതുവഴി, അധിക രക്തസമ്മർദ്ദം
6. ആഹാരത്തിൽ അമ്ലാംശം കൂടുന്ന ഹൈപ്പർ അസിഡിറ്റി.
7. അലർജി, ആസ്മരോഗികൾക്ക്, രോഗം വർദ്ധിയ്ക്കുവാനുള്ള സാധ്യത.
8. തലകറക്കമുള്ള രോഗികളിൽ രോഗം മൂർച്ഛിക്കൽ.

**ശബ്ദമലിനീകരണം ഭാരതത്തിൽ**

ലോകത്തിൽ ശബ്ദമലിനീകരണം ഏറ്റവും കൂടുതലുള്ള രാജ്യങ്ങളിൽ ഒന്നാണ് നമ്മുടെ ഭാരതം. സാങ്കേതിക പുരോഗതിയാണ് ശബ്ദ മലിനീകരണത്തിന്റെ പ്രധാനകാരണമെങ്കിലും മറ്റു വികസിത രാജ്യങ്ങളിലും തങ്ങൾ കൈവരിച്ച സാങ്കേതിക വൈദ്യദ്ധ്യം കൊണ്ടുതന്നേ ശബ്ദമലിനീകരണവും നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ട്. എന്നാൽ ഭാരതത്തിൽ ഇത് ഇന്നും സാദ്ധ്യമായിട്ടില്ല.

**നമുക്കെന്തു ചെയ്യാൻ കഴിയും**

ഏതു മാലിന്യവും ഉണ്ടായശേഷം നിമജ്ജനം ചെയ്യുന്നതിലും അഭികാമ്യമായത് മാലിന്യം ഉണ്ടാകാതെ നോക്കുന്നതാണ്. ശബ്ദത്തിന്റെ കാര്യത്തിലും ഈ തത്ത്വം ബാധകമാണ്. ഉറവിടങ്ങളിൽത്തന്നേ അനാവശ്യശബ്ദങ്ങൾ, അലോസരപ്പെടുത്തുന്ന ശബ്ദങ്ങൾ, ശല്യം ചെയ്യുന്ന ശബ്ദങ്ങൾ എന്നിവ കഴിവതും ഉണ്ടാകാതെ നോക്കുന്നതാണ് ഏറ്റവും കരണീയം.

**ശബ്ദമലിനീകരണത്തിന്റെ ഉറവിടങ്ങൾ**

1. വാഹനങ്ങൾ
2. ഉച്ചഭാഷിണികൾ
3. വ്യവസായശാലകളിലേയും മറ്റും യന്ത്രങ്ങൾ
4. വീടിനുള്ളിലേ ശബ്ദം

വാഹനങ്ങൾ അനാവശ്യമായി ഹോൺ ഉപയോഗിയ്ക്കുന്നതും,(പ്രത്യേകിച്ചും എയർ ഹോൺ) പൊതു സ്ഥലങ്ങളിൽ നിയമവിരുദ്ധമായ ഉച്ചഭാഷിണികൾ ഉപയോഗിയ്ക്കുന്നതും,

വ്യവസായശാലകളിലേ അനിയന്ത്രിതമായ ശബ്ദമലിനീകരണവും നിരുൽസാഹപ്പെടുത്തേണ്ടതാണ്. പൊതുയോഗങ്ങൾ, ഉൽസവങ്ങൾ, മറ്റുഘോഷങ്ങൾ എന്നിവിടങ്ങളിൽ നിയമവിരുദ്ധമായി അധിക ശബ്ദത്തിൽ ലൗഡ്സ്പീക്കറുകൾ ഉപയോഗിയ്ക്കുന്നത് കണ്ടാലുടൻ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തണം.

വീടുകളിൽ സമാധാനാന്തരീക്ഷം നിലനിർത്തുവാൻ ശബ്ദമലിനീകരണം ഒഴിവാക്കുക. തന്നേ വേണം.

ടെലിവിഷൻ, റേഡിയോ, ഹോം തീയേറ്റർ, വാദ്യോപകരണങ്ങൾ, വീട്ടുപകരണങ്ങൾ തുടങ്ങിയവ പ്രവർത്തിയ്ക്കുമ്പോൾ, സ്വന്തം വീട്ടുകാരുടേയും, അയൽക്കാരുടേയും ആരോഗ്യത്തിന് ഹാനികരമാകുന്നില്ല എന്നുറപ്പു വരുത്തണം.

ശബ്ദമലിനീകരണം നിയന്ത്രിക്കുന്നതിനുള്ള എളുപ്പവഴി അനാവശ്യശബ്ദങ്ങളുടെ സ്രോതസ്സുകൾ തന്നെ, ഇല്ലാതാക്കുകയാണ്. ശബ്ദമലിനീകരണം തടയുന്നതിന് ഇപ്പോൾ തന്നെ ധാരാളം നിയമങ്ങൾ ഉണ്ട്. അവ ശരിയായി നടപ്പിലാക്കിയാൽ തന്നെ ശബ്ദമലിനീകരണം ഏറിയപങ്ക് നിയന്ത്രിക്കുവാൻ കഴിയും ശബ്ദനിയന്ത്രണത്തിനുള്ള പുത്തൻ സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തുകയും, നിലവിലുള്ള നിയമങ്ങളേക്കുറിച്ച് പഠിക്കുകയും, മറ്റുള്ളവരേ ബോധവൽക്കരിക്കുകയും വേണം.

ആരോഗ്യകരമായ ഒരു ജീവിതത്തിന് ശബ്ദമലിനീകരണ നിയന്ത്രണം ഒരു ദിനചര്യയാക്കാം.

*****


## എറണാകുളം കരയോഗം

## *സ്ഥിരനിക്ഷേപം സ്വീകരിക്കുന്നു*

എറണാകുളം കരയോഗം അംഗങ്ങളിൽ നിന്നും സ്ഥിരനിക്ഷേപം സ്വീകരിക്കുന്നു. മുതിർന്ന പൗരന്മാർക്ക് 8 ശതമാനവും ബാക്കി ഉള്ളവർക്ക് 7 1/2 ശതമാനവും വാർഷിക പലിശ നൽകുന്നതായിരിക്കും. പലിശ ത്രൈമാസികമായോ, അർദ്ധവാർഷികമായോ, വാർഷികമായോ നിക്ഷേപകരുടെ താൽപര്യപ്രകാരം നൽകുന്നതായിരിക്കും.

പി. രാമചന്ദ്രൻ (വേണു)

ജനറൽ സെക്രട്ടറി

കഥ

# ഒരമ്മയുടെ കത്ത്

പ്രീത ജയകുമാർ - 8319638274

പ്രിയമകളേ,

**പു**തിയ അന്തരീക്ഷം എങ്ങനെയുണ്ട്? ഹോസ്റ്റൽ ജീവിതവുമായി നീ ഇണങ്ങി വരികയായിരിക്കും അല്ലേ?

നിന്നെ ഹോസ്റ്റലിൽ ആക്കി ഞങ്ങൾ തിരിച്ചെത്തിയിട്ട് രണ്ടു ദിവസമേ ആയുള്ളൂ. ആദ്യമായി അച്ഛനെയും അമ്മയെയും വിട്ട്, വീട്ടിൽ നിന്ന് അകന്നു നിൽക്കുകയല്ലേ, അതിൻെറ വിഷമം നിന്നെക്കാൾ കൂടുതൽ ഞങ്ങൾക്കായിരുന്നു. അച്ഛനാണ് ഏറെ പ്രയാസം. നിശ്ശബ്ദമായി അത് അദ്ദേഹം മറച്ചു വെക്കുന്നു. ഒറ്റക്കുട്ടി ആയതിനാൽ എന്നും അച്ഛന് നിൻെറ കാര്യത്തിൽ ഉത്കണ്ഠയായിരുന്നു. നിനക്കറിയാമല്ലോ, അമ്മയായ ഞാൻ പലപ്പോഴും നാട്ടിൽ അമ്മമ്മയുടെയും മുത്തച്ഛന്റെയും അത്യാവശ്യങ്ങൾക്കായി പോകുമ്പോഴൊക്കെ, അച്ഛൻ ഒരു നിഴലുപോലെ നിൻെറ കൂടെത്തന്നെയുണ്ടാകും.

റിട്ടയർ ചെയ്തശേഷം, പ്രശസ്തസ്ഥാപനങ്ങളിൽ നിന്നൊക്കെ ജോലി ഓഫറുകൾ അച്ഛന് വന്നിരുന്നു. എന്നാൽ നിൻെറ ഓൺലൈൻ പഠിത്തത്തിനെ ബാധിക്കരുത് എന്ന് കരുതി അദ്ദേഹം അതെല്ലാം നിരസിച്ചു. അച്ഛനും അമ്മയും ജോലിക്കു പോവുമ്പോൾ കുട്ടി തനിച്ചാവരുത് എന്ന് അച്ഛന് നിർബന്ധമായിരുന്നു. നിൻെറ അത്യാവശ്യങ്ങളൊക്കെ എന്നേക്കാൾ ഉപരി അദ്ദേഹം ശ്രദ്ധിച്ചു. അച്ഛന്റെയും അമ്മയുടെയും ചിറകിനടിയിലെ സുരക്ഷയിൽ വളർന്ന നിനക്കു പുറംലോകം തീർത്തും അപരിചിതമായിരുന്നു. അതായിരുന്നു അച്ഛൻെറ വേവലാതിയും.

അധികം ദൂരെയല്ലാത്ത, നഗരത്തിലെ പേരുകേട്ട ടെക്നിക്കൽ യൂണിവേഴ്സിറ്റിയിൽത്തന്നെ നിനക്ക് പ്രവേശനം കിട്ടിയപ്പോൾ നമ്മൾ ഏറെ ആഹ്ലാദിച്ചു. അതും ഇഷ്ടപ്പെട്ട ബ്രാഞ്ചുതന്നെ കിട്ടിയപ്പോൾ എത്രയും വേഗം ചേരാനുള്ള വ്യഗ്രതയിലായിരുന്നു നമ്മൾ. കൊണ്ടുപോകാനുള്ള സാമഗ്രികൾ ഓരോന്നായി ഒരുക്കുമ്പോൾ നിർവികാരതയോടെ നീ മൊഴിഞ്ഞു, 'ഞാൻ ഹോസ്റ്റലിൽ പോവുകയാണോ, എനിക്ക് വിശ്വാസം വരുന്നില്ല.'

അങ്ങനെയാണ് കുട്ടീ, സമയം ആർക്കുവേണ്ടിയും കാത്തു നിൽക്കില്ല. ഒരു വെള്ളിത്തിരയിലെന്നപോലെ ഞാൻ ഇന്നലെകൾ ഓർക്കുന്നു. ആദ്യമായി നിന്നെ നഴ്സറിയിൽ കൊണ്ടുപോയതും ഒന്നാം ക്ലാസ്സിലേക്ക് നീ എൻെറ കൈപിടിച്ച് , ഇടതു കാൽ വെച്ച് സ്കൂളിൽ കയറിയതും, അതിനു നിന്നെ ഞാൻ വഴക്കു പറഞ്ഞതും, അങ്ങനെയെല്ലാമെല്ലാം.......

നീണ്ട പതിന്നാലു വർഷങ്ങൾ ഇന്നലെയെന്ന പോലെ മനസ്സിൽ തെളിയുന്നു.

ഇന്ന് നീ അവിടത്തെ പഠിത്തം പൂർത്തിയാക്കി, വിദ്യാലയം വിട്ട് കോളേജിൽ പ്രവേശിച്ചു. കാലവും തിരയും ആർക്കുവേണ്ടിയും കാത്തുനിൽക്കില്ല എന്ന് പറഞ്ഞത് എത്ര ശരി!!

നിന്നെ ഹോസ്റ്റലിലാക്കി മടക്കയാത്രയിൽ ഒരുവേള ഞാനും എൻെറ കുട്ടിക്കാലത്തെക്കു തിരിച്ചുപോയി.

നിന്നെപ്പോലെ ഒറ്റക്കുട്ടി ആയിരുന്നു ഞാനും. അധ്യാപികയായ എൻെറ അമ്മ നിൻെറ അമ്മമ്മ, ഞാൻ ഏറ്റവും നല്ല വിദ്യാലയത്തിൽ പഠിക്കണം, അങ്ങേയറ്റം മിടുക്കിയാവണം എന്നാശിച്ചു ദൂരെ ബോർഡിങ് സ്കൂളിൽ കൊണ്ടുപോയി എന്നെ ചേർത്തു. അന്ന് എനിക്ക് വെറും ഒമ്പതു വയസ്സ്. പേരുകേട്ട വിദ്യാലയം. പഠിത്തത്തിനും സ്വഭാവരൂപീകരണത്തിനും ഊന്നൽ കൊ

ടുത്തുകൊണ്ടുള്ള വിദ്യാഭ്യാസരീതി. മാത്രവുമല്ല, പെൺകുട്ടികൾ മാത്രം പഠിക്കുന്ന പാഠശാല.

മുത്തച്ഛന് പുറം നാട്ടിൽ ജോലി ആയിരുന്നതുകൊണ്ട് എന്റെ എല്ലാ കാര്യങ്ങളും അമ്മമ്മ തന്നെയാണ് നോക്കിയിരുന്നത്, പ്രത്യേകിച്ച് പഠനം. ബോർഡിങ് സ്കൂളിൽ പോകാനുള്ള എല്ലാ ഒരുക്കങ്ങളും അമ്മമ്മ തന്നെ പൂർത്തിയാക്കി. അതുവരെ നാട്ടിൻപുറത്തെ ചുറ്റുപാടിൽ വളർന്ന എനിക്ക് നഗരത്തിന്റെ കെട്ടും മട്ടും തീർത്തും അന്യമായിരുന്നു.

നാട്ടിൽ, എന്റെ അമ്മമ്മയും അച്ഛച്ചനും അമ്മാവനും ഒക്കെ ഒന്നിച്ചു താമസിക്കുന്ന വീടായിരുന്നു നമ്മുടേത്. ഒരു സാധാരണ നാട്ടിൻപുറത്തെ വീട്. കൃഷിയും കന്നും പശുക്കളും കൊയ്ത്തും മെതിയും ഒക്കെയുള്ള, തനിമയുടെ വാസനയുള്ളത് കൊണ്ട് ഓണം പോലെ കഴിയുന്ന, ഓർക്കുമ്പോൾ ഗൃഹാതുരത്വം നുരയുന്ന എന്റെ ഗ്രാമത്തിലെ കൂട്ടുകുടുംബ വീട്. ഞങ്ങളെയൊക്കെ സ്നേഹിക്കമാത്രം ചെയ്തിട്ടുള്ള എന്റെ അമ്മമ്മ. വാത്സല്യമല്ലാതെ മറ്റൊന്നും അറിയാത്ത ഞങ്ങളുടെ 'അച്ഛച്ഛൻ' എന്ന് വിളിക്കുന്ന മുത്തച്ഛൻ. ഞങ്ങൾ കുട്ടികളെ തന്നോളം സ്നേഹിച്ച ഗജപോക്കിരിയായ തന്നിഷ്ടക്കാരനായ അമ്മാവൻ. ഇവരിൽ നിന്നും അകന്ന്, അമ്മയെ വിട്ടു മാറി താമസിക്കണം എന്നത് എനിക്ക് ഓർക്കാവുന്നതിലും അപ്പുറത്തായിരുന്നു. അമ്മ ഉരുള ഉരുട്ടി തന്നാലേ എനിക്ക് മതിവരൂ. ഉറങ്ങണമെങ്കിൽ എനിക്കമ്മ വേണം. ചിട്ടയോടെ അമ്മ എനിക്കെല്ലാം പാഠങ്ങളും നേരത്തെ പഠിപ്പിച്ചു തരുമായിരുന്നു. അതുകൊണ്ടുതന്നെ ക്ലാസ്സിലും മുൻപന്തിയിലായിരുന്നു ഞാൻ. സന്ധ്യക്ക് അമ്മ നാമം ചൊല്ലിത്തരും. ഞാൻ അതുകേട്ട് കൂടെ ചൊല്ലും.

നല്ല നല്ല കഥകൾ പറഞ്ഞുതന്ന് ഒരു നല്ല കുട്ടിയായി അവർ എന്നെ വളർത്തി. അധ്യാപകർക്കൊക്കെ വളരെ കാര്യമായിരുന്നു എന്നെ. എന്റെ ജീവശ്വാസമായിരുന്നു എന്റെ അമ്മ. കൂട്ടുകാരോടൊക്കെ 'ബോർഡിങ്ങിൽ പോവുന്നു' എന്ന് വീമ്പിളക്കിയ, എനിക്ക്, പോകേണ്ട ദിവസം അടുക്കും തോറും മട്ടുമാറി. അപരിചിതമായ ഒരു ചുറ്റുപാടിലേക്കുള്ള പോക്ക് ഓർക്കുംതോറും എന്നെ ശ്വാസം മുട്ടിച്ചു.

അങ്ങനെ, പെട്ടിയും കിടക്കയും അവശ്യം സാധനങ്ങളുമായി നഗരത്തിലെ ആ സ്കൂളിലേക്ക് ഞങ്ങൾ യാത്രയായി. അതെ നഗരത്തിലെ പേരെടുത്ത കോളേജിൽ അധ്യാപികയായിരുന്നു ചെറിയമ്മ. പറഞ്ഞ ദിവസം ഞങ്ങൾ ചെറിയമ്മയുടെ വീട്ടിൽ എത്തി. പിറ്റേന്ന് അമ്മയും ചെറിയമ്മയും കൂടി എന്നെ ആ പുതിയ സ്കൂളിൽ കൊണ്ടുപോയാക്കി. അവിചാരിതമായ ആ ചുറ്റുപാടിൽ ഒരു നിമിഷം പോലും എനിക്ക് നില്ക്കാൻ വയ്യെന്ന് തോന്നി. പുറത്തു വന്ന കരച്ചിൽ അടക്കിപ്പിടിക്കാൻ ഞാൻ പാടുപെട്ടു. എന്റെ സാമഗ്രികളൊക്കെ അടുക്കി വെച്ചിട്ടു അവിടുത്തെ ഇൻചാർജ് ആയ ടീച്ചറുടെ കൈയ്യിൽ എന്നെ ഏൽപ്പിച്ചു മടങ്ങാനായി അമ്മയും ചെറിയമ്മയും ഒരുങ്ങി. അവർ വന്ന വാഹനത്തിലേക്ക് കയറി. അമ്മക്ക് അന്ന് തന്നെ നാട്ടിലേക്കു മടങ്ങണം. ഉള്ളിലൊതുക്കിയ തേങ്ങലുകൾ പുറത്തേക്കു വരാതെ മറച്ചുപിടിച്ചു അവർ തിരികെ പോവുന്നത് വീർപ്പടക്കി ഞാൻ നോക്കിനിന്നു, കണ്ണിൽ നിന്ന് ഒരു പൊട്ടായി മായുന്നത് വരെ.

ടീച്ചർമാരിൽ ഒരാൾ എന്നെ ഒരു മുതിർന്ന വിദ്യാർത്ഥിനിക്ക് കൈ മാറി. 'മാലാഖ' പോലൊരു ചേച്ചി. ആ ചേച്ചിയെ കാണുമ്പോൾ മാത്രമായിരുന്നു എനിക്കാകെയൊരാശ്വാസം. എനിക്കൊന്നിനോടും ഒരു താല്പര്യവും തോന്നിയില്ല. അമ്മയെക്കാണണം എന്ന് മാത്രമായി മനസ്സിൽ.

കുട്ടികൾ ഓരോരുത്തരായി എത്തിത്തുടങ്ങി. നീണ്ട ഒരു വലിയ ഹാളിലായിരുന്നു കുട്ടികൾക്കുള്ള താമസവ്യവസ്ഥ. ഒരറ്റം

മുതൽ മറ്റേയറ്റം വരെ നിരത്തിയിട്ടിരിക്കുന്ന കട്ടിലുകൾ. അതിന്റെ ഒരറ്റത്തായി സൗകര്യ മായി തുണികളും സാധനങ്ങളും വെക്കാനു ള്ള ലോക്കറുകളും സ്റ്റാൻഡും. വന്നവർ വന്നവർ ഒഴിഞ്ഞ ഓരോരോ കട്ടിലുകൾ സ്വന്തമാക്കി, കിടക്കകൾ വിരിച്ചു. എൻെറ മാ ലാഖ ചേച്ചി എന്നെ ഓരോരുത്തർക്കായി പരി ചയപ്പെടുത്തുന്നു. വരുന്ന കുട്ടികൾ നല്ല മുൻപ രിചയമെന്നോണം താന്താങ്ങളുടെ സാധന സാമഗ്രികൾ സ്വയം അടുക്കിവെക്കുന്നു. അവ രുടെ ആൾക്കാരാരും ഒപ്പം നില്ക്കുന്നില്ല. കൊണ്ടുവന്നാക്കിയതും ഉടൻ തിരിച്ചു പോകു ന്നു. ഞാൻ മാത്രമായിരിക്കും പുതിയ കുട്ടി. ഈ കുട്ടികൾ മുമ്പ് ചേർന്നവരായിരിക്കും. എൻെറ മനസ്സ് ചൊല്ലി. അവർക്കൊന്നും സങ്കടമില്ലേ?

അമ്മ എവിടെ എത്തിക്കാണും, വീണ്ടും ഞാൻ അമ്മയുടെ ചിന്തകളിൽ മുഴുകി. എനിക്കും തിരിച്ചു കൂടെപോകാമായിരുന്നു, പോകാതിരുന്നത് എൻെറ ബുദ്ധിമോശമായി ഞാൻ കരുതി.

അമ്മയും ചെറിയമ്മയും എനിക്കായി നല്ല ഒരു ഇടം തന്നെ നോക്കി കട്ടിൽ തെ രെഞ്ഞെടുത്തു. കിടക്കയും വിരിച്ചു തന്നിട്ടാ ണ് പോയത്. ആ കട്ടിലിൽ, അമ്മയെ മാത്രം വിചാരിച്ചു കൊണ്ട് ഞാൻ ഒരേ ഇരിപ്പായി രുന്നു.

'വാ മോളെ, ഭക്ഷണം കഴിക്കാൻ പോകാം', ചേച്ചി എന്നെ വിളിച്ചു. അപ്പോഴാണ് നേരം ഒരുപാടായി എന്ന് മനസ്സിലായത്. എനിക്ക് വിശപ്പില്ലായിരുന്നു. ഒന്നും കഴിക്കാനും തോ ന്നിയില്ല.

ഞാൻ വീണ്ടും എൻെറ നാട്ടിലെ വീട്ടിൽ തന്നെ തിരിച്ചെത്തി. ഊണ് കഴിക്കാറാ വുമ്പോഴേക്കും അമ്മമ്മ വിളി തുടങ്ങും. എല്ലാവർക്കും അമ്മമ്മയാണ് വിളമ്പിത്തരാ റ്. അവധി ദിവസങ്ങളിൽ അമ്മ കൂടെയുണ്ടാ വും. അമ്മമ്മ ഉണ്ടാക്കുന്ന എന്തിനും സ്വാദാ ണ്. നാട്ടിലെ സ്കൂളിൽ ഞങ്ങൾ കുട്ടികൾ (വല്യമ്മമാരുടെ മക്കൾ) ചോറ് കൊണ്ടുപോ വുമ്പോൾ ഞങ്ങൾ ഉച്ചയൂണിൻെറ ബെല്ലിനാ യി കാത്തിരിക്കും. വിശന്നിട്ടല്ല, അമ്മമ്മയുടെ കടുമാങ്ങയും പയറും കൊണ്ടാട്ടവും മോരി ൽ കുഴച്ച തൂവെള്ള ചോറും ഞങ്ങളെ വി ളിക്കുന്നതാണ്. ചോറ്റുപാത്രം തുറക്കേണ്ട താമസം, ഞങ്ങളുടെ സ്വാദുമുകുളങ്ങളിൽ ഒരായിരം കപ്പലുകൾക്കുള്ള വെള്ളമുണ്ടാകും. ഇന്നെനിക്ക് ഭക്ഷണം കഴിക്കാൻ എങ്ങനെ പറ്റും? വാരിത്തരാൻ എൻെറ അമ്മയില്ല അടുത്ത്, വിളമ്പിത്തരാൻ, അമ്മമ്മയില്ല. എനിക്കിവിടം വയ്യ.....എൻെറ ആരുമില്ല ഇവിടെ....

ചേച്ചീ, എനിക്ക് വിശപ്പില്ല' ഞാൻ കള്ളം പറഞ്ഞു.

അത് പറ്റില്ല എന്ന് പറഞ്ഞു എന്നെ നിർ ബന്ധിച്ചു ഊണുമുറിയിലേക്ക് അവർ കൊ ണ്ടുപോയി. കൂടെ എൻെറ ക്ലാസ്സിലേതെന്നും പറഞ്ഞ രണ്ടുകുട്ടികളും. അവർ പറഞ്ഞ പ്ര കാരം പെട്ടിയിൽ നിന്ന് പ്ലേറ്റും ഗ്ലാസും കൂടി എടുത്തു.

ഊണുമുറിയിൽ എല്ലാവരും ക്ലാസ്സ് അനു സരിച്ചു വേണം ഇരിക്കാൻ. എന്നെ, കൂടെ വന്ന രണ്ടു കുട്ടികളെ ഏൽപ്പിച്ചു എൻെറ നല്ല ചേച്ചി അവരുടെ ക്ലാസ്സിനോടൊപ്പം ചേർന്നു.

ഊണ് കഴിക്കുന്നതിനു മുമ്പെയുള്ള മണിയടിച്ചപ്പോൾ എല്ലാരും എഴുന്നേറ്റുനിന്നു. കൂട്ടത്തിൽ മുതിർന്ന ഒരു കുട്ടി ചൊല്ലിക്കൊ ടുത്ത ഈശ്വരപ്രാർത്ഥന എല്ലാവരും ഏറ്റു ചൊല്ലി.

ഏതാണ്ട് പതിനഞ്ചു മിനിറ്റായിക്കാണും അടുത്ത മണി മുഴങ്ങി. ഭക്ഷണശേഷം വീണ്ടും ദൈവത്തിനു നന്ദി പറയാനുള്ളതാ ണത്.

വിളമ്പിയ ഭക്ഷണം ഒന്നും കഴി ക്കാതെ ഓരോ വറ്റും എണ്ണി പെറുക്കികൊണ്ടിരുന്ന എന്നോട് കൂടെയിരുന്നവർ വേഗം കഴി ച്ചെണീക്കാൻ പറഞ്ഞു. പോരാത്തതിന്, പ്ലേറ്റിൽ ഒന്നും ബാക്കിവെക്കരുതെന്നും ഓർമിപ്പിച്ചു.

*(തുടരും)*

*****

# മാനസികാരോഗ്യം

ഡോ. വിജയലക്ഷ്മി മേനോൻ – 9846034643

**ലോ**കാരോഗ്യ സംഘടന വിഭാവനം ചെയ്തിരിക്കുന്നത് ആരോഗ്യം എന്നാൽ ശാരീരികവും മാനസികവും ആയ ആരോഗ്യം എന്നാണ്. രണ്ടും പരസ്പരം ബന്ധപ്പെട്ടാണ് കിടക്കുന്നത്. ഏതെങ്കിലും ഒന്നിന് കോട്ടം ഉണ്ടെങ്കിൽ ആരോഗ്യമില്ല എന്നർത്ഥം.

ശാരീരിക ആരോഗ്യത്തെപ്പറ്റി നാം വളരെ ബോധവാന്മാരാണ്. ഒരു സാധാരണ തലവേദനക്ക് പോലും സ്കാൻ വേണമെന്ന് നമുക്ക് നിർബന്ധമാണ്, ഡോക്ടർ വേണ്ടെന്നു പറഞ്ഞാലും നമുക്ക് തൃപ്തിയില്ല. പിന്നെ കൺസ്യൂമർ പ്രൊട്ടക്ഷൻ നിയമം ഭയന്ന് പല ഡോക്ടർമാരും ആവശ്യം ഇല്ലാത്ത പരിശോധനകൾ നടത്തുന്നു എന്നതും ഒരു സത്യം ആണ്.

നമുക്ക് ശാരീരിക ശക്തി ഉണ്ട്,
സാമ്പത്തിക ശക്തി ഉണ്ട്,
രാഷ്ട്രീയ ശക്തി ഉണ്ട്,
വിദ്യുത് ശക്തി ഉണ്ട്,
അണു ശക്തി ഉണ്ട്,
പക്ഷെ മനഃശക്തി മാത്രം ഇല്ല.

മാനസിക ആരോഗ്യത്തിന് വേണ്ടത് മനഃശക്തി ആണ്. മനസ്സിൽ സംഘർഷങ്ങൾ ഒഴിവാക്കണം, അതിനാണ് നാം ശ്രമിക്കേണ്ടത്. പക്ഷെ ഇന്നത്തെ ജീവിത ശൈലിയിൽ അത് അല്പം ബുദ്ധിമുട്ടു തന്നെ. ഇന്ന് നമുക്കുള്ളത് മാനസിക സംഘർഷം മാത്രം ആണ്.

മാനസിക സംഘർഷം ഗർഭസ്ഥ ശിശുവിന് വരെ ഉണ്ടാകാമെന്ന് പഠനങ്ങൾ പറയുന്നു. അമ്മയ്ക്ക് മനസ്സിന് സംഘർഷം ഉണ്ടാകുമ്പോൾ ശിശു കൂടുതൽ അനങ്ങും. ചില അമ്മമാർ എങ്കിലും ഇത് അനുഭവിച്ചു കാണും.

സംഘർഷങ്ങളുടെ കാരണം അന്വേഷിച്ചു ദൂരെ പുറത്തെങ്ങും പോകേണ്ട ആവശ്യം ഇല്ല. കാരണങ്ങൾ നമ്മുടെ കൂടെത്തന്നെ ഉണ്ട്. പക്ഷെ മാനസിക ആരോഗ്യം ഒരു ചർച്ചാവിഷയം ആയതു അടുത്ത കാലത്താണ്. മുൻകാലങ്ങളിൽ ഇല്ലായിരുന്നു എന്നല്ല; പക്ഷെ സംഘർഷം അനുഭവിക്കുന്നവരുടെ എണ്ണവും തീവ്രതയും കുറവായിരുന്നു. ജീവിത ശൈലിയിലും ചിന്തകളിലും വന്ന മാറ്റങ്ങൾ തന്നെയാണ് പ്രധാനം.

കേട്ട് തഴമ്പിച്ചതാണെങ്കിലും പറയുകയാണ്. ഇന്നത്തെ അണു കുടുംബ വ്യവസ്ഥ. ഇനി അത് മാറാനും പോകുന്നില്ല. അണുകുടുംബത്തിൽ സ്വാതന്ത്ര്യമുണ്ട്, പക്ഷെ സമാധാനം കുറഞ്ഞു. പ്രശ്നങ്ങൾ പങ്കു വയ്ക്കാനും സാന്ത്വനം തരാനും ആരുമില്ല. സന്തോഷം പങ്കു വയ്ക്കുമ്പോൾ ഇരട്ടിക്കും. സങ്കടവും ദുഃഖവും പങ്കു വയ്ക്കുമ്പോൾ കുറയും എന്നൊരു ചൊല്ലുണ്ട്. പാശ്ചാത്യരെ അനുകരിച്ചു മദ്യപാനം ശീലിച്ചു കുടുംബ ബന്ധങ്ങൾ മറക്കാനും പഠിച്ചു. പക്ഷെ സമയ നിഷ്ഠയും പരിശ്രമവും വേണ്ടെന്നു വച്ചു. മാനസിക സംഘർഷം കൂടുകയും അതിറക്കി വയ്ക്കാനുള്ള അത്താണി ഇല്ലാതാവുകയും ചെയ്തു. ഉന്നത വിഭാഗത്തെ മധ്യ വിഭാഗവും, അവരെ താഴെത്തട്ടിൽ ഉള്ളവരും അനുകരിക്കാൻ തുടങ്ങിയതോടെ ഉള്ളതിൽ കൂടുതൽ ചെലവ് ചെയ്യാൻ തുടങ്ങി.

ഓരോ പ്രായത്തിനും പല ടെൻഷൻ ആണ്. കുട്ടികൾക്ക് പഠിക്കുന്ന കാര്യത്തിൽ ടെൻഷൻ. പരീക്ഷക്ക് മുൻപേ കൗൺസലിംഗ്, റിസൾട്ട് വരുന്ന സമയത്തും കൗൺസലിംഗ്. ചൈത്രത്തിൽ ഒരു കുട്ടി വന്നു. പഠിക്കാൻ മിടുക്കൻ പക്ഷെ സ്കൂളിലെ

ടീച്ചർ 10th പരീക്ഷയിൽ ഫസ്റ്റ് ആവണമെന്ന് പറഞ്ഞു ടെൻഷൻ ഉണ്ടാക്കുന്നു. മാത്രമല്ല എഴുതിയും മേടിച്ചു അത്രെ. ഒന്നര മണിക്കൂർ ആശയ വിനിമയം ചെയ്തു കഴിഞ്ഞപ്പോൾ കുട്ടി പറഞ്ഞു 'ഞാൻ ടീച്ചറോട് പറയും I will certainly try to do my very best."

അത് പോലെ തന്നെ ആണ് അച്ഛനമ്മമാരുടെ സമ്മർദ്ദം. തങ്ങളുടെ ആഗ്രഹങ്ങളും പ്രതീക്ഷകളും പറയാം, പക്ഷെ അടിച്ചേൽപ്പിക്കണ്ട. കുട്ടി പ്രത്യേകിച്ച് എന്തെങ്കിലും അഭിരുചി കാണിക്കുകയാണെങ്കിൽ. സ്പോർട്സ്, കരവിരുത്, അത് പ്രോത്സാഹിപ്പിക്കണം. ടി.വി. കാണുന്നതിന് വഴക്കു പറയാതെ നിശ്ചിത സമയം വയ്ക്കണം. പിന്നെ, കുട്ടികളെ മാറ്റി നിർത്തി നമ്മൾ സീരിയൽ കാണുന്നത് ശരിയാണോ?

ഒരു ബുദ്ധിമുട്ടും സഹിക്കാൻ ആവാതെ ആണ് ഇന്ന് കുട്ടികളെ വളർത്തുന്നത്. പ്രത്യേകിച്ച് വരുമാനം കുറഞ്ഞവർ. വലുതാകുമ്പോൾ വിചാരിച്ച കാര്യം സാധിക്കാതെ വന്നാൽ അവർ വിഷമിക്കുന്നു. കുട്ടികളെ ബുദ്ധിമുട്ടുകൾ അറിയിക്കണം, വരുമാനത്തിനുള്ളിൽ ജീവിക്കാൻ പഠിപ്പിക്കണം. സമ്പാദ്യശീലം പഠിപ്പിക്കണം. പഠിത്തത്തിൽ ശ്രദ്ധിക്കണം, പക്ഷെ അതൊരു ജ്വരം ആകരുത്. കുട്ടികളുടെ ആത്മഹത്യ നിരക്ക് കൂടി വരുന്നു. ഇക്കൊല്ലം 473 കുട്ടികൾ ജീവൻ വെടിഞ്ഞു. കുറച്ചു നാളായി പുറകിൽ കിടന്ന പ്രേമം മുന്നിലേക്ക് വന്നു തുടങ്ങി. അതിൽ മൊബൈൽ ഫോണിന് ഒരു വലിയ പങ്കുണ്ട്. ദിവസവും കുട്ടികളോട് അനുഭവങ്ങൾ പങ്കുവയ്ക്കാൻ കുറച്ചു സമയം ചിലവാക്കണം. പഠനത്തിൽ ശ്രദ്ധിക്കുന്നതോടൊപ്പം പഠിക്കാൻ താൽപര്യക്കുറവോ ശ്രദ്ധക്കുറവോ ഉണ്ടോയെന്ന് പരിശോധിക്കണം.

- മുതിർന്നവർക്ക് വീട്ടിലും ജോലിസ്ഥലത്തും സംഘർഷം ആണ്, പ്രത്യേകിച്ച് സ്ത്രീകൾക്ക്. രണ്ടു വഞ്ചിയിൽ കാലു വച്ചാണ് മിക്ക സ്ത്രീകളും ജോലിയും വീടും ഒരുമിച്ചു കൊണ്ട് പോകുന്നത്.

  കുടുംബ ബഡ്ജറ്റ് രണ്ടറ്റവും കൂട്ടി ചേർക്കാൻ ചില്ലറ സംഘർഷം ആണോ? പാല് വിലയും സ്വർണ്ണ വിലയും കുതിക്കുന്നു. പക്ഷെ പാൽ വേണ്ടെന്നു വച്ചാലും സ്വർണ്ണം ഇല്ലാതെ പറ്റുമോ?
- ഇന്നത്തെ ഉപഭോക്ത സംസ്കാരം എടുത്തു പറയട്ടെ, ആഡംബര ഭ്രമം, അനുകരണ ശ്രമം. നമ്മുടെ വരുമാനത്തിന് അതീതമായി ജീവിക്കുന്ന രീതിയാണ് പലരും സ്വീകരിച്ചു വരുന്നത്.

  ക്രെഡിറ്റ് കാർഡ്, ലോൺ, ഇൻസ്റ്റാൾമെന്റ് സ്കീമുകൾ ഇവയെല്ലാം നമ്മളെ കടത്തിൽ നിന്നും കടത്തിലേക്കു നയിക്കുന്നു. ഒരു ചെക്ക് കൊടുത്താൽ കാർ കിട്ടും പക്ഷെ ഇൻസ്റ്റാൾമെന്റ് അടച്ചില്ലെങ്കിൽ ക്വട്ടേഷൻ പാർട്ടികൾ പുറകെ വരും. അപ്പോൾ ശാരീരികമായും സംഘർഷം ഉണ്ടാകാം.
- പലപ്പോഴും പരസ്യങ്ങളും പരസ്യ വാചകങ്ങളും നമ്മെ പ്രലോഭിപ്പിക്കുന്നു. 'അയല പൊരിച്ചതും കരിമീൻ വറുത്തതും' ആ പൊടി ഉപയോഗിച്ചാൽ ഭർത്താക്കന്മാർ ഇങ്ങനെ കൊഞ്ചും എന്ന് സ്ത്രീകൾ വിചാരിക്കും. സാധനങ്ങൾ മേടിക്കുമ്പോൾ അവശ്യം, അത്യാവശ്യം, ആവശ്യം, അനാവശ്യം എന്ന് നോക്കാറില്ല.
- മകൾ പ്രായമാകുമ്പോൾ ഡൗറി സംഘർഷം. സ്ത്രീധന നിരോധന നിയമം കടലാസ്സിൽ മാത്രം. ചെറുപ്പക്കാർ ജോലി അന്വേഷിച്ചു വിഷമിക്കുന്നു. ക്യാമ്പസ് സെലക്ഷൻ കിട്ടിയാൽ രക്ഷപെട്ടു. പക്ഷെ ശമ്പളത്തിന്റെ ഭാരം കൂടുംതോറും ജോലി സമയവും ഭാരവും കൂടും. പ്രൊജക്റ്റ് തീർക്കാൻ സമയ പരിധി ഉണ്ടാകും. മാനസിക പിരിമുറുക്കം ഫലം.

സ്ത്രീകൾ സ്വാതന്ത്ര്യത്തിനും സമത്വത്തിനും വേണ്ടി പോരാടുന്നു. തീർച്ചയായിട്ടും രണ്ടും വേണ്ടതാണ്, എന്നിട്ടും സ്ത്രീ പീഡനവും ഗാർഹിക പീഡനവും കൂടി വരുന്നു. പുരുഷന്മാർ ജോലി ചെയ്തിരുന്ന മേഖലകൾ ഒക്കെ സ്ത്രീകൾ കീഴടക്കി. പക്ഷെ മാനസികമായി സ്വതന്ത്രരാണോ? തെറ്റായ ധാരണകളാണ് ചില സ്ത്രീകൾക്ക് ഉള്ളത്. സീനിയർ സിറ്റിസൺസിനും ഉണ്ട് സംഘർഷങ്ങൾ.

നമ്മുടെ ജീവിതത്തിൽ 5 stages : monkey, horse, donkey, dog, owl.

സീനിയർ സീനിയർ സിറ്റിസൺസ് കാവൽപ്പട്ടി സ്റ്റേജിലേക്ക് അടുക്കുന്നു.

നമുക്കും വേണം മാനസിക ആരോഗ്യം. ഈ പ്രായത്തിൽ വിഷമിപ്പിക്കുന്ന കാര്യങ്ങൾ രോഗങ്ങൾ മറവി സാമ്പത്തികം ഒറ്റപ്പെടൽ വീട്ടിൽ നിന്നും സമൂഹത്തിൽ നിന്നും മാനസികം മരണ ഭയം ഇതെല്ലം നിസ്സംഗതയോടെ നേരിടാൻ ശ്രമിക്കണം. വാനപ്രസ്ഥം വീട്ടിലും ആവാം, കാട്ടിൽ പോകണമെന്നില്ല. നാം നമ്മളായി തന്നെ ജീവിക്കണം. മറ്റുള്ളവരുടെ കുറ്റങ്ങളും കുറവുകളും കണ്ടുപിടിക്കാൻ മാത്രമായി ദൈവം തന്ന ഈ പുണ്യ ജീവിതം ഉപയോഗിക്കരുത്. നമ്മളെ കൊണ്ട് കഴിവതും മറ്റുള്ളവരെ സഹായിച്ചു നന്മയോടെ ജീവിക്കുകയും ചെയ്യണം. ചില ഹോബീസ് ഉണ്ടാക്കി എടുക്കാം. യോഗയ്ക്കും, പ്രാർഥനക്കും വലിയ സ്ഥാനം ഉണ്ട്. ആഗ്രഹങ്ങളും പ്രതീക്ഷകളും പ്രത്യാശകളുമില്ലാതെ നമുക്ക് ജീവിക്കാൻ പറ്റുകയില്ല എന്ന സത്യത്തോടൊപ്പം ഇവ നമ്മളെ അമിതമായി സ്വാധീനിക്കാതിരുന്നാൽ തീർച്ചയായും മനസ്സ് ആരോഗ്യകരം ആയിരിക്കും.

പിന്നെ ചൈത്രം എന്ന സംഘടനയും ഉണ്ട്. വിഷമങ്ങൾ പങ്കു വയ്ക്കാനും ശ്രദ്ധയോടെ ഒരു ഉറ്റ സുഹൃത്തിനെ പോലെ ഒപ്പം നിൽക്കാനും നല്ല ഒരു അത്താണിയാണ് ചൈത്രം.

പിഞ്ചു കുട്ടികൾ പോലും സാധാരണയായി ഉപയോഗിക്കുന്ന ഒരു വാക്കാണ് ടെൻഷൻ. എന്താണ് ഈ ടെൻഷൻ എന്ന് ചോദിച്ചാൽ ഒന്നിനും സമയമില്ല. പഠിത്തം, ട്യൂഷൻ ... മതിയായി, സമയമില്ല.

ഒരു കുട്ടിക്ക് കളിയ്ക്കാൻ പോകണമെന്ന് പറഞ്ഞപ്പോൾ ടെന്നീസിന് ചേർക്കൂ എന്ന് ഞാൻ പറഞ്ഞു, വേൾഡ് നമ്പർ വൺ ആകണം എന്നും പറഞ്ഞു. കുട്ടിയുടെ മറുപടി എന്നെ അതിശയിപ്പിച്ചു. എനിക്ക് ഒന്നും ആകേണ്ട, ഒന്ന് റിലാക്സ് ചെയ്തു കളിച്ചാൽ മതി. പക്ഷെ അച്ഛനമ്മമാരെ കുറ്റം പറയാൻ പറ്റുമോ? അവരുടെ പ്രതീക്ഷകളും സ്വപ്നങ്ങളും മക്കളല്ലേ? ഇന്നത്തെ അളവുകോൽ സമ്പാദ്യം ആണല്ലോ. അപ്പോൾ സിലിക്കൺ വാലി സ്വപ്നം കാണുന്നതിൽ തെറ്റുണ്ടോ?

*****

**മന്നിൽക്കോളാർന്നിരമ്പും ജലനിധി, മുകളിൽ-**
**ച്ചാരുതാരാസമൂഹം**
**ചിന്നിക്കാണും നഭോമണ്ഡല,മതിനു നടു-**
**ക്കുജ്ജ്വലിക്കുന്ന ചന്ദ്രൻ**
**എന്നിസ്സർവ്വേശസൃഷ്ടിക്രമമഹിമ കുറി-**
**ക്കുന്ന വസ്തുക്കളെല്ലാ**
**മൊന്നിച്ചാഹന്ത! കാൺകെക്കരളിടയിലഹം-**
**ബുദ്ധി നിൽക്കുന്നതാണോ ?**

*വിശ്വരൂപം, വി.സി. ബാലകൃഷ്ണ പണിക്കർ.*

***അർത്ഥം***

***ഭൂമിയിൽ കോളുകൊണ്ടിരമ്പുന്ന സമുദ്രം, മുകളിൽ മനോഹരമായ നക്ഷത്രസമൂഹം, ഇവ രണ്ടിന്റെയും മദ്ധ്യത്തിൽ ശോഭിക്കുന്ന ചന്ദ്രൻ സർവ്വേശ്വരന്റെ സൃഷ്ടി മാഹാത്മ്യം കുറിക്കുന്ന വസ്തുക്കളെയെല്ലാം ഒന്നിച്ചു കാണുന്ന സമയത്ത് ആരുടെയെങ്കിലും മനസ്സിൽ അഹങ്കാരം നിലനിൽക്കുമോ ?***



# എറണാകുളം കരയോഗം നവരാത്രി ആഘോഷം 2023 ഒക്ടോബർ 15 മുതൽ ഒക്ടോബർ 24 വരെ



**"സരസ്വതി നമസ്തുഭ്യം വരദേ കാമരൂപിണി**
**വിദ്യാരംഭം കരിഷ്യാമി സിദ്ധിർഭവതു മേ സദാ"**

2023 (1199) -ലെ എറണാകുളം കരയോഗത്തിന്റെ നവരാത്രി ആഘോഷം മുൻവർഷങ്ങളിലെപ്പോലെ വിപുലമായ കലാപരിപാടികളോടു കൂടി ഒക്ടോബർ മാസം 15-ാം തീയതി മുതൽ ഒക്ടോബർ 24-ാം തീയതി വരെ ടി. ഡി.എം ഹാളിൽ വെച്ചു നടത്തുവാൻ തീരുമാനിച്ചിരിക്കുന്ന വിവരം സസന്തോഷം അറിയിച്ചു കൊള്ളുന്നു.

**ഒക്ടോബർ മാസം 15-ാം തീയതി മുതൽ ഒക്ടോബർ 24-ാം തീയതി വരെ ദിവസവും രാവിലെ 7 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെ ദേവീ ഭാഗവത പാരായണം ഉണ്ടായിരിക്കുന്നതാണ്.**

കന്നിമാസത്തിലെ ശുക്ലപക്ഷം തുടങ്ങി വരുന്ന ദശമി തിഥി ഉദയാൽ പരം 6 നാഴികയോ അതിൽ കൂടുതലോ ഉള്ള ദിവസമാണ് വിജയദശമി. ഈ ദിവസമാണ് വിദ്യാരംഭത്തിന് ഏറ്റവും ഉചിതമായിട്ടുള്ളത്. എന്നാൽ ആറ് നാഴികയെങ്കിലും ദശമിതിഥി ലഭിക്കാത വന്നാൽ തലേദിവസം വിജയദശമിയായി കണക്കാക്കേണ്ടതാണ്. പൂജ വെയ്ക്കുന്നത് അസ്തമയ സമയത്ത് അഷ്ടമി തിഥി വരുന്ന ദിവസവും വിദ്യാരംഭം ദശമിതിഥി ഉദയാൽ പരം 6 നാഴികയെങ്കിലും ഉള്ള ദിവസവുമാണ്. അതനുസരിച്ച് ഈ വർഷത്തെ പൂജവെപ്പും പൂജയെടുപ്പും താഴെ പറയും പ്രകാരമാണ് നടത്തേണ്ടത്.

2023 ഒക്ടോബർ 22 (1199 തുലാമാസം 5-ാം തീയതി) ഞായറാഴ്ച പൂജവെയ്പ്പ്, ദുർഗ്ഗാഷ്ടമി
2023 ഒക്ടോബർ 23 (1199 തുലാമാസം 6-ാം തീയതി) തിങ്കളാഴ്ച മഹാനവമി (വൈകീട്ട് ആയുധ പൂജ)
2023 ഒക്ടോബർ 24 (1199 തുലാമാസം 7-ാം തീയതി) ചൊവ്വാഴ്ച വിജയദശമി പൂജയെടുപ്പ് വിദ്യാരംഭം.

കുട്ടികൾക്ക് രണ്ടര വയസ്സ് മുതൽ വിദ്യാരംഭം കുറിക്കാവുന്നതാണ്. വിദ്യാലാഭം ഉണ്ടാവണമെന്ന ആഗ്രഹമുള്ളവർ സരസ്വതിദേവിയെ നിത്യവും പൂജിച്ചാരാധിക്കുന്നത് ലക്ഷ്യപ്രാപ്തിക്ക് അത്യുത്തമമാണ്. വിശിഷ്യാ, സർവ്വവിദ്യകളുടെയും സർവ്വകലകളുടെയും ദേവതയായ സരസ്വതി ദേവിയെ നവരാത്രി ദിവസങ്ങളിൽ പൂജിച്ചാരാധിക്കുന്നത് ഏറെ പ്രയോജനപ്രദമാണ്.

സരസ്വതീദേവിയുടെ പ്രാർത്ഥനാമന്ത്രമോ, ഗായത്രിമന്ത്രമോ, രണ്ടും കൂടിയോ വേണം ദേവിയെ പൂജിക്കുമ്പോൾ ചൊല്ലേണ്ടത്. ഇത് രണ്ടും നിത്യവും ചൊല്ലുന്നത് ഐശ്വര്യദായകമാണ്.

**"ഓം ഭൂർ ഭുവ സ്വ:**
**തത്സവിതുർ വരേണ്യം**
**ഭർഗ്ഗോദേവസ്യ ധീമഹി**
**ധിയോ യോന: പ്രചോദയാത്"**

സസ്നേഹം
**പി.രാമചന്ദ്രൻ (വേണു)**
ജനറൽ സെക്രട്ടറി

ഒന്നാം ദിവസം

## 15.10.2023 ഞായറാഴ്ച



### നവരാത്രി ആഘോഷപരിപാടികളോട് അനുബന്ധിച്ച് എല്ലാ ദിവസവും 15-10-2023 മുതൽ 23-10-2023 വരെ രാവിലെ 7 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെ ശ്രീമദ് ദേവീ ഭാഗവതപാരായണം ഉണ്ടായിരിക്കുന്നതാണ്.

വൈകുന്നേരം 6.00 മണി മുതൽ 7.00 വരെ

# നവരാത്രി ആരംഭം

## വയലിൻ ഫ്യൂഷൻ

**കരയോഗം വയലിൻ വിദ്യാർത്ഥികളുടെ**

**സംവിധാനം: സദാനന്ദൻ മാസ്റ്റർ**

---

7.15 ന്

# വിവിധ കലാപരിപാടികൾ

## അവതരണം : നായർ സ്ത്രീസമാജം

*With Best Compliments From :*

**HARISREE CATERERS**

**PUTHEN KULATHOOR HOUSE**

**KANNAN KULANGARA, TRIPUNITHURA- 682301**

**M. DAMODARAN, PHONE : 2778310, MOB : 9847058310**

**CATERERS FOR MARRIAGES & PARTIES ETC.**

രണ്ടാം ദിവസം

## 16.10.2023 തിങ്കളാഴ്ച



വൈകുന്നേരം 6.00 മുതൽ 7.30 വരെ

# നൃത്ത പരിപാടി
# ശ്രീമതി. അർച്ചിത അനീഷ്കുമാർ

**അവതരണം : അർച്ചിത അനീഷ്കുമാർ & വിദ്യാർത്ഥികൾ**



ശ്രീമതി അർച്ചിത അനീഷ് കുമാർ കലാമണ്ഡലം ലീലാമണിയുടെ കീഴിൽ നൃത്തപഠനം ആരംഭിച്ചു. പതിനാലാം വയസ്സു മുതൽ നാട്യവിശാരദ അനുപമ മോഹന്റെ കീഴിൽ കുച്ചിപ്പുടിയും അഭ്യസിച്ചു തുടങ്ങി. കേരളസംസ്ഥാന സ്കൂൾ കലോത്സവത്തിൽ ഭരതനാട്യം , മോഹിനിയാട്ടം, കുച്ചിപ്പുടി എന്നീ ഇനങ്ങളിൽ നിരവധി തവണ ഒന്നാം സ്ഥാനവും ടോപ്പ് സ്കോറർ ബഹുമതിയും ലഭിച്ചു. എറണാകുളം സെന്റ് തെരേസാസ് കോളേജിൽ നിന്ന് സോഷ്യോളജിയിൽ ബിരുദവും ബിരുദാനന്തര ബിരുദവും പൂർത്തിയാക്കി. ഈ കാലയളവിൽ തുടർച്ചയായി നാലു വർഷം എം.ജി. യൂണിവേഴ്സിറ്റി കലോത്സവത്തിൽ കലാതിലകമായി തിരഞ്ഞെടുക്കപ്പെട്ടു. ഒപ്പം എം.ജി. യൂണിവേഴ്സിറ്റിയെ പ്രതിനിധീകരിച്ച് സൗത്ത്, നാഷണൽ ഇന്റർ യൂണിവേഴ്സിറ്റി കലോത്സവങ്ങളിൽ മത്സരിച്ച് സമ്മാനാർഹയായി. ഇൻഡോറിൽ വെച്ച് നടന്ന സാർക്ക് രാജ്യങ്ങളുടെ അന്തർദേശീയ സാംസ്കാരിക സംഗമത്തിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് നൃത്തം അവതരിപ്പിച്ചു. ഇന്ത്യൻ മാനവവിഭവശേഷി മന്ത്രാലയത്തിന്റെ സാംസ്കാരിക വിനിമയ പരിപാടിയുടെ ഭാഗമായി ജപ്പാനിൽ നിരവധി വേദികളിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് നൃത്തപരിപാടികൾ അവതരിപ്പിച്ചു.

നൃത്തരംഗത്ത് നൽകിയ സംഭാവനകളെ പരിഗണിച്ച് നാട്യരഞ്ജിനി, നാട്യപ്രഗ, നാട്യകൗസ്തുഭം, നാട്യകലാരത്ന, നാട്യബ്രഹ്മരി പുരസ്കാരങ്ങൾ ലഭിച്ചു. ഇതോടൊപ്പം ഭാരതിദാസൻ യൂണിവേഴ്സിറ്റിയിൽ നിന്ന് ഭരതനാട്യത്തിൽ ബിരുദം നേടി. നിലവിൽ എറണാകുളം കേന്ദ്രീകരിച്ച് 'വൈഖരി എന്ന പേരിൽ നൃത്തകലാലയം നടത്തി വരുന്നു. റോസ് ഡെയ്ൽ, Near P F Office, കത്രിക്കടവ്, എറണാകുളം, ഫോൺ : 9400528989

---

## ടി.ഡി.എം. ഓർക്കസ്ട്ര

**7.45 മുതൽ 9.15 വരെ**

## കരയോഗം സാംസ്ക്കാരികവിഭാഗം അവതരിപ്പിക്കുന്ന സംഗീതപരിപാടി


**WITH BEST COMPLIMENTS FROM :**



**INSURANCE ADVISOR**

DEALING WITH
LIC OF INDIA
ORIENTAL INSURANCE
MANIPAL CIGNA HEALTH INSURANCE
CARE HEALTH INSURANCE

K. RAJAGOPAL    Please Call: 9447665607

മൂന്നാം ദിവസം

## 17.10.2023 ചൊവ്വാഴ്ച



വൈകുന്നേരം 6.00 മുതൽ 9.00 വരെ

# ക്ലാസ്സിക്കൽ നൃത്തസന്ധ്യ

### ശ്രീമതി. ആർ.എൽ.വി. സുമ രാജ് മേനോന്റെ ശിഷ്യഗണങ്ങളുടെ ക്ലാസ്സിക്കൽ നൃത്തസന്ധ്യ



ശ്രീമതി സുമ രാജ് മേനോൻ തൃപ്പൂണിത്തുറ ആർ എൽ വി കോളേജ് ഓഫ് മ്യൂസിക് ഫൈൻ ആർട്സിൽ നിന്നും 1988-ൽ ഭരതനാട്യത്തിൽ ഡിപ്ലോമ ഫസ്റ്റ് ക്ലാസ്സ് നേടി നൃത്ത രംഗത്തേയ്ക്ക് ചുവടു വെച്ചു.

ഒരു പതിറ്റാണ്ടിൽ ഏറെയായി ഇടപ്പള്ളിയിലെ സ്വവസതിയിൽ നൃത്ത പ്രിയ സ്കൂൾ ഓഫ് ഡാൻസ് എന്ന നൃത്ത വിദ്യാലയം നടത്തുന്നു. പ്രായഭേദമെന്യേ എല്ലാ വിഭാഗം കുട്ടികൾക്കും മുതിർന്ന നൃത്ത വിദ്യാർത്ഥികൾക്കും പരിശീലനവും അവരുടെ കഴിവ് പ്രകടിപ്പിക്കാനുള്ള അവസരവും നൽകി വരുന്നു.

പ്രശസ്ത ഭരതനാട്യം ഗുരു കലാക്ഷേത്ര വിലാസിനി ടീച്ചറുടെ കീഴിൽ ഭരതനാട്യം, ശ്രീദേവി രാജൻ ടീച്ചറുടെ കീഴിൽ മോഹനിയാട്ടവും, ഏവൂർ രാജേന്ദ്രൻ പിള്ള ആശാന്റെ കീഴിൽ കഥകളി പരിശീലനവും തുടരുകയും ചെയ്യുന്നു.

Rajesh. K. R
9847107989

*With Best Compliments From :*



PERFECT INTERIOR
60/403A, Panekattu House
George Eden Road
Panampilly Nagar, Kochi - 682036
perfectinterior2017@gmail.com
9497796347, 9447396615

FALSE CEILING. ARCHITECTURAL CORNICES & MOULDINGS
AND ALL TYPES OF INTERIOR WORKS

*With Best Compliments From :*

**T. RADHAKRISHNAN**

**RADHAKRISHNA CATERERS**

Nandanam, Eroor, Tripunithura

**Phone : 9388605714, 9388812584, 9744651709**

നാലാം ദിവസം

## 18.10.2023 ബുധനാഴ്ച



വൈകുന്നേരം 6.00 മുതൽ 7.30 വരെ

## നൃത്തസന്ധ്യ

### ഡോ. ബിന്ദു സത്യജിത്ത്



വൈകുന്നേരം 7.45 മുതൽ 9.15 വരെ

## ക്ലാസ്സിക്കൽ ഡാൻസ്

### മഞ്ജുഷ ജെ. മേനോൻ


*With Best Compliments From :*

**S.M. ELECTRICALS**

A GRADE ELECTRICAL CONTRACTORS

LICENSE NO: CA 376

ALAPPAT CROSS ROAD, RAVIPURAM, COCHIN - 682016

**K. SADIESH**

9447022006, 0484-2357439, Email: smelectrics82@yahoo.com

അഞ്ചാം ദിവസം

## 19.10.2023 വ്യാഴാഴ്ച



വൈകുന്നേരം 6.00 മുതൽ 9.00 വരെ

# മ്യൂസിക്കൽ ഫ്യൂഷൻ സംഗീത ലഹരി

### അവതരണം:

## നന്ദനം സിംഫണി



നന്ദനം സിംഫണി 1998 മുതൽ പനമ്പള്ളി നഗറിൽ ശ്രീ. മാവേലിക്കര നന്ദകുമാറിന്റെ നേതൃത്വത്തിൽ പ്രവർത്തനം നടത്തിവരുന്നു. ശേഷം മ്യൂസിക് ആൻഡ് ഡാൻസ് അക്കാഡമിയും. അന്തർദേശീയ അംഗീകാരം വരെ ഉള്ളതാണ് ഈ സ്ഥാപനങ്ങൾ. 1967 മുതൽ ഇദ്ദേഹം കലാരംഗത്ത് സജീവമാണ്. സംഗീതത്തോടൊപ്പം, മൃദംഗം ഉൾപ്പെടെ 6 പാശ്ചാത്യ പൗരസ്ത്യ വാദ്യോപകരണങ്ങൾ അഭ്യസിക്കുകയും, വ്യത്യസ്തങ്ങളായ ധാരാളം കലാപരിപാടികൾ ചിട്ടപ്പെടുത്തി അവതരിപ്പിക്കുവാനും കഴിഞ്ഞതു വഴി കലാലോകത്തതിന്റെ അംഗീകാരം നേടുവാനും അദ്ദേഹത്തിനു കഴിഞ്ഞു. കപ്പൽശാലയിലെ ജോലിക്കൊപ്പമാണ് ഇതെല്ലാം സാധിച്ചത് എന്ന വസ്തുത എടുത്തു പറയേണ്ടതാണ്.

പ്രഗത്ഭ കലാകാരന്മാരായ ചോറ്റാനിക്കര അജയകുമാർ വോക്കൽ, നവീൻ നാരായണൻ (മൃദംഗം), ഡോ. വൈക്കം രത്നശ്രീ അയ്യർ (തബല), ചെമ്പൈ രാജേന്ദ്രൻ, ചെമ്പൈ സനീഷ് (വയലിൻ), രാജേഷ് വൈത്തീശ്വരൻ (പുല്ലാംകുഴൽ), തൃപ്പൂണിത്തുറ സംഗീത അരുൺ (വീണ), മാവേലിക്കര നന്ദകുമാർ (ഇടയ്ക്ക, മൂർശംഖ്, ഗഞ്ചിറ, റിഥം സാമ്പിളർ) വൈക്കം മഹേഷ് ചെല്ലപ്പൻ (റിക്കോർഡർ & ഷഹനായി) എന്നിവർ ചേർന്നാണ് പരിപാടികൾ അവതരിപ്പിക്കുന്നത്.

**മാവേലിക്കര നന്ദകുമാർ - 9847799945, 9961592289**


*With Best Compliments From :*

**BRIDAL STAGE DECORATION CONTRACTORS**

Stage Decorations, Car decorations, Reception,
Bouquet making etc.
Also Undertaking Sweets Preparation

**N.S. SURESH**

(PH: 2700849, Mob : 9447171849)

ആറാം
ദിവസം

## 20.10.2023 വെള്ളിയാഴ്ച





വൈകുന്നേരം 6.00 മുതൽ 9.00 വരെ

# മോഹിനിയാട്ടം

## ഡോ. മിനി പ്രമോദ്

---

ഏഴാം
ദിവസം

## 21.10.2023 ശനിയാഴ്ച



വൈകുന്നേരം 6.00 മുതൽ 9.00 വരെ

# നൃത്ത സന്ധ്യ

### സംവിധാനം:

## കലാമണ്ഡലം മോഹനതുളസി

**കലാമണ്ഡലം മോഹനതുളസി 57 വർഷമായി ലളിതകലാസദനം എന്ന നൃത്ത വിദ്യാലയം നടത്തി വരുന്നു.**

**പത്തു വയസ്സിൽ കലാമണ്ഡലത്തിൽ ചിന്നമ്മു അമ്മ ടീച്ചറുടേയും അഭിനയ ശിരോമണി ശ്രീ. എം. ആർ. രാജരത്നം പിള്ളയുടേയും ശിക്ഷണത്തിൽ ഭരതനാട്യം, മോഹിനിയാട്ടം എന്നിവ അഭ്യസിച്ചു. എട്ടു വർഷത്തോളം രാജരത്നം മാസ്റ്ററുടെ കൂടെ ഗുരുകുല വിദ്യാഭ്യാസം നടത്തിയതിനുശേഷം മദ്രാസിൽ ശ്രീ. വെമ്പട്ടി ചിന്നസത്യമാസ്റ്ററുടേയും വിശാഖപട്ടണത്തിൽ ബാലകൊണ്ടാല റാവുവിന്റെയും കീഴിൽ കുച്ചുപ്പുഡിയും അഭ്യസിച്ചു. കലൂർ അശോകറോഡിൽ കുട്ടികൾക്കും മുതിർന്നവർക്കുമായി ക്ലാസ്സുകൾ നടത്തിവരുന്നു.**

**വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക : ലളിതകലാ സദനം ആതിര, അശോകാ റോഡ്**
**കലൂർ 682017, ഫോൺ : 9946379467 email : lalithakalasadanam@gmail.com**

എട്ടാം ദിവസം

## 22.10.2023 ഞായറാഴ്ച



വൈകുന്നേരം 6.00 മുതൽ 9.00 വരെ

നൃത്തക്ഷേത്രയിലെ വിദ്യാർത്ഥികൾ
അവതരിപ്പിക്കുന്ന

# നൃത്തപുഷ്പാഞ്ജലി

**ശ്രീദേവി രാജൻ**

**(ഡയറക്ടർ),**

**സന്ധ്യാരാജൻ**



*With Best Compliments From :*

**N.B. Ramachandran**
**Engineering Contractor**

Mob : 8289953090
rcmenon1964@gmail.com

Nalukettungal House
Kundanoor, Maradu P.O
Ernakulam, Kochi - 682304

We under take all kinds of Civil, Electrical, Mechanical
& Interior Works

*With Best Compliments From :*

**BEAUTY ART**

**BRIDAL STAGE DECORATION**

**SHAJI - 9846837512**

STAGE DECORATION INAGURATIONS & CONFERENCE
ART WORK IN THERMOCOL, CAR DECORATION & RECEPTION BOUQUET MAKING

ഒമ്പതാം ദിവസം

## 23.10.2023 തിങ്കളാഴ്ച



വൈകുന്നേരം 6.00 മുതൽ 9.00 വരെ

# നൃത്ത തരംഗം

### അവതരണം:

## ഭരത കലാമന്ദിരം
## ശ്രീമതി. സൗമ്യ സതീഷ്



ഭരതകലാമന്ദിരം 1994 – ൽ എറണാകുളത്ത് എളമക്കരയിൽ ശ്രീമതി. സൗമ്യസതീഷ് ആരംഭിച്ചു. 1990 – ൽ കോഴിക്കോട് സർവ്വകലാശാല കലാതിലകമായിരുന്ന സൗമ്യ സതീഷ്, കലാമണ്ഡലം ശ്രീദേവി ഗോപിനാഥിന്റെ ശിഷ്യയാണ്. പിന്നീട് കലാമണ്ഡലം മോഹനതുളസിയുടെ കീഴിൽ നൃത്തപഠനം തുടർന്നു. മലയാള കവിതകളുടെ നൃത്താവിഷ്കാരത്തിലൂടെ ശ്രദ്ധേയയായി. ഭരതനാട്യത്തിനുള്ള കലാസാഗർ തുടങ്ങിയ പുരസ്കാരം നേടിയിട്ടുണ്ട് . ഭരതകലാമന്ദിരത്തിൽ മുന്നൂറിലധികം കുട്ടികൾ ഇപ്പോൾ നൃത്തം പഠിക്കുന്നു. നിരവധി നൃത്തപരിപാടികൾ അവതരിപ്പിച്ചു വരുന്നു.

*With Best Compliments From :*

**HYTECK SANITARY WARES**

Achutha Warrier Lane (Opp. Formost)
M.G.Road, Kochi-682035, Ph : 2366015/2355565, Mob : 9349125825

***Dealers in Sanitary Wares, P.V.C, Pipes &Fittings, C.P. Bathroom Fittings, Glazed Tiles, Flooring Tiles.***

**Bell** **Finolex**

പത്താം ദിവസം

## 24.10.2023 ചൊവ്വാഴ്ച



**രാവിലെ 7.00 മണി മുതൽ 8.30 വരെ**

**ലളിതാസഹസ്രനാമം, ദേവീമാഹാത്മ്യപാരായണം**

**രാവിലെ 9.00 മണിക്ക്**

# പൂജയെടുപ്പ്

**വൈകുന്നേരം 5.00 മണിക്ക്**

## സമാപന സമ്മേളനം

NB: **നവരാത്രിയോടനുബന്ധിച്ച് നടത്തിയ കലാമത്സരങ്ങളിൽ സമ്മാനാർഹരായവർ കൃത്യം 4.45 pm ന് ഹാളിൽ എത്തിച്ചേരേണ്ടതാണ്.**

*വൈകുന്നേരം 6.30 ന്*

## നൃത്ത സന്ധ്യ

### ശ്രീമതി. പാർവ്വതി മേനോൻ



നാലാം വയസ്സിൽ ഗുരു ശ്രീമതി കലാമണ്ഡലം മോഹനതുളസി ടീച്ചറുടെ കീഴിൽ നൃത്തം അഭ്യസിച്ചു തുടങ്ങിയ പാർവ്വതി കഴിഞ്ഞ 14 വർഷമായി കുച്ചിപ്പുടി അഭ്യസിക്കുന്നു. ബാംഗ്ലൂർ അല്ലയൻസ് യൂണിവേഴ്സിറ്റിയിൽനിന്നും കുച്ചിപ്പുടിയിൽ ഡിപ്ലോമ നേടിയ പാർവ്വതി ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ കുച്ചിപ്പുടി (C.C.R.T) സ്കോളർഷിപ്പിന് അർഹയായി. ഗുരു എ.ബി. ബാലകൊണ്ടാലറാവുവിന്റെ കീഴിൽ പാർവ്വതി ഉപരിപഠനം നടത്തുന്നു. നിരവധി വേദികളിൽ കുച്ചിപ്പുടി അവതരിപ്പിച്ചിട്ടുള്ള പാർവ്വതി, 2018 ജനുവരിയിൽ സ്വാതിതിരുനാൾ കൃതികൾ മാത്രം ഉൾപ്പെടുത്തിക്കൊണ്ട് അവതരിപ്പിച്ച സ്വാതി പ്രണാമം ഏറെ ശ്രദ്ധ ആകർഷിച്ചിരുന്നു.


*With Best Compliments From :*

**SREE KRISHNA CATERERS**

**RAJAGOPAL**

Meera Bhavan, Padikkal Kavu Malekadu, Udayamperur, Tripunithura

**Mob : 8848814750**

## എറണാകുളം കരയോഗം കലാസാഹിത്യവിഭാഗം

# വിദ്യാരംഭ ദിവസം ക്ലാസ്സുകൾ ആരംഭിക്കുന്നു.

**ഡാൻസ് ക്ലാസ്സ്:** അദ്ധ്യാപിക ആർ.എൽ.വി ശ്രീമതി. ഷിൽനജിപ്സന്റെ നേതൃത്വത്തിൽ ഭരതനാട്യം, മോഹിനിയാട്ടം, എന്നീ ഇനങ്ങൾ പഠിപ്പിക്കുന്നതിന് പുതിയ ബാച്ചിലേയ്ക്ക് അഡ്മിഷൻ വിദ്യാരംഭ ദിവസം ഒക്ടോബർ 24ന് രാവിലെ 10 മണിക്ക് ആരംഭിക്കുന്നു. ഫോൺ : 9539075123

**ഡാൻസ് ക്ലാസ്സ്:** അദ്ധ്യാപിക ശ്രീമതി. മഞ്ജുഷ ജെ. മേനോന്റെ നേതൃത്വത്തിൽ സിനിമാറ്റിക്ക്, സെമി. ക്ലാസ്സിക്ക് എന്നീ ഇനങ്ങൾ പഠിപ്പിക്കുന്നതിന് പുതിയ ബാച്ചിലേയ്ക്ക് അഡ്മിഷൻ വിദ്യാരംഭ ദിവസം ഒക്ടോബർ 24ന് രാവിലെ 11.30 മണിക്ക് ആരംഭിക്കുന്നു. ഫോൺ : 9895015202

**വയലിൻ:** ശ്രീ. സദാനന്ദന്റെ ശിക്ഷണത്തിൽ നടന്നു പോരുന്ന വയലിൻ ക്ലാസ്സിലേയ്ക്ക് അഡ്മിഷൻ വിദ്യാരംഭ ദിവസം ഒക്ടോബർ 24ന് രാവിലെ 11.00 മണിക്ക് ആരംഭിക്കുന്നു. എല്ലാ ഞായറാഴ്ചകളിലും രാവിലെ 10.00 മണി മുതൽ ഫോൺ : 9447573320

**യോഗ :** ശ്രീ.ടി.ജി.തുളസിദാസിന്റെ നേതൃത്വത്തിൽ നടന്നു വരുന്ന യോഗാക്ലാസ്സുകളുടെ പുതിയ ബാച്ചുകൾ വിദ്യാരംഭ ദിവസം ഒക്ടോബർ 24ന് രാവിലെ 9.30 മണിക്ക് ആരംഭിക്കുന്നു. ഞായർ ഒഴികെയുള്ള എല്ലാ ദിവസങ്ങളിലും രാവിലെ 6.00 മണി മുതൽ 7.30 വരെ, ഫോൺ: 9495366253, 9539815944

**കരാട്ടെ:** ശ്രീ. സുനിലിന്റെ ശിക്ഷണത്തിൽ നടന്നു പോരുന്ന കരാട്ടെ ക്ലാസ്സിലേക്ക് പുതിയ ബാച്ചുകൾ ആരംഭിക്കുന്നു. തിങ്കളാഴ്ചയും, വെള്ളിയാഴ്ചയും വൈകുന്നേരം 5.00 മണി മുതൽ 6.00 മണി വരെ. ഫോൺ: 9946202889, 9072922995

വിദ്യാരംഭ ദിവസമായ ഒക്ടോബർ 24 ന് ചേരുവാൻ ആഗ്രഹിക്കുന്നവർ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ഫോൺ: 0484 2361160

*With Best Compliments From :*

**Alx Interior designs.**

"Interior Design is making the best possible use
of the available space"
For all type of interior designs

Plywood Pressing, Cutting, edge banding
@resonable price according to contract base

**Contact: JOLLY - 9497363817**

# മറവിയിലെ ഓർമ്മകൾ

പ്രൊഫ. അംബുജാക്ഷി – 9447577652

'ഭാഗത്തിന്റെ തീരുമാനം കേട്ടപ്പോൾ അച്ഛൻ എന്താണ് പറഞ്ഞത് എന്നറിയ്യോ'

'എന്റെ ഭാര്യേം മക്കളേം ഞാൻ എന്റെ വീട്ടിൽക്ക് ചെറുള്ളീൽക്ക് കൊണ്ടോവ്വോ. ഇവിടെ നിന്നാൽ ശരിയാവില്ല.'

ഏട്ടന്റമ്മയുടെ കേമദ്രുമത്തം അപ്പോഴാണ് ശരിക്കും മനസ്സിലായത് പത്തായപ്പുരയിൽ നിന്ന് ഞങ്ങളുടെ തുണികൾ മാത്രമേ എടുക്കാൻ സമ്മതിച്ചുള്ളൂ. അവിടെ അച്ഛൻ പണിയിച്ച ഒരു വലിയ ഈട്ടിക്കട്ടിൽ ഉണ്ടായിരുന്നു. അതെടുത്തുകൊണ്ടു പോരാൻ ആളുകളുമായി ചെന്നപ്പോൾ ഏട്ടന്റമ്മ എന്താണ് ചെയ്തത് എന്നറിയ്യോ തീണ്ടാർന്നിരിക്കാർന്നൂ ഏട്ടന്റെമ്മ. അവർ ആ കട്ടിലിൽ കേറിക്കിടന്നു.

സമ്മതിക്കില്ല ഞാൻ. ഇതെനിക്ക് വേണം. വല്ലാണ്ട് മോഹിച്ചതാ. ഇത് ഇവിടുന്നു കൊണ്ടുപോകാൻ ഞാൻ സമ്മതിക്കില്ല. ഏട്ടന്റെമ്മ വാശിയോടെ പറഞ്ഞു.

അമ്മ വിട്ടുകൊടുക്കാൻ തയ്യാറായില്ല.

എന്റെ നായർ എനിക്കു പണിയിച്ചതാ ഇത്. ഇത് ഞാൻ കൊണ്ടോവും.

പക്ഷെ അച്ഛൻ പറഞ്ഞു.

അമ്മോമ വെഷമിക്കണ്ട. വീട്ടിക്കട്ടില് നമുക്ക് ഇനീം ഉണ്ടാക്കാം. ആയമ്മക്ക് ശങ്കരേട്ടന്റേ ഒന്നും കിട്ടില്ല. അതുകൊണ്ട് എല്ലാവരുടേന്നും തട്ടിപ്പറിക്കട്ടെ. കുറ്റമൊന്നുമല്ല. ശങ്കരേട്ടൻ തന്നെ കേമദ്രുമ എന്നല്ലേ വിളിക്കേണ്ടത്. ആ സ്ത്രീയോട് കലഹിക്കാൻ നിക്കാതെ അമ്മോമ പോരൂ. നമുക്ക് ഒന്നും വേണ്ട. എല്ലാം എന്റെ വീട്ടിലുണ്ട്.

അങ്ങനെ ഞങ്ങൾ തറവാട്ടിൽ നിന്ന് ഇറങ്ങിയതാണ്. ഇറങ്ങുമ്പോൾ വീടിന്റെ വിലയായി ഒരു നൂറ്റിഅമ്പത്തേഴുരൂപ അമ്മാമൻ അച്ഛന്റെ കയ്യിൽ കൊടുത്തു. അതുകൊണ്ട് അച്ഛൻ എന്താണ് ചെയ്തത് എന്നറിയാമോ രണ്ടു കവലകളിൽ അത്താണി പണിയിച്ചു. ഒരു കിണർ കുഴിച്ചു. അതിനടുത്ത് ഒരു തൊടിയും. കന്നുകാലികൾക്ക് വെള്ളം കുടിക്കാൻ. അതാണ് എന്റെ അച്ഛൻ. അറിയ്യോ നിങ്ങൾക്ക്. ആ വീട്ടിക്കട്ടില് ഇപ്പോഴും തഴവാട്ടിലെ പത്തായപ്പുരയിൽ കിടക്കുന്നു.

അമ്മേ ഇതൊക്കെ ഞാൻ എത്ര പ്രാവശ്യം കേട്ടിട്ടുണ്ട്. ഇനി ഇത്തിര നേരം ഒന്നു കെടന്നൂടേ അമ്മക്ക്

അതേപ്പെ നന്നായത്. ഇത് രാത്രിയാണോ, പകലാണോ? എപ്പോൾ കെടക്കണം എന്ന് എനിക്കറിയില്ലേ നിങ്ങളൊക്കെ എടക്കെടക്ക് വന്ന് എന്തൊക്കെയോ വായിലിട്ടുതരും, മരുന്ന്, ഗുളിക എന്നൊക്കെപ്പറഞ്ഞിട്ട്. എനിക്കൊന്നും വേണ്ട. എന്റെ വീട്ടിലേക്ക് എന്നെ ഒന്നു കൊണ്ടുപോവ്വോ? എന്തുകഴിച്ചാലും ക്ഷീണം. കുറച്ചു നേരം കിടന്നാലും ക്ഷീണം. മയക്കത്തിൽ നിന്ന് ഉണർന്നാലും ക്ഷീണം മാറില്ല. എല്ലാവരേയും കാണണം എന്നു തോന്നും. ഇവിടെയുള്ളവരോടു പറയുമ്പോൾ എല്ലാവരും കണ്ണില് വെള്ളം നിറച്ചു നില്ക്കും. ആരും ഒന്നും മിണ്ടില്ല. എല്ലാവരും കൂടി എന്നെ പറ്റിക്ക്യാണ്. രണ്ട് ഏട്ത്തിമാരും ഒരനിയനും ഒരന്യേത്തീം ഒക്കെ ഉണ്ട്. പക്ഷെ, ഇവിടെ ആരെയും കാണാനില്ല. ഏട്ടന്റെമ്മയുടേയും ചെറ്യേമ്മയുടേയും മക്കളേയും കാണാറില്ല.

വിഷു രണ്ടാം തീയ്യതിയും ഓണം അവിട്ടത്തിനും തിരുവാതിരയുടെ പുണർതത്തിനു മൊക്കെ നമ്മള് നായന്മാർക്ക് ഊണ് അച്ഛന്റെ വീട്ടിലാണ്. ഞങ്ങൾ അച്ഛന്റെ വീട്ടിൽ ആയതുകൊണ്ട് വിഷുവൂണും അവിട്ടമൂണും പുണർതമൂണും ഒന്നും ഞങ്ങൾ

അനുഭവിച്ചിട്ടില്ല. ഏട്ടന്റെമ്മയുടേയും ചെറ്യേമ്മയുടേയും മക്കൾ അവരുടെ അച്ഛന്റെ വീട്ടിലും പോവാറില്ല. എല്ലാ കുട്ടികളും കൂടി ഞങ്ങളുടെ (അച്ഛന്റെ) വീട്ടിൽ ചെറൂള്ളിയിൽ കൂടും. അച്ഛനും അത് സന്തോഷമാണ്. കർക്കടകത്തിലും കന്നിയിലും ഓരോ ആഴ്ച അച്ഛന്റെ വീട്ടിൽ താമസിക്കുക എന്ന ഒരു പതിവും ഉണ്ട്. അതിനും എല്ലാവരും ഞങ്ങളുടെ വീട്ടിൽത്തന്നെയാണ് കൂടുന്നത്. ഇവിടെയാണെങ്കിൽ ആൺപെൺ വ്യത്യാസമില്ലാതെ വയറുനിറച്ചു ഭക്ഷണം കിട്ടും. പോകുമ്പോൾ പുത്തനുടുപ്പുകളും അച്ഛൻ വാങ്ങികൊടുക്കും. എന്നാൽ ഈയ്യിടെയായി ആരും വരുന്നില്ല. അവർക്കൊക്കെ എന്തുപറ്റി ആരോടു ചോദിക്കാൻ ചോദിച്ചാൽ ആരു പറയാൻ എല്ലാവരും അന്തംവിട്ടുനില്ക്കും.

കുട്ട്യേട്ടന്റെച്ഛന്റെ കാര്യമാണ് വിചിത്രം. വലിയ തറവാട്ടുകാരാണ് മൂലേപ്പാട്ടുകാർ. കുറെ സ്ഥലവും നിലവും പാട്ടം വരവും ഒക്കെ ഉണ്ട്. മരുമക്കത്തായതിന്റെ കടും പിടിത്തവും മക്കൾക്ക് ഒരു വൈക്കോൽത്തുരുമ്പു പോലും കൊടുക്കില്ല. എല്ലാം മരുമക്കൾക്ക്. അവിടുത്തെ പെണ്ണുങ്ങൾ കെങ്കേമികളാണ്. അമ്മാമാരുടെ ബലമുണ്ടല്ലോ. എല്ലാവരോടും ഒരു വക പുച്ഛോ പരിഹാസോം.

മക്കളുടെ ഭാര്യവീട്ടിൽ മക്കളുടെ ഇരുപത്തിയെട്ടോ, ചോറൂണോ, പിറന്നാളോ എന്തെങ്കിലും ഉണ്ടെങ്കിൽ അതിന്റെ ഒരാഴ്ച മുൻപുതന്നെ എന്തെങ്കിലും കൊമ്പ്രാക്കൊള്ളിക്കാരണം ഉണ്ടാക്കി തെറ്റി നില്ക്കും. പിന്നെ അതു കഴിയുന്നതുവരെ അങ്ങോട്ടേക്കില്ല. ഭാര്യക്കും മക്കൾക്കും ചെലവിനു കൊടുക്കണ്ടല്ലോ.

*(തുടരും)*

*****

## എറണാകുളം കരയോഗം - ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2023 സെപ്റ്റംബർ മാസം സംഭാവന നൽകിയവർ

| | | |
|---|---|---|
| 1. | സുരേന്ദ്രൻ നായർ. സി., തൈയ്യിൽ, ലക്ഷ്മി നഗർ, പട്ടം, തിരുവനന്തപുരം | 24,000/- |
| 2. | ബാലസുബ്രഹ്മണ്യൻ. എൻ., മണിവിഹാർ, രവിപുരം, കൊച്ചി - 16 | 15,000/- |
| 3. | സുജാത. പി. സുരജ്ജന, ഓൾഡ് തേവര റോഡ്, രവിപുരം | 10,001/- |
| 4. | കണ്ണൻ, ഡിടിപിസി സ്റ്റാൾ | 5,000/- |

**മിനിക്കഥ**

## മാറുന്ന കാലങ്ങൾ

ഉണ്ണി വാരിയത്ത് 9867179480

പണ്ട് വിദേശത്തുനിന്നും കാമുകന്മാർ കാമുകിമാർക്കെഴുതും

' കണ്ണു നിറയെ കാണാറില്ലെന്നേയുള്ളു. മനസ്സു നിറയെ നീയാണ് '

കാലം മാറി. മൊബൈൽവീഡിയോയിലൂടെ കാമുകന്മാർ കാമുകിമാരെയും കാമുകിമാർ കാമുകന്മാരെയും കണ്ണു നിറയെ കണ്ടു. മനസ്സു നിറയെ ഓർത്തു.

കാലം പിന്നെയും മാറി. ഇപ്പോൾ ചില കാമുകന്മാരുടെ കണ്ണു നിറയെ കണ്ണീരായി. ചില കാമുകിമാരുടെ മനസ്സു നിറയെ വെണ്ണീരായി. അവരുടെ ജീവിതം നിറയെ ശൂന്യതയായി.

# ഒരന്വേഷണത്തിന്റെ കഥ : കെ.വേണു

പി. ജയരാമൻ - 9847102015

1) **ഡി.സി** ബുക്ക്സ് ആഗസ്റ്റ് 2021 –ൽ പ്രസിദ്ധീകരിച്ച നക്സലൈറ്റ് നേതാവായിരുന്ന കെ. വേണുവിന്റെ ആത്മകഥയെ കുറിച്ചുള്ള ഒരു ചുരുങ്ങിയ അവലോകനമാണ് ഈ ലേഖനത്തിന്റെ വിഷയം. ഗ്രന്ഥകർത്താവിനെപറ്റി രണ്ട് വാക്കിൽ തുടങ്ങാം.

- സാമൂഹിക പ്രവർത്തകൻ, എഴുത്തുകാരൻ.
- 1945 ഡിസംബർ 6ന് കൊടുങ്ങല്ലൂരിലെ പുല്ലൂറ്റിൽ ജനനം.
- ജന്തുശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദം.
- ഗവേഷണ വിദ്യാർത്ഥി.
- രണ്ട് ദശകത്തിലേറെ നക്സലൈറ്റ് പ്രസ്ഥാനത്തിന്റെ മുൻനിര പ്രവർത്തകൻ.
- 1991 ൽ തീവ്രവാദ രാഷ്ട്രീയത്തോട് വിട.
- തുടർന്ന് ജനാധിപത്യ പ്രസ്ഥാനങ്ങളുമായി സഹകരണം.
- 1996 ൽ ജെ. എസ്.എസ് സ്ഥാനാർത്ഥിയായി കൊടുങ്ങല്ലൂർ നിയോജക മണ്ഡലത്തിൽ നിന്ന് കേരള നിയമസഭയിലേക്ക് മത്സരിച്ച് തോൽവി.
- പിന്നീട് രാഷ്ട്രീയ പാർട്ടികളിലൊന്നും ചേരാതെയുള്ള സ്വതന്ത്ര പ്രവർത്തനം.
- പ്രപഞ്ചവും മനുഷ്യനും (1970) മുതൽ 12 ലധികം കൃതികൾ.
- ഇപ്പോൾ തൃശ്ശൂരിനടുത്ത് ഒളരിയിൽ കുടുംബസമേതം താമസം.

**1. വിദ്യാർത്ഥി കാലഘട്ടം**

1945 ൽ ഏഴാമത്തെ സന്തതിയായി പിറക്കുമ്പോഴേക്കും, അച്ഛൻ അദ്ദേഹത്തിന്റെ സ്വത്തുക്കളെല്ലാം നശിപ്പിച്ചു കഴിഞ്ഞിരുന്നു. അമ്മയുടെ തറവാട് സ്വത്തുക്കൾ മക്കൾക്ക് കൂടി അവകാശപ്പെട്ടതായിരുന്നതിനാൽ ആർക്കും വിൽക്കാൻ കഴിയുമായിരുന്നില്ല. ഒമ്പതാം ക്ലാസ്സിൽ പഠിക്കുമ്പോഴാണ് അച്ഛൻ മരിച്ചത്. ഹൈസ്ക്കൂൾ ക്ലാസ്സിൽ പ്രധാന ഹോബി ഡിറ്റക്ടീവ് നോവൽ വായനയായിരുന്നു. വളരെ ചെറുപ്പം മുതലെ വേണു ഒരു ഭൗതികവാദിയായിരുന്നു. പഴയ ഹൈസ്ക്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയിരുന്ന അമ്മ, വിശ്വാസിയും നല്ല വായനക്കാരിയുമായിരുന്നു. സ്വന്തമായി ചിന്തിക്കുവാൻ പ്രേരിപ്പിക്കുന്നതിൽ അമ്മ ചെലുത്തിയ സ്വാധീനം വളരെ വലുതായിരുന്നു.

അമ്മ, കോയമ്പറമ്പത്ത് അമ്മാളു അമ്മയും, അച്ഛൻ കണഞ്ചാത്ത് വേലായുധൻ നായരും; പുല്ലൂറ്റെ സാമാന്യം ഭേദപ്പെട്ട ജന്മി കുടുംബങ്ങളിൽ നിന്നായിരുന്നു. ഹൈസ്ക്കൂൾ വിദ്യാഭ്യാസം കൊടുങ്ങല്ലൂർ ഗവൺമെന്റ് ബോയിസ് ഹൈസ്ക്കൂൾ; ബിരുദ പഠനം ഇരിഞ്ഞാലക്കുട ക്രൈസ്റ്റ് കോളേജ്, ബിരുദാനന്തര ബിരുദം കോഴിക്കോട് മലബാർ ക്രിസ്റ്റ്യൻ കോളേജ്. മഹാത്മാഗാന്ധിയുടെ ആത്മവാദവുമായി ഒരു വിട്ടുവീഴ്ചയ്ക്കും തയ്യാറല്ലാതിരുന്നപ്പോൾ തന്നെ, അദ്ദേഹത്തിന്റെ സാത്വികവും, ലളിതവുമായ ജീവിതം വല്ലാതെ സ്വാധീനിച്ചിരുന്നു. മാനസികമായി അന്നേ ഒരു കമ്യൂണിസ്റ്റ് അനുഭാവിയായിരുന്നു.

**2. എഴുത്തിന്റെ ആരംഭം**

സോവിയറ്റ് കമ്യൂണിസ്റ്റ് പാർട്ടിയും, ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടിയും തമ്മിൽ നടന്നുകൊണ്ടിരുന്ന ആശയ സമരത്തിന്റെ രേഖകൾ കുന്നിക്കൽ നാരായണനും കൂട്ടരും മാർക്സിസ്റ്റ് പബ്ലിക്കേഷൻ എന്ന ഒരു പ്രസിദ്ധീകരണകേന്ദ്രം വഴി മലയാളത്തിൽ പ്രസിദ്ധീകരിച്ചിരുന്നു. ജ്യേഷ്ഠൻ രാജൻ വഴിയാണ് ഈ രേഖകൾ ആദ്യം കാണുന്നത്. ചൈനീസ് പാർട്ടിയുടെ നിലപാടുകളാണ് കൂടുതൽ ശരിയെന്ന കണ്ടെത്തൽ മാർകിസ്റ്റ് പാർട്ടിയോട് കൂടുതൽ അടുക്കാനാണ് ആദ്യം പ്രേരണ നൽകിയത്.

കോഴിക്കോട് പഠിക്കുമ്പോൾ കോളേജ് വിട്ടാൽ അധിക ദിവസങ്ങളിലും പോകുക മാനാഞ്ചിറക്കടുത്തുള്ള ജില്ലാ ലൈബ്രറിയിലേക്കാണ്. പുതിയ പുസ്തകങ്ങൾ കുറവായിരുന്നെങ്കിലും, തനിക്കാവശ്യമുള്ള പ

ല ഫിലോസഫി പുസ്തകങ്ങളും അവിടെ ഉണ്ടായിരുന്നു. ഒന്നാം വർഷ എം.എസ്.സി വിദ്യാർത്ഥിയായിരുന്നപ്പോൾ കോളേജിന് പുറത്ത് തന്റെ ആദ്യ ലേഖനം പ്രസിദ്ധീക രിക്കുന്നത് ചെന്നൈയിൽ നിന്നും ഇറക്കി യിരുന്ന 'അന്വേഷണം' മാസികയിലാണ്. കവികളുടെയും കലാകാരന്മാരുടെയും സൃ ഷ്ടി പ്രക്രിയയ്ക്ക് പിന്നിൽ ആത്മാവിഷ്കാ രത്വരയാണ് മുഖ്യ ഘടകം എന്ന് സമർത്ഥി ക്കുന്ന സച്ചിദാനന്ദന്റെ ലേഖനത്തിനുള്ള മറുപടിയായിട്ടുള്ള ഒരു പ്രതികരണക്കുറിപ്പാ ണ് എഴുതിയത്. (സച്ചിദാനന്ദൻ അന്ന് എറ ണാകുളം മഹാരാജാസ് കോളേജിൽ എം.എ ഇംഗ്ലീഷ് ലിറ്ററേച്ചർ രണ്ടാം വർഷ വിദ്യാർത്ഥി യായിരുന്നു.) പത്രാധിപർ വലിയ പ്രാധാ ന്യം നൽകി വേണുവിന്റെ ലേഖനം പ്രസിദ്ധീ കരിക്കുകയും അതിനെക്കുറിച്ച് ഒരു മുഖപ്ര സംഗം എഴുതുകയും ചെയ്തു. 1966 ഒക്ടോ ബറിലാണ് ഈ ലേഖനം പ്രസിദ്ധീകരിച്ചത്. ഇതിനിടെ 'ഭഗവത്ഗീത 20-ാം നൂറ്റാണ്ടിൽ' എന്ന ശീർഷകത്തിൽ 10-12 അദ്ധ്യായങ്ങ ളുള്ള വേണുവിന്റെ ഒരു പരമ്പര കാമ്പിശ്ശേരി കരുണാകരൻ ജനയുഗം വാരികയിൽ പ്ര സിദ്ധീകരിക്കുകയുണ്ടായി. യുക്തിവാദിക ളുടെ ഒരു സമ്മേളനത്തിൽ പങ്കെടുത്തപ്പോൾ കുറ്റിപ്പുഴ കൃഷ്ണപിള്ളയെ പരിചയപ്പെടാ നും, ഒരു സവിശേഷ സുഹൃത്ത് ബന്ധത്തിന് തുടക്കം കുറിക്കാനും കഴിഞ്ഞു.

### 3. ശാസ്ത്രജ്ഞനാവാൻ മോഹം

എം.എ.സി കഴിഞ്ഞാൽ ജനിതകശാസ്ത്ര ത്തിൽ വികാസം പ്രാപിച്ചുകൊണ്ടിരുന്ന മോളിക്യുലാർ ബയോളജിയിൽ ഗവേഷണം നടത്തുന്നതിനെക്കുറിച്ച് ആ കാലത്ത് സ്വപ്നം കണ്ടിരുന്നു. ഒരു ശാസ്ത്രജ്ഞ നാകണമെന്ന മോഹമാണ് അന്ന് ശക്തി പ്പെട്ടുകൊണ്ടിരുന്നത്. പിന്നീട് എഴുതിയ 'പ്രപഞ്ചവും മനുഷ്യനും' എന്ന കൃതിയുടെ പൊതുഘടനയ്ക്ക് തുടക്കമിട്ടത് ഇക്കാലത്താ യിരുന്നു. പരീക്ഷയുടെ ഫലം വന്നപ്പോൾ അഞ്ച് മാർക്ക് കുറവിൽ ഒന്നാം ക്ലാസ്സ് ന ഷ്ടപ്പെട്ടു. അക്കാലത്ത് മാതൃഭൂമി ആഴ്ച പ്പതിപ്പിൽ 'മുറപ്പെണ്ണ്' എന്ന് തലക്കെട്ടിൽ തന്റെ ഒരു ശാസ്ത്രലേഖനം പ്രസിദ്ധീകരി ക്കുകയുണ്ടായി. അമ്മാവന്റെ മകളും മക നും, മുറപ്പെണ്ണും മുറച്ചെറുക്കനുമായി കണ ക്കാക്കുകയും, വിവാഹിതരാകുകയും ചെയ്യു ന്ന സാധാരണ സമ്പ്രദായത്തിന്റെ അശാ സ്ത്രീയതയും, അപകടവും വിശദീകരിക്കാ നാണ് ആ ലേഖനമെഴുതിയത്.

പഠിപ്പു കഴിഞ്ഞുള്ള ഇടവേളക്കാലത്ത് (1968 നവം. 4 ന്) കേരളത്തെ മുഴുവൻ ഞെട്ടിച്ച ആദ്യത്തെ നക്സലൈറ്റ് ആക്രമ ണങ്ങളുടെ വാർത്ത പത്രങ്ങളിൽ വന്നിരുന്നു. തലശ്ശേരി പോലീസ് സ്റ്റേഷൻ ആക്രമണം ഫലത്തിൽ വിജയിച്ചിരുന്നില്ല. വലിയൊ രു സംഘം നാടൻ ആയുധങ്ങളുമായി സ്റ്റേ ഷന്റെ മുന്നിലെത്തിയെങ്കിലും ഉള്ളിൽ കയ റാതെ ഓടിപ്പോവുകയാണുണ്ടായത്. ആരോ എറിഞ്ഞ നാടൻ ബോംബ് പൊട്ടിയതുമില്ല. ആർക്കും പരിക്കൊന്നും പറ്റിയില്ല. വയനാ ടിലെ പുൽപ്പള്ളിയിൽ പോലീസ് ക്യാമ്പിൽ വലിയൊരു സംഘം നക്സലൈറ്റുകൾ ആക്രമണം നടത്തുകയും വയർലസ് ഓപ്പ റേറ്ററേയും, സബ് ഇൻസ്പെക്ടറേയും വധി ക്കുകയും, സമീപത്തുള്ള ഒരു ഗ്രാമത്തിലെ ജന്മിമാരുടെ വീടുകൾ കൊള്ളചെയ്ത് പ ണവും സ്വർണ്ണവും അപഹരിക്കുകയും, ധാന്യങ്ങളും മറ്റും ആദിവാസികൾക്കിടയിൽ വിതരണം ചെയ്യുകയുമുണ്ടായി, എന്നതായി രുന്നു പത്രവാർത്ത.

പൂല്ലൂറ്റ് വീട്ടിലിരുന്ന് ഈ വാർത്തകൾ വായിച്ചപ്പോൾ ഈ സംഭവങ്ങൾക്ക് പിന്നിൽ പ്രവർത്തിച്ചവരോട് ബഹുമാനം തോന്നിയെ ങ്കിലും, രാഷ്ട്രീയ പ്രശ്നങ്ങളും മറ്റും ശരിക്ക് മനസ്സിലാക്കിയിട്ടേ എന്തെങ്കിലും തീരുമാന മെടുക്കൂ എന്ന് കരുതിയിരുന്നു. 1969 ആരംഭ മായപ്പോഴേക്കും പി. ഗോവിന്ദപിള്ളയുടെ നി ർദ്ദേശാനുസരണം തിരുവനന്തപുരത്തേക്ക് പോകാൻ നിശ്ചയിച്ചു.

### 4. തർജ്ജമയുടെ കാലം

ദേശാഭിമാനി കേന്ദ്രമാക്കി ഒരു പബ്ലിഷിങ് ഹൗസ് തുടങ്ങുന്നതിനെക്കുറിച്ച് പാർട്ടി ചിന്തി ക്കുന്നുണ്ടെന്നും, അതിന് സഹായമാ കും വിധം പുസ്തകങ്ങൾ തർജ്ജമ ചെയ്യലും മറ്റും തുടങ്ങാമെന്നും പിജി പറഞ്ഞു. തർജ്ജമയോ ടൊപ്പം പ്രപഞ്ചവും മനുഷ്യനും എഴുതലും

ആരംഭിച്ചു. ഇതിനിടെ ഗോവിന്ദപ്പിള്ളയുടെ കുടുംബവുമായി അടുത്തു. പിജിയുടെ ഭാര്യ, രാജമ്മചേച്ചി യൂണിവേഴ്സിറ്റി കോളേജിൽ ഫിലോസഫി പ്രൊഫസർ ആയിരുന്നു. അവർ തന്നെ ഒരു അനുജനെപ്പോലെയാണ് കണ്ടത്. താമസിയാതെ, വേണു ആ കുടുംബത്തിലെ ഒരംഗം പോലെയായി. ദേശാഭിമാനി വാരിക തുടങ്ങാനുള്ള ഒരുക്കങ്ങൾ തുടങ്ങിയിരുന്നു. താൽപ്പര്യമുണ്ടെങ്കിൽ വാരികയുടെ പത്രാധിപസമിതിയിൽ ചേരാൻ ക്ഷണം ലഭിച്ചു. പക്ഷെ, പാർട്ടി അംഗമാകണമെന്ന ഉപാധി വേണുവിന് സ്വീകാര്യമായിരുന്നില്ല. നക്സലൈറ്റ് രാഷ്ട്രീയത്തോട് അടുപ്പം തോന്നികൊണ്ടിരുന്ന കാലമായിരുന്നു അത്. തന്റെ പോക്ക് അത്ര പന്തിയല്ലെന്ന് പിജിക്ക് തോന്നിതുടങ്ങിയിരുന്നു. ദേശാഭിമാനിക്ക് വേണ്ടിയുള്ള തർജ്ജമപ്പണി അവസാനിച്ചപ്പോൾ എൻ.ബി.എസിന്റെ ആഭിമുഖ്യത്തിലുള്ള വിശ്വവിജ്ഞാനകോശത്തിൽ സബ് എഡിറ്റർ ആയി ചേർന്നു.

ആയിടക്കാണ് കൊടുങ്ങല്ലൂരിൽ ഒന്നിച്ചു പഠിച്ചിരുന്ന മേഘനാഥനെ കണ്ടുമുട്ടുകയും, അയാൾ വഴി പിന്നീട് അറിയപ്പെടുന്ന എഴുത്തുകാരായി തീർന്ന ബി. രാജുവിനേയും, കെ.ജി ശങ്കരപിള്ളയേയും പരിചയപ്പെടുകയും ചെയ്തു. 1969 ഏപ്രിൽ 22 ന് കൊൽക്കത്തയിൽ രഹസ്യമായ ഒരു യോഗത്തിൽ വച്ച് സി.പി.ഐ - എം.എൽ ഔപചാരികമായി രൂപം കൊണ്ടതിനെക്കുറിച്ച് വളരെ വൈകിയെത്തിയ ലിബറേഷൻ എന്ന പ്രസിദ്ധീകരണത്തിലൂടെയാണ് അറിയാനിടയായത്. പാർട്ടി രൂപികരണത്തിന് ശേഷം ഏതാനും മാസങ്ങൾ കഴിഞ്ഞാണ് ചാരു മജുംദാർ കേരളത്തിൽ വന്നിരുന്ന വിവരം അറിയുന്നത്. വിപ്ലവ പ്രവർത്തനങ്ങളിൽ പൂർണ്ണമായിട്ടിറങ്ങാൻ ധൃതി പിടിച്ച് ഒരു തീരുമാനമെടുക്കാൻ മുതിർന്നില്ല. ഇത്തരം കാര്യങ്ങൾ നല്ല വണ്ണം ചിന്തിക്കാൻ പ്രേരിപ്പിച്ച മറ്റൊരു ഘടകം കുറ്റിപ്പുഴ കൃഷ്ണപിള്ളയായിരുന്നു. രാഷ്ട്രീയം വേണുവിന് പറ്റില്ലെന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. ഏത് ദിശയിലായാലും, ശാസ്ത്രജ്ഞനാവണോ, അതോ വിപ്ലവ രാഷ്ട്രീയത്തിലേക്ക് തിരിയണോ എന്ന തീരുമാനം താമസിയാതെ എടുക്കണമെന്ന് തോന്നി തുടങ്ങിയിരുന്നു.

5. പ്രപഞ്ചവും മനുഷ്യനും

പുസ്തകം പൂർത്തിയായ സമയത്ത് കുറ്റിപ്പുഴയോട് ഒരു അവതാരിക എഴുതാൻ അഭ്യർത്ഥിച്ചു. തനിക്കതിന് അർഹതയില്ലെന്നും, ഈ പുസ്തകത്തിന് അവതാരികയുടെ ആവശ്യമില്ലെന്നുമാണ് അദ്ദേഹം പറഞ്ഞത്. ഒടുവിൽ ഒരു മുഖവുര സ്വയം എഴുതി 'പ്രപഞ്ചവും മനുഷ്യനും' പ്രസിദ്ധീകരിച്ചു. ഈ കൃതിയ്ക്ക് പിന്നീട് ശാസ്ത്ര സാഹിത്യ പരിഷത്ത് അവാർഡ് ലഭിച്ചു.


നമ്മുടെ ഇത്രയും പിന്നാക്കാവസ്ഥയിൽ കഴിയുന്ന ഭൂരിപക്ഷം ജനങ്ങളും നരകയാതനകളും പലതരം അനീതികളും അനുഭവിക്കുമ്പോൾ ഇതിൽ നിന്നെല്ലാം രക്ഷപ്പെട്ട് ഗവേഷണത്തിന് പോകുന്നത് ഭീരുത്വമല്ലേ എന്ന് താൻ ചിന്തിച്ചിരുന്നു. ചെറുകുന്നത്തുകാരായ രസ്സ് സഖാക്കൾ, ശിവപ്രസാദും, മാധവൻ നമ്പ്യാരും തിരുവനന്തപുരത്ത് വന്നപ്പോൾ നക്സലൈറ്റ് പ്രസ്ഥാനത്തിന്റെ കേരളത്തിലെ അവസ്ഥയെക്കുറിച്ചും മറ്റും വേണുവിന് പറഞ്ഞുകൊടുത്തു. നക്സലൈറ്റ് പ്രസ്ഥാനവുമായി ബന്ധപ്പെട്ട രാഷ്ട്രീയവും സംഘടനാപരവുമായ നിലപാടെടുക്കാൻ ഏറെക്കുറെ വ്യക്തമായ ഒരു ചിത്രം തനിക്ക് ലഭിച്ചത് അപ്പോഴാണ്. രാഷ്ട്രീയ നിലപാടുകളിൽ നേരത്തെ തന്നെ ചാരു മജുംദാറിന്റെ നിലപാടുകളോട് അടുത്ത് നിന്നിരുന്നു. ഇക്കാലത്ത് ഒരു പ്രണയത്തിൽ പെടുകയും, തന്റെ അപകടകരമായ ജീവിതം മുന്നിൽ കസ്സ് ആ ബന്ധം തിരസ്ക്കരിക്കുകയും ചെയ്തു. 'ഇംക്വിലാബ്' എന്ന മാസിക വേണുവിന്റെ നേതൃത്വത്തിൽ പ്രസിദ്ധീകരിക്കാനും തുടങ്ങി. പാർട്ടിയുടെ രാഷ്ട്രീയം പ്രചരിക്കുമ്പോൾ തന്നെ മാസികയ്ക്ക് ഒരു സ്വതന്ത്രസ്വഭാവം വേണമെന്ന് അദ്ദേഹത്തിന് നിർബന്ധമുസ്സായിരുന്നു. ആദ്യ ലക്കത്തിലെ ഉള്ളടക്കത്തിൽ സി.പി.എം, സി.പി.ഐ, സി.പി.ഐ (എം.എൽ) പാർട്ടിയെ സാധൂകരിക്കുന്ന വേണുവിന്റെ ഒരു ലേഖനവും ഉൾപ്പെടുത്തിയിരുന്നു. പരീക്ഷണാ ർത്ഥം 1000 കോപ്പികൾ മാത്രമെ അടിച്ചുള്ളൂ. ഓരോ മാസവും 1ാം തീയ്യതി മാസിക പ്രസിദ്ധീകരിക്കാനും ആദ്യ ലക്കം ജൂൺ 1ന് (1970) തന്നെ ഇറക്കാനും തീരുമാനിച്ചു.

*(തുടരും)*

# ബഹിരാകാശത്ത് തനിയെ

പത്മപ്രിയ – 8589018487

*വരുവാനില്ലാരുമിങ്ങൊരുനാളുമീ*
*വഴിക്കറിയാം അതെന്നാലുമെന്നും*
*പ്രിയമുള്ളോരാളാരോ വരുവാനുണ്ടെന്നു*
*ഞാൻ വെറുതേ മോഹിക്കുമല്ലോ*



ഒരു ബഹിരാകാശ യാത്രികനെ പോലെ ഏകാന്തതയെ ആർക്കും നിർവചിക്കാൻ സാധിക്കില്ല. മനുഷ്യരെ കാണാതെ, നേരിൽ സംസാരിക്കാതെ കൊറോണ കാലത്തു വീട്ടിൽ അടച്ചിരുന്നപ്പോൾ നമ്മൾ അനുഭവിച്ച ഏകാന്തതയല്ല ഭൂമിയിൽ നിന്നും പതിനായി രമോ ആയിരമോ കിലോമീറ്ററു കൾ അകലെയിരിക്കുമ്പോൾ ഒരു ബഹിരാകാശയാത്രികൾ അനുഭവിക്കുന്നത്. ഒരു യാത്ര പോയി വരുമ്പോഴുണ്ടാകുന്ന മാറ്റം നമ്മിൽ ചിലർക്കെങ്കിലും അറിയാവുന്നതാണ്.

പുതിയ സ്ഥലവും ആളുകളും ഭക്ഷണരീതികളുമൊക്കെ, പുതിയ ആശയങ്ങളും തുറന്നചിന്താഗതികളും പകർന്നു തരുന്നു. അത് ഏകാന്തമായുള്ള യാത്രയാവുമ്പോൾ തികച്ചും വ്യത്യസ്തമായിരിക്കും. ഹിമാലയൻ യാത്രാ വിവരണങ്ങൾ പലതും നമ്മെ ഒരു തീർത്ഥാടനത്തിന് പ്രേരിപ്പിക്കാറുണ്ട്. എന്നാൽ ബഹിരാകാശ യാത്ര ഉദ്ദേശത്തിലും കാരണം കൊണ്ടും തികച്ചും വ്യത്യസ്തമാണെങ്കിലും കൗതുകത്തോടെ വായിക്കാൻ തോന്നിയ ഒന്നാണ്. ഇന്റർനെറ്റിൽ സെർച്ച് ചെയ്തപ്പോൾ തികച്ചും യാദൃശ്ചികമായിട്ടാണ് രണ്ടു ലേഖനങ്ങൾ കണ്ടത്. ഏകദേശം

ഒരു വർഷത്തോളം തുടർച്ചയായി ആകാശവാസം അനുഷ്ഠിച്ച നാസയുടെ ബഹിരാകാശയാത്രികരായ മൈക്കൽ ലോപ്പസ് അലെഗ്രിയയുടെയും (215 ദിവസം), 340 ദിവസം അന്താരാഷ്ട്ര സ്പേസ് സ്റ്റേഷനിൽ തങ്ങിയ സ്കോട്ട് കെല്ലിയുടെയും ലേഖനമായിരുന്നു അത്. ഇരുവരും കൊറോണക്കു മുൻപ് ബഹിരാകാശയാത്ര കഴിഞ്ഞു വന്നവരാണ്.

ഒരു കുട്ടി മനസ്സുപോലെ, അവർ എങ്ങനെയാവും കിടക്കുക കഴിക്കുക ഉറങ്ങുക എന്നൊക്കെചിന്തിച്ചു പോയി. അതിലേറെ ഒറ്റക്കുള്ള ജീവിതവും. അഭിമുഖലേഖനത്തിൽ വളരെലളിതമായാണ് അവരുടെ അനുഭവങ്ങൾ പങ്കുവെച്ചത്. ഒട്ടും നിരാശയില്ലാതെ മുൻകൂട്ടിനിശ്ചയിച്ച സമയക്രമത്തിലാണ് അവർ ജോലിചെയ്തത്. നിശ്ചിത സമയത്തു എന്തൊക്കെചെയ്യണമെന്നും എന്തൊക്കെ ചെയ്തു തീർക്കണമെന്നും വളരെ വ്യക്തമായ ടൈംടേബിൾപ്രകാരമാണ് അവർ അവിടെ ജോലികൾ ചെയ്തിരുന്നത്. നിരന്തരം സഹപ്രവർത്തകരുമായിഇമെയിൽ വഴിയും വീഡിയോ വഴിയും ആശയവിനിമയം നടത്തിയിരുന്നു. കൃത്യസമയത്ത്ദൈനദിനകർമവും സമയാസമയം ഭക്ഷണവും (മുൻകൂട്ടി തയ്യാറാക്കി വച്ചത്) കഴിച്ചിരുന്നു.

സ്പേസിലെ ജീവിതം അന്റാർട്ടിക്കയിലെയും ആഴക്കടലിലെയും ജോലി വെച്ച് നോക്കുമ്പോൾസുഖപ്രദം ആണത്രേ. കുറഞ്ഞപക്ഷം കുറച്ചു നല്ല ആകാശകാഴ്ചകൾ കാണാമല്ലോ.കുടുംബത്തെയും ഇഷ്ടപ്പെട്ട ആഹാരവും പോലെ മണ്ണിന്റെ മണവും മഴ യും പാചകവുമൊക്കെ ചിലപ്പോൾ ആഗ്രഹിച്ചു പോയിരുന്നു എന്നൊഴിച്ചാൽ മാനസികമായി മടുപ്പ് തോന്നിയിട്ടില്ലത്രെ. സ്കോട്ട് കെല്ലി



കെല്ലി (ഇടത്)യും മിഖേലും

പരീക്ഷണാർത്ഥം സ്പേസ് സ്റ്റേഷനിൽ പൂക്കളും ചെടികളും നട്ടുവളർത്തിയിരുന്നു. പിന്നീടതൊരു വലിയ ആനന്ദമായി. ഭക്ഷണം കഴിക്കുമ്പോഴും മീറ്റിംഗിൽ പങ്കെടുക്കുമ്പോഴും ഒരു അലങ്കാരം മാത്രമല്ല മനസ്സിന് കുളിർമകൂടിയായി ആ പൂക്കൾ എന്ന് കെല്ലി പറയുന്നു. ഓരോ മിനിറ്റിനുംവിലയുള്ള വിട്ടുവീഴ്ചയില്ലാത്ത ദിനചര്യയായിരുന്നു സ്കോട്ട് കെല്ലി സ്പേസ് സ്റ്റേഷനിൽ പാലിച്ചിരുന്നത്. ഇത്തരം ദിനചര്യകൾ ജീവിതത്തിലെ അസ്ഥിരമായ അവസ്ഥയിൽ ലക്ഷ്യബോധവും സംതുലിതമായ മനസ്സും നല്കാൻ സഹായിക്കുമെന്നാണ് അദ്ദേഹത്തിന്റെ കാഴ്ചപ്പാട്. എല്ലാ രണ്ടാഴ്ചയിലും മാനസിക പിരിമുറുക്കം കുറക്കാൻ രണ്ടു മനഃശാസ്ത്രജ്ഞനും മനോരോഗവിദഗ്ദ്ധനുമായും സംസാരിക്കേണ്ടത് നിർബന്ധമായിരുന്നു. ആദ്യമൊക്കെ നിസാരമായി തോന്നിയെങ്കിലും അത് പിന്നീട് കെല്ലിയ്ക്ക് വളരെ ആശ്വാസം നൽകി. പരസ്പരം സഹകരിച്ചും ബലഹീനതകൾ അറിഞ്ഞും ഒരുമിച്ചു നിൽക്കുന്ന ഒരു ടീമുമായിപരിശീലനം കഴിഞ്ഞാണ് ഇവരുടെ ബഹിരാകാശ യാത്രയും അവിടുത്തെ വാസവും. അതിനാൽ പരിശീലന ഘട്ടത്തിൽ മാനസികമാ യും മുന്നൊരുക്കത്തോടെ ആണ് അവർ യാത്ര പുറപ്പെടുക. അത് തന്നെ ആണ് നേരത്തെ പറഞ്ഞ & quot; well planned daily routine" കൊണ്ട് ഉദ്ദേശിക്കുന്നതും.

ഭൂമിയെ 90 മിനിറ്റിൽ ഒരു തവണ ചുറ്റുമ്പോൾ ഓരോ 45 മിനിറ്റിലും സൂര്യോദയവും സൂര്യാസ്തമയവും അനുഭവപ്പെടുന്നു. അവിടെ ഗ്രീൻവിച്ച് സമയമാണ് പിന്തുടർന്നത്. നിരന്തരംഇമെയിലുകൾക്കും ഫോൺ കോളുകൾക്കും വീഡിയോകൾക്കും ഇടയിൽ അവരുടേതായ സമയംകണ്ടെത്തി വിനോദത്തിൽ ഏർപ്പെട്ടിരുന്നു. നിർബന്ധപൂർവമുള്ള ഈ മാറ്റിവെക്കൽ മാനസികമായ ഉണർവിനും ആരോഗ്യത്തിനും ആണ്. സ്റ്റേഷനിൽ ഉള്ളിലെ സ്ഥലം കൃത്യമായിവിനിയോഗിക്കാനും അവർ ശ്രദ്ധിച്ചു. പഠിക്കാനും വായിക്കാനും ഭക്ഷണം കഴിക്കാനുംവിനോദത്തിൽ ഏർപ്പെടാനും, മറ്റു ദിനചര്യകൾക്കെല്ലാം ചിട്ടയായി സ്ഥലം ഉപയോഗപ്പെടുത്തി.

മൈക്കൽ ലോപ്പസ്അലെഗ്രിയ പറയുന്നത് ഭൂമിയിലേക്കുള്ള തിരിച്ചു വരവിനെ പറ്റിയാണ്. വളരെ ലോലമാണ് ഭൂമിയുടെഅന്തരീക്ഷം. പക്ഷെ ഈ അന്തരീക്ഷം തന്നെയാണ് താപക്രമീകരത്തിനും ബാഹ്യതല റേഡിയേഷനിൽ നിന്നും ഉൾക്കവർഷത്തിൽനിന്നും ഭൂമിക്കു രക്ഷയേകുന്നത്. സൗരയൂഥത്തിലെ ജീവനുള്ള ഗ്രഹം എന്നതിൽ അപ്പുറം ഭൗമോപരിതലത്തിൽ നിന്നും നോക്കുമ്പോൾ ഭൂമിയെ ഒരു വലിയ സ്പേസ് ഷിപ്പായിട്ടാണ് അദ്ദേഹത്തിന് തോന്നിയത്. അതിരുകളോ സാംസ്കാരിക ഭാഷ അതിർവരമ്പുകളില്ലാത്ത ഒരു ലോകം. ഒരുമിച്ചു ഒരു ലക്ഷ്യത്തിലേക്കു വിശ്വത്തിന്റെ മറ്റൊരു കോണിലേക്കുള്ള ഒരുമിച്ചുള്ള യാത്ര. ഇതുവരെ 560 പേർ ബഹിരാകാശ യാത്ര നടത്തിയിട്ടുണ്ട് (2020 മെയിലെ കണക്ക്). പ്രശംസനീയം തന്നെ. എന്നാൽ മൈക്കൽ ലോപ്പസ് പറയുന്നത് ഒരു രാജ്യത്തു നിന്നും ഒരാൾ വീതമെങ്കിലും ഒരു ബഹിരാകാശ യാത്ര നടത്തേണ്ടതാണ്. ഓരോ വ്യക്തികൾ



മൈക്കൽ ലോപസ്-അലെഗ്രിയ

വഴി മനുഷ്യരിലേക്ക് പകർന്നു കിട്ടുന്ന പുതിയ ആശയങ്ങളും സ്വരലോകത്തെ ഒന്നായി കാണാനുള്ള ആശയവും ഒരു പുതിയ ലോകം തന്നെ സൃഷ്ടിച്ചേക്കാം. മനുഷ്യരാശിയുടെ മുന്നോട്ടുള്ള പോക്കിൽ ഓരോ നാഴികക്കല്ലാണ് ഓരോ ബഹിരാകാശയാത്രയും, അവ ഓരോന്നും വിസ്മയം തന്നെയാണ്. ഓരോ യാത്രയും വിശ്വത്തിന്റെ പുതിയ ഏടുകൾ തുറന്നു തരുന്നതോടൊപ്പം നാമെല്ലാം ഈ മഹാപ്രപഞ്ചത്തിൽ നിന്നും വ്യത്യ സ്തരല്ല നമ്മൾ തന്നെ പ്രപഞ്ചമാണെന്നും ഉള്ള ആശയത്തിലേക്കാണ് ഓരോ യാത്രികനും എത്തിച്ചേരുന്നതും യാത്ര അനുഭവങ്ങൾ പങ്കുവെക്കുന്നതും.

*****

കഥ

# പാതിമറഞ്ഞ ചന്ദ്രൻ

പത്മജ മേനോൻ – 8289887472

*തുടർച്ച*

സത്യത്തിൽ നമ്മളുടെ ഈ ബന്ധത്തിന്റെ അർത്ഥം കണ്ടു പിടിക്കുവാൻ നിഘണ്ടുവിന് പോലും കഴിയില്ലാ എന്ന് പറഞ്ഞു ചിരിച്ചപ്പോൾ അറിയാതെ ഞങ്ങളുടെ കണ്ണുകൾ ഈറനണിഞ്ഞിരുന്നു.

മോളുടെ പത്താം ക്ലാസ്സ് സ്റ്റഡീലീവ് സമയത്താണ് വർമ്മ സാറിന്റെ ഫോൺ കോൾ കണ്ട് അവൾ ചോദിച്ചത്. വർമ്മസാർ എപ്പോഴും വിളിക്കാറുണ്ടോ? ഊവ്വ് എന്ന് താൻ പറഞ്ഞപ്പോൾ എന്തിനാ സാർ എപ്പോഴും വിളിക്കുന്നത് സാർ ഒരു വാടകക്കാരൻ മാത്രമായിരുന്നില്ലേ എന്ന് ചോദിച്ചു. തനിക്ക് പെട്ടെന്ന് ദേഷ്യം വന്നു ഒരു വാടകക്കാരൻ മാത്രമായിരുന്നോ സാർ നമ്മൾക്ക് എന്തെല്ലാം സഹായങ്ങളാണ് ചെയ്തിരുന്നത്.?

അതൊരു മാനുഷികത മാത്രമാണ് അതിന് അത്ര വലിയ വിലയൊന്നും കൊടുക്കേണ്ട കാര്യമില്ല സാർ അച്ഛനല്ല അമ്മാവനുമല്ല പിന്നെ എന്ത് ബന്ധമാണ് അമ്മക്ക് പറയാനുള്ളത് എന്ന മോളുടെ ചോദ്യത്തിന് ഉത്തരമൊന്നും പറയാൻ കഴിയാതെ മിഴിനീരണിഞ്ഞുകൊണ്ട് താൻ തലതാഴ്ത്തിനിന്നു.

കാലം ഉരുണ്ടു പോയ്ക്കൊണ്ടേയിരുന്നു. മോൻ വലുതായി അറിയപ്പെടുന്ന ഡോക്ടറായി. ബാംഗ്ലൂരിലാണ് താമസം അടുത്താഴ്ച മോളുടെ കല്യാണമാണ് അവൾ ഇഷ്ടപ്പെട്ട ചെറുക്കൻ തന്നെയാണ് കല്യാണം കഴിക്കുന്നത്. രണ്ടു പേരും ബാങ്കിൽ, മോള് വന്നു ചോദിച്ചു ക്ഷണമെല്ലാം കഴിഞ്ഞോ അമ്മേ? അമ്മ വർമ്മ സാറിനെ കല്യാണത്തിന് ക്ഷണിക്കുന്നുണ്ടോ.?

ഇല്ല വിളിച്ചാൽ ഓടിവരും. സാറ് വന്ന് നിന്റെ മനസമാധാനം നഷ്ടപ്പെടണ്ട. അത് ഒക്കെ കളയൂ അമ്മേ. ഞാൻ പറയാൻ വന്നത് വർമ്മസാറിന് ഭാര്യം കുട്ടികളും ഇല്ലായിരുന്നെങ്കിൽ ഞാൻ അമ്മക്ക് കല്യാണം ആലോചിക്കുമായിരുന്നു.

നീ എന്താ ഈ പറയണ് അഞ്ജലി. നീ അമ്മയെ ഒട്ടും മനസ്സിലാക്കിയിട്ടില്ല. വർമ്മ സാറിനെ വിവാഹം ചെയ്യണമെന്ന് ഞാൻ ഒരിക്കലും ആഗ്രഹിച്ചിട്ടില്ല. മോഹനേട്ടനെ മറന്നിട്ടല്ല ഞാൻ വർമ്മസാറിനെ ഇഷ്ടപ്പെട്ടത്. മോഹനേട്ടന് എന്റെ മനസ്സിലുള്ള സ്ഥാനത്തിന് മങ്ങൽ ഏറ്റിട്ടുമില്ല. മരിച്ചു പോയവർ ഭാഗ്യവാന്മാരാണല്ലോ. ഭൂമിയിൽ പകച്ചു നില്ക്കുന്ന സമയത്ത് ശ്രദ്ധിക്കാനും ആശ്വസിപ്പിക്കാനും മനസ്സിലാക്കാനും ഒരാൾ എത്തിയപ്പോൾ അറിയാതെ മനസ്സ് ഇഷ്ടപ്പെട്ടു പോയി. പക്ഷേ ഞാനാരാണ് എന്റെ സ്ഥാനം സമൂഹത്തിലെ അദ്ദേഹത്തിന്റെ പദവി യാഥാർത്ഥ്യങ്ങൾ ഉൾക്കൊണ്ട ഒരു പെണ്ണ് തന്നെയായിരുന്നു നിന്റെ അമ്മ. ഭാര്യയും കുട്ടികളും ഉണ്ടെന്ന് അറിഞ്ഞു തന്നെയാണ് ഞാൻ ഇഷ്ടപ്പെട്ടത്. അത് അദ്ദേഹത്തിന്റെ ജീവിതത്തെ തകർക്കാനോ അപമാനപ്പെടുത്താനോ ആയിരുന്നില്ല. ആർക്കും ഒന്നും നഷ്ടപ്പെടുത്താതെ ഒരു സാന്ത്വനം. അതിന്റെ വ്യാപ്തിയിൽ ഞാൻ സുരക്ഷിതയാണെന്നുള്ള ഒരു ആത്മവിശ്വാസം നിസ്സാഹയായ ഒരു പെണ്ണ് എന്ന നിലയിൽ ഞാൻ ഇത് ആഗ്രഹിച്ചു പോയത് തെറ്റാണോ മോളെ അല്ലാതെ അമ്മ മോള് കരുതിയ പോലെ അവൾ പെട്ടെന്ന് രജനിയുടെ വായ് അടച്ചു പിടിച്ചു അമ്മ ഒന്നും പറയരുത് എനിക്കാണ് തെറ്റ് പറ്റിയത് അമ്മ എന്നോട് ക്ഷമിക്കില്ലേ എന്ന് പറഞ്ഞ് പൊട്ടിക്കരഞ്ഞപ്പോൾ താൻ അവളെ ചേർത്തു പിടിച്ചു.

വിവാഹം ഭംഗിയായി നടന്നു. വർമ്മസാറിനെ വിളിച്ചെങ്കിലും സാറ് വന്നില്ല. കല്യാണാഘോഷങ്ങൾ എല്ലാം കഴിഞ്ഞ് മോളും ഭർത്താവും യാത്രയായി. അന്ന് രാത്രി തനി

യെ കിടന്നപ്പോൾ തന്റെ അന്തകരണം മന്ത്രിക്കുന്നുണ്ടായിരുന്നു. മോഹനേട്ടാ നമ്മുടെ മകളുടെ വിവാഹം കഴിഞ്ഞു. ഇനി മോന്റെ കൂടെ വിവാഹം കഴിയണം. എന്നെ ഏൽപ്പിച്ചു പോയ മക്കളെ ഞാൻ വളർത്തി ഇത്രത്തോളം എത്തിച്ചു. മരിച്ചു കഴിഞ്ഞാൽ അവർക്ക് ഭൂമിയിലെ ബന്ധത്തെ പറ്റിയൊക്കെ ഓർമ്മയുണ്ടാകുമോ എന്തോ....... ഉറക്കം വരുന്നില്ല. ആദ്യമായിട്ടാണ് താൻ ഒറ്റക്ക് കിടക്കുന്നത്. ലീലയും കല്യാണത്തിരക്ക് കഴിഞ്ഞപ്പോൾ ഒന്ന് വീട്ടിൽ പോയി വരാം എന്നു പറഞ്ഞ് പോയി. പതിയെ എഴുന്നേറ്റ് ജനാലക്കരികിൽ പോയി നിന്നു. പാതി മറഞ്ഞ ചന്ദ്രൻ മേഘപാളികൾക്കിടയിലൂടെ കാണുന്നു. രാത്രി വളരുകയാണ് അപ്പോഴാണ് തന്റെ ഫോൺ ബെല്ലടിച്ചത്.

ഓടിപോയി നോക്കിയപ്പോൾ വർമ്മ സാർ...സാർ എന്താ കല്യാണത്തിന് വന്നില്ല. വരാൻ കഴിയുമായിരുന്നെങ്കിൽ ഞാൻ വരുയിരുന്നല്ലോ എന്ത് പറ്റി അതെക്കെ പറയാം. കല്യാണം ഭംഗിയായി നടന്നില്ലേ.? ഊവ്വ്. സാറിന്റെ കുറവ് മാത്രമേ ഉണ്ടായിരുന്നുള്ളൂ. അത് സാരമില്ല. രാത്രി ഒറ്റക്കാണോ വീട്ടിൽ അതെ എന്ന് താൻ പറഞ്ഞു. ഇവിടെ രാത്രി മഴയാണ്. ഒരിക്കൽ നമ്മൾ മഴ നനഞ്ഞത് ഓർമ്മയുണ്ടോ-ഊവ്വ് ഒരിക്കൽ ക്ഷേത്രത്തിൽ നിന്ന് മടങ്ങുമ്പോൾ പ്രതീക്ഷിക്കാതെ വന്ന മഴ നമ്മൾ രണ്ടുപേരും നന്നായി നനഞ്ഞിരുന്നു. ഇന്നും മഴ പെയ്യുന്നുണ്ടെങ്കിലും ഞാൻ ഒറ്റക്കാണ്. ഞാൻ അന്ന് മഴ നനഞ്ഞ് വീട് എത്തിയത്.

ഇപ്പോഴും മഴ പെയ്തുകൊണ്ടിരിക്കുകയാണ്. ചിലപ്പോൾ എന്നെ ഓർത്തിട്ടായിരിക്കും. എന്താ സാർ സാറ് എന്നോട് എന്തോ മറക്കുന്നുണ്ടല്ലോ വിഷമിക്കരുത് നാളെ ഞാൻ അഡ്മിറ്റ് ആകും. അടുത്ത ദിവസം തന്നെ ഓപ്പൺ ഹാർട്ട് ശസ്ത്രക്രിയ അത് കൊണ്ടാണ് കല്യാണത്തിന് വരാതെയിരുന്നത്. പ്രാർത്ഥി

ക്കണം തനിക്ക് വാക്കുകൾ കിട്ടാതെ വിറയാർന്നു. എന്നോട് ഇതുവരെയും ഒന്നും പറഞ്ഞില്ലല്ലോ സാർ. അവിടെ മഴയുണ്ടോ? അദ്ദേഹം ചോദിച്ചു. ഇല്ല ഇവിടെ പാതി മറഞ്ഞ ചന്ദ്രനാണ്. തന്റെ ജീവിതത്തിലും പാതി മറഞ്ഞ ചന്ദ്രനാകുവാനേ എനിക്ക് കഴിഞ്ഞുള്ളൂ. രജനിയിൽ വേണ്ടത്ര വെളിച്ചം പകരാൻ കഴിഞ്ഞില്ല. രജനിയുടെ ഇരുളിൽ ഒരു മിന്നാമിനുങ്ങിന്റെ നുറുങ്ങുവെട്ടം. അതു മാത്രം മതി എനിക്ക്

ഇനി എന്ത് എന്ന് അറിയില്ല. ദൈവ നിശ്ചയം എന്താണെന്നും ചിലപ്പോൾ ദൈവനിശ്ചയം മറ്റൊന്നാണെങ്കിൽ നീ എന്റെ ചേതനയറ്റ ശരീരം കാണാൻ വരരുത്. ചിലപ്പോൾ നിന്നെ കണ്ടാൽ ഞാൻ എഴുന്നേറ്റാലോ അത് വേണ്ട ഞാൻ കാത്തിരുന്നോളാം. വേണ്ട സാർ വെറുതെ ഓരോന്ന് പറയരുത്. താൻ കരച്ചിലടക്കാൻ പാടുപെട്ടു.

പിറ്റെന്ന് രാവിലെ തന്നെ ക്ഷേത്രത്തിൽ പോയി പ്രാർത്ഥിച്ച് വഴിപാട് ചെയ്തു വന്നു. പൂജാമുറിയിൽ പ്രാർത്ഥനാനിരതയായി ഇരിക്കുമ്പോഴും തന്റെ ഏകാഗ്രത നഷ്ടപ്പെടുത്തിക്കൊണ്ട് അദ്ദേഹത്തിന്റെ വാക്കുകൾ ചെവിയിൽ അലയടിച്ചുകൊണ്ടിരുന്നു. ഞാൻ മരിച്ചാൽ നീ കാണാൻ വരരുത് നിന്നെ കണ്ടാൽ ചിലപ്പോൾ ഞാൻ എഴുന്നേറ്റാലോ? അപ്പോഴും അവളുടെ ചുണ്ടുകൾ ഓം നമശിവായ മന്ത്രം ജപിച്ചുകൊണ്ടിരിക്കുകയായിരുന്നു.

*****

**ഓരോ മതവും മനുഷ്യന്റെ പരിണാമത്തിൽ അതിന്റേതായ സംഭാവകൾ നൽകിയിട്ടുണ്ട്. വിവിധ വിശ്വാസങ്ങൾ ഒരു വൻവൃക്ഷത്തിന്റെ വിവിധ ശാഖകൾ പോലെയാണെനിക്ക്. ഓരോന്നും വ്യത്യസ്ഥമാണെങ്കിൽ കൂടി തായ്ത്തടി ഒന്നുതന്നെയയാണ്.**

– *ഗാന്ധിസൂക്തം*

# കാലാവസ്ഥാ മാറ്റങ്ങളും തീരദേശ സംരക്ഷണവും

എൻ. രാജശേഖരൻ –9895550719

**6. തീരദേശ സംരക്ഷണവും മലിനീകരണവും**

ജനസംഖ്യ വർദ്ധനവ്, പ്ലാനിംങ് ഇല്ലാതെയുള്ള തീരദേശ വികസനം, തീരദേശ ശോഷണം, മലിനീകരണം എല്ലാററിനും ഉപരിയായി കാലാവസ്ഥാ മാറ്റങ്ങൾ എന്നിവ ആവാസവ്യവസ്ഥയിൽ വൻതോതിലുള്ള മാറ്റങ്ങളാണ് സൃഷ്ടിച്ചു കൊണ്ടിരിക്കുന്നത്. സമുദ്രതീരത്തോട് ചേർന്ന് താമസിക്കുന്നത് ഒരു ലക്ഷത്തിൽ കൂടുതൽ കുടുംബങ്ങളാണ്. ഇവരിൽ ഒട്ടുമുക്കാലും പരമ്പരാഗത മത്സ്യ തൊഴിലാളികളാണ്.

സമുദ്രതീരത്ത് സ്ഥിതി ചെയ്യുന്ന തണ്ണീർത്തടങ്ങൾ, കണ്ടൽ വനങ്ങൾ, ചതുപ്പ് നിലങ്ങൾ, കായലുകൾ, അഴിമുഖങ്ങൾ എന്നിവയെല്ലാം തന്നെ വൻതോതിലുള്ള ഭീഷണിയാണ് നേരിട്ടുക്കൊണ്ടിരിക്കുന്നത്.

കായൽ നികത്തുന്നത് പ്രത്യേകിച്ച് കൊച്ചി നഗരത്തോട് ചേർന്നു കിടക്കുന്ന സ്ഥലങ്ങളിൽ വ്യാപകമായ തോതിൽ നടക്കുകയാണ്. അതുപോലെ തന്നെ കണ്ടൽക്കാടുകൾ വെട്ടി നശിപ്പിക്കുന്നതും. കായൽ നികത്തുന്നതിന്റെ ഒരു ചെറിയ ഉദാഹരണം ഇതാ:-

1) 1950 – വർഷങ്ങളിൽ വേമ്പനാട്ട് കായലിന്റ് വിസ്തീർണ്ണം 2.5 ലക്ഷം ഹെക്ടറായിരുന്നു.
2) 1983 – ൽ 61200 ഹെക്ടാറായി അത് ചുരുങ്ങി.
3) 1990 – ൽ 36500 ഹെക്ടറായി വീണ്ടും കുറഞ്ഞു.
4) 2013 – ൽ ആകട്ടെ 7589 ഹെക്ടറായി വീണ്ടും കുറഞ്ഞു.

ഇങ്ങനെയാണ് ഓരോ കായൽ പ്രദേശവും ചുരുങ്ങി വരുന്നത്. ഇത് ഒരു ഉദാഹരണം മാത്രം.

തീരത്തോട് ചേർന്ന കടലിലെ അമിത മത്സ്യബന്ധനം മറ്റൊരു കാരണമാണ്. ഏതാണ്ട് 5000 ൽ പരം യന്ത്രവൽകൃത ബോട്ടുകൾ, 39000 ൽ പരം ബോട്ടുകൾ എന്നിവ കേരള തീരത്ത് മീൻ പിടിക്കുന്നതിന് പോകുന്നുണ്ട്. നമ്മുടെ ബോട്ടുകൾക്കും വള്ളങ്ങൾക്കും പുറമെ മറ്റ് സംസ്ഥാനത്ത് നിന്നുള്ള ബോട്ടുകളും ഇവിടെ എത്താറുണ്ട്. ആവാസവ്യവസ്ഥകൾക്കുണ്ടായ നാശം, കാലാവസ്ഥാ മാറ്റം, മലിനീകരണം എന്നിവയുടെ ഫലമെന്നോണം, കായലുകളിലെ മീൻപിടുത്തം ഗണ്യമായി ത്തന്നെ കുറഞ്ഞിട്ടുണ്ട്.

മലിനീകരണം അടിയന്തിര പ്രാധാന്യമുള്ള മറ്റൊരു കാര്യമാണ്. സമുദ്രം മൈക്രോ പ്ലാസ്റ്റിക്ക് കൊണ്ട് നിറഞ്ഞു കൊണ്ടിരിക്കുകയാണ്. വേമ്പനാട്ട് കായലിൽ അടിഞ്ഞ ശിക്കലിൽ നടത്തിയ പരിശോധനയിൽ കണ്ടെത്തിയ മൈക്രോപ്ലാസ്റ്റിക്കിന്റെ ആധിക്യം ശാസ്ത്ര ലോകത്തെ അമ്പരപ്പിക്കുകയുണ്ടായി. കഴിഞ്ഞ ഏതാനും വർഷങ്ങൾക്ക് മുമ്പുണ്ടായ മഹാപ്രളയം വൻതോതിലുള്ള പ്ലാസ്റ്റിക്കാണ് സമുദ്രത്തിലെത്തിച്ചത്.

കാലാവസ്ഥാ വ്യതിയാനം മൂലം ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രധാന ആഘാതം തീരദേശത്തിന്റെ ശോഷണമാണ്. ചക്രവാതങ്ങൾ മൂലമുണ്ടാകുന്ന അമിതമായ മഴയും, വെള്ളപ്പൊക്കവും സർവ്വനാശത്തിനാണ് ഇടയാക്കുന്നത്.

കടൽ വെള്ളം ഇരച്ചുകയറുന്നതിന്റെ കാരണമായി സമീപ പ്രദേശങ്ങളിലുള്ള പാർപ്പിടവും, കൃഷിയും നശിക്കാനിടയാക്കുന്നു. കടൽ നിരപ്പ് ഉയരുന്നതിന്റെ മറ്റൊരു ആശങ്കയുയർത്തുന്ന പ്രശ്നം കുട്ടനാട്

ഉൾപ്പടെയുള്ള സ്ഥലങ്ങൾ ഏതാണ്ട് മുഴുവനായും തന്നെ സമുദ്രജലത്തിനടിയാലാകുമെന്നതാണ്. സമുദ്രോപരിതല ഊഷ്മാവ് 2005 ൽ 1.5 ഡിഗ്രി സെൽഷ്യസ് ആയിരുന്നെങ്കിൽ 2010 ൽ 2 ഡിഗ്രി സെൽഷ്യസ് ആയി ഉയരുകയായിരുന്നു. താമസിയാതെ ഇത് 2.5 ഡിഗ്രി സെൽഷ്യസായി ഉയരുമെന്നാണ് ശാസ്ത്രജ്ഞന്മാരുടെ കണക്കുകൂട്ടൽ. കടൽ നിരപ്പ് ഇപ്രകാരം ഉയരുന്നതിന്റെ മറ്റൊരു ആഘാതം മത്സ്യസമ്പത്തിന്റെ നാശവും, വാണിജ്യ പ്രാധാന്യമുള്ള മത്സ്യങ്ങളുടെ സ്ഥലങ്ങൾ മാറി വരുന്നതുമാണ്.

**7. പരിഹാര മാർഗ്ഗങ്ങൾ**

1) കടലിനോട് ചേർന്ന് കിടക്കുന്ന തടാകങ്ങൾ, തീരപ്രദേശ തണ്ണീർത്തടങ്ങൾ, കായൽ പ്രദേശങ്ങൾ എന്നിവ നിർബാധം നികത്തികൊണ്ടിരിക്കുകയാണ്. ചില രാഷ്ട്രീയക്കാർ ഉൾപ്പെട്ട ലോബിയാണ് ഇതിന് പിന്നിൽ. ഇത്തരം സ്ഥലങ്ങൾ നികത്തി വിൽക്കുകയാണ് ചെയ്യുന്നത്. മേൽപ്പറഞ്ഞ തടാകങ്ങൾ, തണ്ണീർത്തടങ്ങൾ, കായൽ പ്രദേശങ്ങൾ എന്നിവ നികത്തുന്നത് കർശനമായി നിരോധിക്കുകയും, നടപ്പിലാക്കുകയും വേണം. കൂടാതെ തീരദേശ നിയന്ത്രണ വിജ്ഞാപനം നടപ്പിലായി 1991– മുതൽക്കുള്ള നികത്തലുകൾ, നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവ എത്രയും വേഗം കണ്ടെത്തി പൂർവ്വ സ്ഥിതിയിലാക്കാൻ നടപടിയെടുക്കണം. സംസ്ഥാന തീരമേഖലാ പരിപാലന അതോറിറ്റി ഇക്കാര്യത്തിൽ മുഖം നോക്കാതെ നടപടി സ്വീകരിക്കണം.

2) തീരദേശ സംരക്ഷണത്തിന് കടൽഭിത്തി കെട്ടുന്നതിന് ഒരു കിലോമീറ്ററിന് 4 കോടി രൂപ സർക്കാരിന് ചെലവാകുന്ന കാര്യം നേരത്തെ സൂചിപ്പിച്ചല്ലോ? ഇത്രയും ഭീമമായ തുക ചെലവിട്ട് കൂടി ഉദ്ദേശിക്കുന്ന ഫലം ലഭിക്കുന്നില്ലായെന്നതാണ് സത്യം. കടൽ ഭിത്തി നിർമ്മിക്കുന്നത് പാറമട പൊട്ടിച്ചെടുക്കുന്ന കരിങ്കല്ല് കൊണ്ടാണ്. ഈ പ്രവൃത്തി മൂലം ഉരുൾ പൊട്ടലിനും, മണ്ണിടിച്ചിലിനും ഇടയാക്കുമെന്ന് എല്ലാവർക്കും അറിയാവുന്നതാണ് താനും. തീവ്രമായ മഴയുണ്ടായാൽ പരിസ്ഥിതി ലോലപ്രദേശങ്ങളായ പശ്ചിമഘട്ട പ്രദേശങ്ങളിൽ ഉരുൾപൊട്ടലും മണ്ണിടിച്ചിലും സർവ്വസാധാരണമാണ്. കേരളത്തിൽ ഏതാണ്ട് മുഴുവൻ പാറമടകളും പ്രവർത്തിക്കുന്നത് പശ്ചിമ ഘട്ടത്തിലാണ്. സർക്കാറിന്റെ അനുമതിയില്ലാതെ പ്രവർത്തിക്കുന്ന പാറമടകൾ കേരളത്തിൽ നിരവധിയുണ്ട്.

3) തീരദേശ സംരക്ഷണത്തിന്, ഇപ്പോൾ അനുവർത്തിക്കുന്ന കരിങ്കൽ ഭിത്തി നിർമ്മാണം ഉപേക്ഷിക്കണം. കടൽതീരത്ത്, കടലാക്രമണം തുടർച്ചയായി കാണപ്പെടുന്ന സ്ഥലങ്ങളിൽ കണ്ടൽ ചെടികളും, തീരദേശ വൃക്ഷങ്ങളും വളരെ വ്യാപകമായി തന്നെ വച്ചു പിടിപ്പിക്കണം.

4) ഡ്രെഡ്ജിംങ്ങ് കഴിഞ്ഞതിന് ശേഷമുള്ള മണ്ണും, ചെളിയും, എക്കലും തുറമുഖത്തിന് സമീപമുള്ള ചതുപ്പുസ്ഥലങ്ങൾ നികത്തുന്ന പതിവ് നിർത്തേണ്ടതാണ്. ഇവ വിദഗ്ദ്ധാഭിപ്രായത്തിന് ശേഷമേ എവിടെ നിക്ഷേപിക്കണമെന്ന് തീരുമാനിക്കാവൂ.

5) തീരപ്രദേശത്തെ ഒരു നിശ്ചിത അളവിലുള്ള സ്ഥലം വികസന നിരോധന മേഖലയായി പ്രഖ്യാപിക്കണം. അശാസ്ത്രീയവും ഒരു പ്ലാനിംങ്ങും ഇല്ലാതെയുള്ള തീരപ്രദേശ വികസനം പരിസ്ഥിതി ലംഘനത്തിനിടയാക്കുന്നു.

6) സംസ്ഥാന തീരമേഖലാ പരിപാലന അതോറിറ്റി ഫലപ്രദമായ പ്രവർത്തനം കാഴ്ചവക്കേണ്ടിയിരിക്കുന്നു. തീരദേശ നിയമപരിപാലത്തിലുണ്ടാകുന്ന നിയമലംഘനങ്ങൾ യഥാസമയം കണ്ടെത്തേണ്ടതും കർശനമായി തന്നെ നിയമപരിപാലനം നടത്തേണ്ടതുമാണ്.

7) വ്യവസായ ശാലകളിൽ നിന്ന് ഒഴുക്കി വിടുന്ന മാലിന്യങ്ങൾ, നദികളിലേക്കും, കായലുകളിലേക്കും പിന്നെ ആത്യന്തികമായി കടലിലുമാണ് ചെന്ന് ചേരുന്നത്. വ്യവസായ മാലിന്യ നിക്ഷേപത്തിനുള്ള നിയന്ത്രണം ഒരിക്കൽ പോലും ഫലപ്രദമായി നടപ്പാക്കിയിട്ടില്ല എന്നത് ഖേദകരമാണ്. ഇക്കാര്യത്തിൽ യാതൊരു വിട്ടുവീഴ്ചയും പാടില്ല.

8) കടലിൽ ഏതാണ്ട് മുഴുവനായും തന്നെ മാലിന്യം പ്രത്യേകിച്ച് പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ കൊണ്ട് നിറയാൻ ഇനി കാലമേറെ കാത്തിരിക്കേണ്ടതില്ല. കായൽ, നദി എന്നിവടങ്ങളിലെല്ലാം വലിച്ചെറിയപ്പപെടുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ അടക്കമുള്ള സമസ്ത മാലിന്യങ്ങളും അവസാനമായി വന്നടിയുന്നത് കടലിലാണ് എന്നുള്ള ബോധമുണ്ടായിരിക്കണം. മത്സ്യസമ്പത്തിന്റെ ശോഷണം, കാലാവസ്ഥാ മാറ്റങ്ങൾ, മനുഷ്യന്റെ ആരോഗ്യത്തിന് വരെ തുടങ്ങിയവ ഇടവരുത്തുന്നതാണ്. ഗ്രാമങ്ങളിൽ നിന്നും പട്ടണങ്ങളിൽ നി ന്നും കൃത്യമായി പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ മുടങ്ങാതെ ശേഖരിക്കുകയും അവ പുനർനിർമ്മാണ പ്രക്രിയക്ക് വിധേയമാകേണ്ടതുമാണ്.

9) പൊക്കാളി കൃഷി നടത്തിയിരുന്ന കോൾ നിലങ്ങൾ മിക്കവയും നികത്തി പോയിരിക്കുന്നു. അവ ഒരു കാരണവശാലും നികത്തരുതെന്ന് നിയമം മൂലം നിരോധനമുണ്ടെങ്കിൽ കൂടി ആരും ഇത്തരം നിരോധനങ്ങൾ വകവയ്ക്കുന്നില്ല, അനുസരിക്കുന്നില്ല എന്നതാണ് സത്യം.

10) കാലാവസ്ഥാ വ്യതിയാനങ്ങളെ തുടർന്നുണ്ടാകുന്ന വെള്ളപ്പൊക്കം, മണ്ണിടിച്ചിൽ, ഉരുൾ പൊട്ടൽ എന്നീ ദുരന്തങ്ങളെ നേരിടാൻ വെള്ളപ്പൊക്ക രക്ഷാകേന്ദ്രങ്ങളും, മറ്റ് ദുരന്തനിവാരണ കേന്ദ്രങ്ങളും, ജനങ്ങളെ ബോധവൽക്കരിക്കുന്നതിനുള്ള സംവിധാനങ്ങളും, സജ്ജീകരണങ്ങളും ഏർപ്പെടുത്തേണ്ടതാണ്.

11) ദുരന്തനിവാരണ നയങ്ങളിൽ കാലാവസ്ഥാ മാറ്റങ്ങളെ തുടർന്നുള്ള വിപത്തുകളുടെ സാധ്യതകളും, അവയ്ക്കുള്ള പരിഹാര മാർഗ്ഗങ്ങളും അടിയന്തിരമായി ഏർപ്പെടുത്തേണ്ടതാണ്.

12) സമുദ്രജലനിരപ്പ് ഉയരുന്നതോടെയുണ്ടാകുന്ന കരയിലേക്കുള്ള ഉപ്പുവെള്ളത്തിന്റെ ഭീഷണിയെ നേരിടാൻ തക്ക നെൽവിത്തുകൾ, മറ്റ് കാർഷിക വിളകൾ എന്നിവയ്ക്കുള്ള കൃഷിരീതി ഇപ്പോൾ തന്നെ കണ്ടെത്തേണ്ടതുണ്ട് ഇതിന് വേണ്ടി കാർഷിക പരിശീലന ഗവേഷണ സ്ഥാപനങ്ങൾ ഇപ്പോൾ തന്നെ സുസജ്ജമാക്കേണ്ടതുണ്ട്. ഇത്തരം കണ്ടെത്തലുകൾ, തത്സമയം തന്നെ കർഷകരെ ബോധവാന്മാരാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

13) കാലാവസ്ഥാ മാറ്റങ്ങളുടെ ഫലമായി ഉണ്ടാകുന്ന സമുദ്രമത്സ്യബന്ധന മേഖലയിലെ വിപത്തുകൾ സമഗ്രമായി തന്നെ പഠിക്കേണ്ടതും, പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കാൻ വിദ്ഗദ്ധരെ നിയോഗിക്കേണ്ടതുമാണ്.

14) സമുദ്രനിരപ്പ് ഉയരുന്നതിനെ തുടർന്നുണ്ടാകുന്ന ദുരന്തങ്ങളെ നേരിടുന്നതിന് പുനരധിവാസ പ്രവർത്തനങ്ങൾ ഇപ്പോൾ തന്നെ തയ്യാറാക്കേണ്ടതും, പുനരധിവസിപ്പിക്കുന്നതിന് വേണ്ട സുരക്ഷിത സ്ഥലങ്ങൾ കണ്ടെത്തി വയ്ക്കേണ്ടതുമാണ്.

15) കായലുകളിൽ ഇപ്പോൾ നിലവിലുള്ള ഹൗസ് ബോട്ടുകളുടെ എണ്ണം നിയന്ത്രിക്കേണ്ടതും, മാലിന്യ പരിപാലനത്തിനുള്ള നിയമങ്ങൾ കർശനമായി പാലിക്കാൻ വേണ്ട നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്. ഓരോ സ്ഥലത്തും ഉൾക്കൊള്ളാൻ കഴിയുന്ന പരമാവധി ഹൗസ്ബോട്ടുകളുടെ എണ്ണം നി

യന്ത്രിക്കുകയും കർശനമായി നടപ്പാക്കുകയും വേണം.

16) സൗരോർജ്ജം, ഹൈഡ്രജൻ വാതകം എന്നീ പാരമ്പര്യേതര ഊർജ്ജം കൊണ്ട് പ്രവർത്തിക്കുന്ന ഹൗസ് ബോട്ടുകൾ മാത്രമെ കായലിൽ ഇറക്കാൻ അനുവാദം കൊടുക്കാവൂ! ഫോസിൽ ഇന്ധനം കൊണ്ടുള്ള ബോട്ടുകൾ ഘട്ടം ഘട്ടമായി പിൻവലിക്കപ്പെടണം. ബോട്ടുകളിൽ ഹരിത ശുചിമുറികൾ ഉണ്ടായിരിക്കണമെന്ന് പ്രത്യേകം നിഷ്കർഷിക്കേണ്ടതാണ്.

17) നമ്മുടെ രാജ്യത്തെ ജലവിതരണത്തിലെ നഷ്ടം അവിശ്വസനീയമാം വിധം കൂടുതലാണ്. പൈപ്പ്ജല സംവിധാനം ഉള്ള സ്ഥലത്ത് പോലും പൈപ്പ് പൊട്ടലും, ചോർച്ചയും നിത്യസംഭവമാണ്. ആഗോള താപനത്തിന്റെയും, കാലാവസ്ഥാ വ്യതിയാനങ്ങളുടെയും മറ്റൊരു ആഘാതം കുടിവെള്ളക്ഷാമമാണ്. സമുദ്രജല നിരപ്പിന്റെ ഉയർച്ചകൊണ്ട് കരയിലേക്ക് കടൽ വെള്ളം ഇരച്ചു കയറാനിടയാകുന്നു. ഇതിന്റെ ഫലമായി പൈപ്പ് ജലസംവിധാനമില്ലാത്ത സ്ഥലങ്ങളിലെ കിണറുകളിൽ ഉപ്പുവെള്ളം കടക്കാനിടയാകും. ഇങ്ങനെയുള്ള പ്രദേശങ്ങളിൽ പൈപ്പ് ജലം ലഭ്യമാക്കാനുള്ള നടപടികൾ നേരത്തെ തന്നെ സ്വീകരിക്കണം. കുടിവെള്ളം യാതൊരു കാരണവശാലും പാഴാക്കാതെ സൂക്ഷിക്കണം.

18) ഉപരിതല ജലസ്രോതസ്സുകളായ കുളങ്ങൾ, കിണറുകൾ, തടാകങ്ങൾ, മറ്റ് ജലാശയങ്ങൾ എന്നിവയിലെല്ലാം ജലനിരപ്പ് താണുകൊണ്ടിരിക്കുകയാണ്. മുൻസിപ്പാലിറ്റികൾ, വ്യവസായ ശാലകൾ എന്നിവടങ്ങളിൽ നിന്ന് പുറത്തേക്ക് വരുന്ന മലിന ജലം വേണ്ടവണ്ണം പരിചരിക്കാതെ അവയെല്ലാം മേൽപ്പറഞ്ഞ ജലസ്രോതസ്സുകളിലേയ്ക്കാണ് ഒഴുക്കി വിടുന്നത്. ജീവന്റെ നിലനിൽപ്പിന് ഏറ്റവുമധികം ആശ്രയിക്കുന്നത് ജലത്തെയാണ് എന്ന് പ്രത്യേകം ഓർക്കേണ്ടതാണ്. വേണ്ടവണ്ണം ശുദ്ധമാക്കി വേണം വ്യവസായശാലകളിൽ നിന്നും മറ്റുമുള്ള ജലം പുറത്തേക്ക് ഒഴുക്കി വിടേണ്ടത്.

******


# ജോലിക്ക് ആളെ ആവശ്യമുണ്ട്

എറണാകുളം കരയോഗത്തിലേക്ക് റിസെപ്ഷൻ, കംപ്യൂട്ടർ അസിസ്റ്റന്റ് (ലേഡീസ്), ഡ്രൈവർ, ഇലക്ട്രീഷ്യൻ, ഹെൽപ്പർ എന്നിവരെ ആവശ്യമുണ്ട്.

**താല്പര്യമുള്ളവർ കൂടുതൽ വിവരങ്ങൾക്ക്**

**എറണാകുളം കരയോഗം**
**ടി.ഡി.എം. ഹാൾ**
**ഡി.എച്ച്. റോഡ്, കൊച്ചി - 682016**
**ഫോൺ - 0484-2361160**
**8281588833**


വേദാഃ പ്രമാണം സ്മൃതയഃ പ്രമാണം
ധർമ്മാർത്ഥയുക്തം വചനം പ്രമാണം
യസ്യ പ്രമാണം ന ഭവേത പ്രമാണം
കസ്തസ്യ കര്യാദ് വചനം പ്രമാണ്?

(കുസുമദേവൻ)

വേദങ്ങൾ പ്രമാണമാകുന്നു, സ്മൃതികൾ പ്രമാണമാകുന്നു, ധർമ്മാർത്ഥങ്ങൾക്കു യോജിച്ച വചനം പ്രമാണമാകുന്നു. യാതൊരാൾക്ക് പ്രമാണങ്ങളൊന്നും പ്രമാണമാകുന്നില്ല. (ആര് പ്രമാണങ്ങളെ മാനിക്കുന്നില്ല) അയാളുടെ വാക്ക് ആരു പ്രമാണമാക്കും?

തത്ത്വങ്ങളെ ആദരിക്കാത്തവനെ മറ്റുള്ളവർ ആദരിക്കുകയില്ല.

# ജീവിതം കൂടുതൽ മുഴുവനായി ജീവിക്കുക.

യു.എസ്. രവീന്ദ്രൻ - 9496120978

(തുടർച്ച)

**5. ആരോഗ്യപരിപാലനത്തിൽ സ്വന്തം ആഗ്രഹങ്ങൾ രേഖപ്പെടുത്തുക.**

**2009** ൽ ജർമ്മനിയിൽ ഒരു നിയമം ഉണ്ടാക്കിയിട്ടുണ്ട്. ജനങ്ങൾക്ക് ആരോഗ്യപരിപാലന കാര്യങ്ങളിൽ സ്വന്തം ഇഷ്ടം തിരഞ്ഞെടുക്കാം. ഇഷ്ടമില്ലാത്ത ആരോഗ്യപരിപാലന ക്രമങ്ങൾ നിരസിക്കാം. ഡോക്ടർമാർ നിർദ്ദേശിക്കുന്നത് അപ്പാടെ സ്വീകരിക്കണമെന്നില്ല. ഈ നിയമം നടപ്പാക്കി 10 കൊല്ലം കൊണ്ട് ഇത് പരക്കെ സ്വീകരിക്കപ്പെട്ടു. ഈ നിയമപ്രകാരം ഒരാൾക്ക് ഏത് തരത്തിലുള്ള പരിപാലനമാണ് വേണ്ടതെന്ന് അയാൾക്ക് ഡോക്ടറോട് ആവശ്യപ്പെടാം. അയാളുടെ ആരോഗ്യ പരിപാലനത്തെപ്പറ്റി തീരുമാനമെടുക്കാൻ ബന്ധുക്കൾ ബുദ്ധിമുട്ടേണ്ടതില്ല. തീരുമാനങ്ങൾ എടുക്കാനുള്ള ബന്ധുകളുടെ ബുദ്ധിമുട്ടുകൾ കാണുമ്പോൾ അത് രോഗിയുടെ മാനസികാവസ്ഥയെ പ്രതികൂലമായി ബാധിക്കുന്നു എന്ന് ജർമ്മനിയിലെ ഗവേഷകർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**6. മറ്റുള്ളവർക്ക് മാപ്പുകൊടുക്കുക.**

മറ്റുള്ളവർ ചെയ്ത തെറ്റുകൾക്ക് മാപ്പ് കൊടുക്കാൻ മനസ്ഥിതിയുള്ളവർ പൊതുവെ സ്വസ്ഥരും ജീവിത സംതൃപ്തിയുള്ളവരും ആയിരിക്കുമെന്ന് 2019ൽ ബെൽജിയത്തിൽ നടത്തിയ ഒരു പഠനത്തിൽ മനശാസ്ത്രജ്ഞനായ ജസ്സി ഡെറ്റ് സർ രേഖപ്പെടുത്തിയിട്ടുള്ളതാണ് ഈ സത്യം. അദ്ദേഹം പറയുന്നു "ജീവിത സായാഹനത്തിൽ ഒന്നു തിരിഞ്ഞുനോക്കുമ്പോൾ, ഒന്ന് ഓഡിറ്റ് ചെയ്യുമ്പോൾ ചില വസ്തുതകൾ വെളിപ്പെട്ട് കിട്ടും. ഓരോ പ്രശ്നങ്ങളേയും എങ്ങിനെ നേരിട്ടു എങ്ങിനെ ഒരാളോട് പെരുമാറി, ഏതെല്ലാം ബന്ധങ്ങൾ മുറിഞ്ഞുപോയി എത്ര എത്ര സംഘർഷങ്ങൾ അനുഭവിച്ചു എന്നൊക്കെ." മാപ്പുകൊടുക്കുക, ക്ഷമിക്കുക എന്ന മാനസികാസ്ഥ വൈരാഗ്യത്തേയും വിദ്വേഷത്തെയും ഒരു തുണിക്കെട്ടിലാക്കി ദൂരെ കളയുന്ന ഒരു കലയാണ്.- ക്രിയാത്മകമായ ധന്യമായ ഒരു കല. ഇത് എല്ലാവരും പരിശീലിക്കേണ്ടതാണ്. ഇത് എതിർകക്ഷിയെ ബോധിപ്പിക്കണമെന്നില്ല. സ്വന്തം ഹൃദയത്തോട് മാത്രം പറഞ്ഞാൽ മതി. മരിച്ചുപോയവരുടെ ദുഷ്ചെയ്തികൾ ആരും പറയാറില്ലല്ലോ. എന്നാൽ ജീവിച്ചിരിക്കുന്നവരാണെങ്കിൽ മാപ്പുകൊടുക്കാം. ക്ഷമിക്കാം. പക്ഷേ ആ ബന്ധം തുടർന്നുകൊണ്ട് പോവുന്നത് ബുദ്ധിപരമല്ല എന്ന് ജെസി ഡെറ്റ്സർ പറയുന്നു. എങ്കിലും എല്ലാവരും മനുഷ്യരല്ലേ, കുറ്റങ്ങളും കുറവുകളും ഉണ്ടാകും. അതിനെ അതേപടി സ്വീകരിക്കുക. മനസ്സമാധാനവും സന്തോഷവുമല്ലേ വലുത്. ഈ മനസ്ഥിതിയുണ്ടായാൽ പുതിയ നല്ല ബന്ധങ്ങൾ ഉണ്ടാക്കിയെടുക്കാൻ സാധിക്കും.

**7. അയഞ്ഞ ബന്ധങ്ങൾ മുറുക്കുക.**

സ്വാന്തന ചികിത്സാ (Paliative Care) രംഗത്ത് കൂടുതൽ പ്രവർത്തിച്ചിരുന്ന ഒരു വിദ്ഗദൻ എന്ന നിലയ്ക്ക് ഡോക്ടർ ഇറാ ബയോക്കിന്റെ അഭിപ്രായത്തിൽ മരണത്തിന് സമയം കാത്തുകിടക്കുന്ന അതീവഗുരുതരമായ രോഗങ്ങൾക്കടിമപ്പെട്ടവർക്ക് മറ്റുള്ളവരുമായുള്ള സംഭാഷണം ആശ്വാസം പകരുന്നു എന്നാണ്. ഈ അഭിപ്രായം സന്തോഷത്തോടെ

കഴിയാനാഗ്രഹിക്കുന്ന എല്ലാ രോഗികളുടെ കാര്യത്തിലും ബാധകമാണ്. ഒരു കാർ ആക്സിഡന്റിൽ പെട്ട് ഗുരുതരമായ പരിക്കുകളോടെ മരണം ഏതാണ്ട് അടുത്താണ് തിരിച്ചറിഞ്ഞ ഒരു വ്യക്തി എന്താണ് പറയേണ്ടത് – ഈ നാലു കാര്യങ്ങളായിരിക്കും. " സുഹൃത്തുക്കളേ എനിക്ക് മാപ്പു തരിക. ഞാനും എല്ലാം മാപ്പാക്കിയിട്ടുണ്ട്. എല്ലാവരോടും നന്ദിയുണ്ട്. എനിക്ക് എല്ലാവരേയും ഇഷ്ടമാണ്."എന്നാൽ ഇത്രയും കാര്യങ്ങൾ പറയാൻ ഒരു മരണശയ്യയുടെ ആവശ്യമുണ്ടോ. സാധാരണ ജീവിതത്തിൽ തന്നെ ഇങ്ങിനെ ആയിക്കൂടേ? ഡോക്ടർ ബയോക്ക് ചോദിക്കുന്നു ബന്ധങ്ങളുടെ ഊഷ്മളത കൂടുന്നു. ബന്ധങ്ങൾ ആഘോഷങ്ങളായി മാറുന്നു. ഇങ്ങനെയുള്ള ബന്ധങ്ങൾ സ്വത്തുക്കളേക്കാൾ വില പിടിപ്പുള്ളതായി മാറുന്നു. മനുഷ്യ ജീവിയെ സംബന്ധിച്ചിടത്തോളം ഇതാണ് സത്യമായ യാഥാർത്ഥ്യം എന്ന് ഞാൻ മനസ്സിലാക്കുന്നു.കാര്യങ്ങളിലേക്ക് ഇറങ്ങി ചെല്ലുമ്പോൾ ബന്ധങ്ങൾക്കാണ് സ്ഥാവരജംഗമ വസ്തുക്കളേക്കാൾ വില എന്ന് ഞാൻ മനസ്സിലാക്കുന്നു. ഡോക്ടർ ഇറാ ബയോക്ക് തുടരുന്നു.– "പ്രായമാകുന്തോറും ഈ വ്യായാമം ചെയ്തു കൊണ്ടിരിക്കുക." എന്തിനാണ് ഇപ്പോൾ മുൻഗണന, എന്തിനാണ് ഇപ്പോൾ പ്രാധാന്യം? ജീവിതം കൂടുതൽ മുഴുവനായി ജീവിക്കുക എന്നതിനല്ലേ?

*****

## 2023 സെപ്തംബർ മാസം അന്തരിച്ച കരയോഗാംഗങ്ങൾക്ക് ആദരാഞ്ജലികൾ



**ശങ്കരൻ തമ്പി. കെ**
L/3211 ഗാന്ധിനഗർ
E W S 441,DIV.63
കൊച്ചി - 20



**കെ. രവീന്ദ്രനാഥൻ നായർ**
L/1103 രാധിക
ചിറ്റൂർ റോഡ്
കൊച്ചി - 35



**കെ. മൃണാളിനി**
L/2752 രമ്യ
ദിവാൻസ് റോഡ്
കൊച്ചി - 16



**പി.കെ. സരളാദേവി**
L/1496 ലക്ഷ്മി ഹൗസ്
ഹൈക്കോർട്ട് റോഡ്
കൊച്ചി - 31



**എം.കെ. മനോഹരൻ**
L/0956 മുല്ലശ്ശേരി
എം.ജി. റോഡ്
കൊച്ചി - 11




**രാധാകൃഷ്ണൻ. ഇ. (ഉണ്ണി)**
L/0537 ഉമശ്രീ
ഇളമക്കര, കൊച്ചി - 26



**വിജയനാഥൻ പിള്ള എം.സി.**
L/3608 ഗീതാഞ്ജലി
തൈക്കൂടം, കൊച്ചി–19



**ഗിരിജാവല്ലഭൻ. എം.**
L/2143 House No TKRA - 66
Eroor



**മധുസൂദനൻ. എം.ആർ.**
L/1145 മാണിക്കത്ത്
രവിപുരം



**ഭാനുമതിയമ്മ**
L/1259 ഗംഗാനിവാസ്
കാരിക്കാമുറി, കൊച്ചി - 11

# വിവാഹത്തിനു മുൻപ് കൗൺസിലിംഗ് ആവശ്യമോ?

**ഡോ. രാജേശ്വരി കുഞ്ഞമ്മ - 9388382009**

**ഇ**ന്ന് വളർന്നു വരുന്ന ഒരു മേഖലയാണ് കൗൺസലിംഗ് ജീവിതത്തിൽ പല തരത്തിലുള്ള പ്രശ്നങ്ങളെ മാത്സര്യബുദ്ധിയോടുകൂടി നേരിടേണ്ടി വരുമ്പോൾ മനസ്സ് ഛിന്നഭിന്നമാകുന്നുവെന്നത് സത്യം തന്നെയാണ്. രണ്ടായിരത്തിൽ വന്നിരുന്നവരേക്കാൾ ഇന്ന് ഫാമിലി കൗൺസിലിംഗിന് വരുന്നവരുടെ എണ്ണവും അവരുടെ പ്രശ്നങ്ങളും വളരെയേറെ വ്യത്യസ്തമാണ്. പ്രശ്നങ്ങളെ യാഥാർത്ഥ്യബോധത്തോടു കൂടി നോക്കിക്കൊണ്ട് യുക്തിയും പ്രായോഗിക ബുദ്ധിയും ദീർഘമായ കാഴ്ചപ്പാടും കൊടുത്തുകൊണ്ട് നമ്മുടെ അടുത്തെത്തുന്നവരെ പ്രശ്നങ്ങൾ നേരിടാൻ പ്രാപ്തരാക്കുന്ന ഭാരിച്ച ജോലിയാണ് മനശാസ്ത്രജ്ഞന്റേത്. ശാസ്ത്രീയതയിലൂടെ ക്രിയേറ്റിവിറ്റിയും ഫ്ലെക്സിബിലിറ്റിയും പ്രായോഗികതയും, പറയുന്ന വാക്കും പ്രവൃത്തിയും ഒരു പോലെ നോക്കികാണുന്ന ഒരു നല്ല ഭർത്താവോ, ഭാര്യയോ കൂടിയായിരിക്കണം മനശാസ്ത്രജ്ഞ. സ്നേഹവും രഹസ്യങ്ങൾ സൂക്ഷിക്കുവാനും കഴിവുള്ള വ്യക്തിപ്രഭാവത്തിനു മാത്രമേ ഇന്നത്തെ തലമുറയോടു ഇടപെടാൻ കഴിയുകയുള്ളൂ. ഈ സന്ദർഭത്തിലാണ് വിവാഹത്തിനു മുൻപുള്ള കൗൺസിലിംഗിനേക്കുറിച്ചു നമ്മൾ പറയുവാൻ ശ്രമിക്കുന്നത്.

വിവാഹമെന്നു പറയുന്നത് രണ്ടു വ്യക്തികൾ തമ്മിലുള്ള ഉടമ്പടിയല്ല. രണ്ടു കുടുംബങ്ങൾ തമ്മിലാണെന്നോക്കെ നമ്മൾ പറയും. വിവാഹത്തിന് മുൻപു തന്നെ വീടും അതിന്റെ സൗകര്യങ്ങളും ഒരുക്കി താക്കോൽ കൊടുക്കാൻ തയ്യാറായി നില്ക്കുന്ന രക്ഷിതാക്കളുടെ എണ്ണം കൂടികൊണ്ടിരിക്കുന്ന പക്ഷേ ഉടമ്പടി എന്ന വാക്കു കേൾക്കുമ്പോൾ മൂല്യചുതിയുണ്ടോ എന്നു സംശയം. സാമ്പത്തികമോ, കുറച്ചു നാളത്തേക്കോ എന്നൊരു സംശയം ഈ ഉടമ്പടിയിലുണ്ട്. ഒരാൾക്ക് മറ്റൊരാൾ തുണ. ആരെങ്കിലും ഉണ്ട്. എന്ന ഒരു തോന്നൽ ഇതൊക്കെയല്ലേ വിവാഹംകൊണ്ടുദ്ദേശിക്കുന്നത് ഏതുതരം വിഭാഗമായാലും മറ്റൊരാളുമായി യോജിച്ചു പോകണമെങ്കിൽ ആ വ്യക്തിയേക്കുറിച്ച് ഒരു ധാരണവേണം. ലവ് മാര്യേജായാലും, ലിവിംഗ് ടുഗദർ, അറേഞ്ച്ഡ് മാര്യേജ് ഏതായാലും ചേർത്ത് പോകണമല്ലോ. മനസമാധാനത്തോടുകൂടി ഉറക്കഗുളിക കഴിക്കാതെ വിശ്വസിച്ചുറങ്ങണം നേതൃത്ത്വഗുണം ഭാര്യക്കോ ഭർത്താവിനോ ഒരാൾക്കു കുറച്ചു കൂടുതൽ ഉണ്ടെങ്കിൽ അത് സംഘർഷങ്ങളെ ലഘൂകരിക്കുവാനും കാര്യങ്ങൾ നടത്തികൊണ്ടു പോകാനും പ്രയോജനപ്രദമായിരിക്കും.

രണ്ടു വ്യത്യസ്ത ചുറ്റുപാടിൽ, കാഴ്ചപ്പാടിൽ വളർന്നുവന്നവർ അവരുടെ അഭിരുചി, മനോഭാവം ആഹാരത്തിന്റെ രുചിക്കുവരെ വ്യത്യാസം, ഡ്രസിംഗിന് വ്യത്യാസം, എല്ലാം വ്യത്യസ്തം. ചിലർ പറയും ലവ് മാര്യേജാണെങ്കിൽ കുറച്ചൊക്കെ അറിയാം. അതു വെറുതെയല്ലേ. കാരണം അവിടെ യാഥാർത്ഥ്യം കുറവ്, റൊമാന്റിക് സന്ദർഭങ്ങളിൽ ജീവിക്കുമ്പോൾ ഒരാൾ മറ്റൊരാളെ പ്രീതിപെടുത്താൻ ശ്രമിക്കും. യാഥാർത്ഥ്യത്തേക്കാൾ പ്രീണനം അതല്ലെങ്കിൽ സഹതാപം ഇങ്ങനെ പോകും. ചിലതെല്ലാം പിന്നീട് യുദ്ധത്തിന്റെ ഉപകരണങ്ങളായി മാറുകയും ചെയ്യും. ഒരു നല്ല മനശാസ്ത്രജ്ഞന് രണ്ടുപേരുടേയും വളർച്ചയുടെ അനുഭവങ്ങളുടെ, വ്യക്തിത്ത്വങ്ങളുടെ, കുടുംബത്തിന്റെ അനുഭവങ്ങൾ ഇവയെല്ലാം ക്രോഡീകരിച്ച് രഹസ്യം സൂക്ഷിച്ച്, കുറ്റം പറയാതെ പരസ്പരം പറയാതെ എങ്ങനെ മുന്നോട്ടുപോകാമെന്നു മനസ്സിലാക്കിച്ചു. ആത്മവിശ്വാസം കൊടുക്കാൻ സാധിക്കും. ഇവിടെ ക്രമീകരിക്കലല്ല മറിച്ച് പരസ്പരം

ധാരണയിലൂടെ മുന്നോട്ടു പോക്കാണ്. അല്ലാതെ സാമ്പത്തീകത എങ്ങനെ കൈകാര്യം ചെയ്യണം മറ്റുള്ളവരോടു എങ്ങനെ പെരുമാറണമെന്നുള്ള ഉപദേശമല്ല മറിച്ചു ശാരീരികവും മാനസികവുമായ ആരോഗ്യവും പുതിയ തലമുറയെ വളർത്തിയെടുക്കാനുള്ള ചുറുചുറുക്കും മനസിലാക്കികൊടുക്കുകയെന്നതാണ്. കൗൺസിലറുടെ ജോലി. ചിലർ ചോദിക്കാറുണ്ട് വിവാഹം കഴിക്കുന്നുവന്ന് വിചാരിച്ചു നമ്മുടെ ആഗ്രഹങ്ങളേയും സ്വപ്നങ്ങളേയും ബലികഴിക്കണോ? യൗവ്വനത്തിലേക്ക് നീങ്ങുന്ന ചെറുപ്പക്കാർ തങ്ങൾ പൂർണ്ണപക്വതയിലാണെന്നു ധരിക്കുന്നു. തനിക്ക് സ്വന്തം കാലിൽ നില്ല്ക്കാനുള്ള വരുമാനം ഉണ്ട്. താനാണ് ശരി തനിക്കെല്ലാമറിയാം എന്ന ചിന്ത മാറ്റി തന്റെ ശരിയെല്ലാം മറ്റുള്ളവർക്ക് ശരിയാകണമെന്നില്ല എന്ന ബോധവും ഉണ്ടാകണം. താൻ, നമ്മൾ ആകുന്നുവെന്നും താൻ കാണുന്ന ശരി അതുപോലെ ഫോണിൽ കൂടിയും ഫ്രണ്ട്സിൽ കൂടിയും ലഭിക്കുന്ന സെക്സിനെക്കുറിച്ചുള്ള അപക്വമായ ചിലപ്പോൾ അബദ്ധജഡിലമായ ധാരണകൾ ഇവയൊക്കെ വിവാഹത്തിനു മുൻപു തന്നെ മാറ്റി ജീവിതത്തെക്കുറിച്ച് വ്യക്തമായ ധാരണ വരുത്തണം. ഭാര്യയും ഭർത്താവും കൂട്ടുകാരല്ലേയെന്ന് ചോദിക്കുന്ന ധാരാളം പേരുണ്ട്. പക്ഷേ ഇവിടെ മറ്റുള്ളവരും. സാമൂഹ്യബന്ധവും വൃത്തിയും ടേയ്സ്റ്റും ഒക്കെ വിവാഹബന്ധത്തിൽ സുഹൃത്ബന്ധത്തെക്കാൾ ഒരു പടി മുന്നിലാണ്. വിവാഹത്തിനു മുൻപ് സാമ്പത്തികതയോ വിദ്യാഭ്യാസമോ ഒന്നും പ്രശ്നമല്ല. ആവശ്യമില്ലാത്ത കാര്യങ്ങളിൽ പരസ്പരം ഇടപെടാൻ പാടില്ല. സ്വാതന്ത്ര്യം, ഫോൺ പരിശോധിക്കൽ കടുംപിടുത്തം ഇവയൊന്നും പാടില്ല. പുതിയലോകത്ത് മാറിയ കാഴ്ചപ്പാടിൽ വിവാഹബന്ധത്തിൽ പ്രശ്നങ്ങൾ ഉണ്ടാകാതെ മുമ്പോട്ടു പോകാൻ വിവാഹത്തിനു മുമ്പ് തന്നെ വധുവിനും വരനും വേണ്ടവിധമുള്ളള കൗൺസിലിംഗ് അത്യാവശ്യമാണ്.


## വരനെ ആവശ്യമുണ്ട്

Nair Girl, 25/150cm,Uthrittathi ,Wheatish, B.Com LLB(Hons),Doing Diploma in Cyber Law, Legal Associate in a Mumbai based firm(currently work from home,Pref: Professionaly Qualified,Mob:9446870220, 9446076650

Email:rakhidesom@gmail.com
Date of Birth:15-07-1998(3.40pm)
Sishta Dasa:Sani:5-4-17




Contact Address:
MR.P.G.SUNIL
THERILAKATH HOUSE
DESOM P O
ALUVA ,
ERNAKULAM - 683102

Nair Girl, 24/152cm, Makam,B.Tech, Software Developer in Technopark, Tvm, Pref: Professionals, Software Engineer ,Mob:9446860159

Email:chempurenu@gmail.com
Date of Birth: 11-11-1998(7.29pm)
Sishta Dasa: Ketu:6-1-13




Contact Address:
MR.RAJEEV
VAIKOM
KOTTAYAM

## വധുവിനെ ആവശ്യമുണ്ട്

Nair Boy, 31yrs/180cm, Makayiram 1/2(Edavam), B.Tech in EEE PGD in Industrial Automation, Dixon Technologies India Ltd, Pref: Well educated, Home loving girls, Mob: 8589013601, 9495665842

Email:sree.nair775@gmail.com
Date of Birth:8-4-1992(9am)
Sishta Dasa:Mars- 2-3-5




Contact Address:
MR.SREEKUMARAN NAIR
KALAMPUKATTU HOUSE
POOVARANY P O
PALA,
KOTTAYAM - 686577

**ജ്യോതിഷാചാര്യൻ: ജി.കെ. മേനോൻ**

ഓം

**1199 തുലാമാസഫലം**

Ernakulam Karayogam 0484 - 2361160,
8848036518, 9645683491

ഹരി ശ്രീ ഗണപതയെ നമഃ അവിഘ്നമസ്തു

(മേടക്കൂർ- അശ്വതി, ഭരണി, കാർത്തിക ആദ്യ പാദം) മാനസിക ഉത്സാഹത്തിനായി പണം ചെലവഴിക്കും.



മനസ്സിന് സന്തോഷം പകരുന്ന അനുഭവങ്ങൾ ഉണ്ടാകും. എല്ലാതരത്തിലുള്ള പങ്കാളികൾ കാരണം സമ്മർദ്ദങ്ങൾ അനുഭവിക്കേണ്ടി വരാം. ഒക്ടോബർ 18,19 തീയതികൾ അഷ്ടമ രാശി നക്ഷത്രങ്ങളായതിനാൽ പുതിയ സംരംഭങ്ങളുടെ ആരംഭം ഒഴിവാക്കുന്നത് നല്ലതാണ്. സർപ്പപ്രീതികരവുമായ വഴിപാടുകളും നവഗ്രഹക്ഷേത്രത്തിൽ രാഹു ഗ്രഹദോഷ നിവാരണ അർച്ചനയും നടത്തുക.

(ഇടവക്കൂർ – കാർത്തിക അവസാന മൂന്ന് പാദം, രോഹിണി,



മകയിരം ആദ്യ പകുതി) ചിരകാല സ്വപ്നമായ പുതിയ വീട് വാങ്ങുവാനോ പണിയാനോ ഉദ്ദേശിക്കുന്നവർക്ക് കാലം അനുകൂലമാണ്. അലർജിയുള്ള ഭക്ഷണം നിമിത്തം ഉദര രോഗത്തിന് സാധ്യതയുണ്ട്. ഒക്ടോബർ 20,21 തീയതികൾ അത്ര അനുകൂലമായിരിക്കില്ല. ആയതിനാൽ മാറ്റി വെക്കാൻ പറ്റുന്ന പ്രധാന കാര്യങ്ങൾ ഈ ദിവസങ്ങളിൽ ഒഴിവാക്കുന്നത് നല്ലതാണ്. ശിവ ക്ഷേത്ര ദർശ്ശനം നടത്തി ധാര, പിൻവിളക്ക്, കൂവളമാല സമർപ്പണവും നടത്തുക.

(മിഥുനക്കൂർ – മകയിരം അവസാന പകുതി, തിരുവാതിര, പു



ണർതം ആദ്യ മൂന്ന് പാദം) വിവാഹത്തിന് ശ്രമിക്കുന്നവർക്ക് കാലം അനുകൂലമാണ്. സ്ത്രീ സുഹൃത്തുക്കളിൽ നിന്നും സഹായം പ്രതീക്ഷിക്കാം. വാഹനത്തിന് വേണ്ടി പണം ചെലവഴിക്കും. ഒക്ടോബർ 22,23 ദിവസങ്ങൾ പുതിയ കാര്യങ്ങൾക്ക് സ്വീകരിക്കാതിരിക്കുന്നതാണ് നല്ലത്. ഗണപതി ഹോമവും, ഗണപതി ക്ഷേത്രദർശ്ശനവും, മന്ത്രജപവും നടത്തുന്നത് തടസ്സങ്ങൾ നീങ്ങാൻ ഉപകാരപ്പെടും.

(കർക്കിടകക്കൂർ – പുണർതം അവസാന പാദം, പൂയം, ആ



യില്യം) സുഖസൗകര്യങ്ങൾക്കായി പണം കൂടുതലായി ചെലവഴിക്കും. വിദ്യാലാഭം ഉണ്ടാകും. സ്കോളർഷിപ്പ് പോലുള്ള ധനസഹായങ്ങൾ സർക്കാരിൽ നിന്നും ലഭിക്കാൻ സാധ്യതയുണ്ട്. എന്നാലും മാനസിക പിരിമുറുക്കം വർദ്ധിക്കും. ഒക്ടോബർ 24,25 ദിവസങ്ങൾ ശുഭകരമായിരിക്കില്ല. ശിവ ക്ഷേത്രദർശ്ശനം നടത്തി ധാര, പിൻ വിളക്ക് കൂവളമാല സമർപ്പണം എന്നീ വഴിപാടുകൾ നടത്തുന്നതും പ്രാർത്ഥിക്കുന്നതും ഗുണകരമാകും.

(ചിങ്ങക്കൂർ – മകം, പൂരം, ഉത്രം ആദ്യ കാൽ ഭാഗം) പുനർ



വിവാഹത്തിന് ശ്രമിക്കുന്നവർക്കും, വൈകി വിവാഹത്തിന് ശ്രമിക്കുന്ന മധ്യവയസർക്കും അനുകൂല സാഹചര്യങ്ങൾ ഉണ്ടാകും. ഒക്ടോബർ 26,27 തീയതികൾ അഷ്ടമ രാശിക്കൂറിലെ നക്ഷത്രങ്ങളായതിനാൽ നല്ല സംരംഭങ്ങൾക്ക് സ്വീകരിക്കാതിരിക്കുക. നവഗ്രഹ ക്ഷേത്രത്തിൽ ദർശ്ശനവും ശനിദോഷ നിവാരണ അർച്ചനയും നടത്തിക കശ്ശനിദോഷം ശമിപ്പിക്കുകയും പ്രാർത്ഥിക്കുകയും നെയ്യ് വിളക്ക് കത്തിക്കുകകയും ചെയ്യുന്നത് നല്ലതാണ്.

(കന്നിക്കൂർ – ഉത്രം അവസാന പാദം, അത്തം, ചിത്തിര



ആദ്യ പകുതി) വിദ്യാഭ്യാസത്തിനായി അധികം പണം ചെലവഴിക്കേണ്ടി വരും. പഠന കാര്യത്തെകുറിച്ചും ധന വിഷയത്തെകുറിച്ചും ഉള്ള ആശങ്ക പിരിമുറുക്കം സൃഷ്ടിക്കും ഭാഗ്യദോഷം പിൻതുടരുന്നതായി തോന്നാം. ചില അപ്രതീക്ഷിത സഹായങ്ങളും ലഭ്യമാകും. ഒക്ടോബർ 28,29 ദിവസങ്ങൾ അനുകൂലമല്ല. ക്ഷേത്രത്തിൽ ഗണപതി പ്രീതികരവും, ദേവീ പ്രീതികരവുമായ മന്ത്രാർച്ചനകൾ നടത്തുക.

(തുലാക്കൂർ – ചിത്തിര അവസാന പകുതി, ചോതി, വിശാഖം



ആദ്യ മൂന്ന് പാദം) വിവാഹത്തിന് ശ്രമിക്കുന്നവർക്ക് കാലം അനുകൂലമാണ്. അശ്രദ്ധമായ ധനവിനിയോഗം നഷ്ടങ്ങൾ വരുത്തുവാൻ സാധ്യത ഉള്ളതിനാൽ ശ്രദ്ധിക്കുക. ദഹനകുറവ് കൊണ്ടുള്ള പ്രശ്നങ്ങൾ ഉണ്ടാകാം. ഒക്ടോബർ 30,31 ദിവസങ്ങൾ പ്രായേണ ഗുണം കുറഞ്ഞതായിരിക്കും. ശിവക്ഷേത്ര ദർശ്ശനവും പഞ്ചാക്ഷരി ജപവും നടത്തുന്നതും യഥാശക്തി വഴിപാടുകൾ നടത്തുന്നതും നല്ലതാണ്.

(വൃശ്ചികക്കൂർ – വിശാഖം അവസാന പാദം, അനിഴം, തൃക്കേട്ട)




സ്ത്രീ സുഹൃത്തുക്കളിൽ നിന്നുള്ള സഹായം പ്രവർത്തന രംഗത്ത് ഗുണകരമായ നേട്ടങ്ങൾ ഉണ്ടാകാൻ സഹായിക്കും. പാദരോഗവും നേത്ര രോഗവും അലട്ടും. നവംബർ 2,3 തീയതികൾ അഷ്ടമരാശിക്കൂർ നക്ഷത്രങ്ങളായതിനാൽ ശുഭകരമല്ല. നവഗ്രഹക്ഷേത്രത്തിൽ വ്യാഴാഴ്ച ദിവസങ്ങളിൽ വ്യാഴഗ്രഹ ദോഷനിവാരണ അർച്ചനയും വിഷ്ണു പ്രീതികരങ്ങളായ വഴിപാടുകളും ജപങ്ങളും നടത്തുന്നതും നല്ലതാണ്.

(ധനുക്കൂർ – മൂലം, പൂരാടം, ഉത്രാടം ആദ്യ പാദം) ഉന്നത



വിദ്യാ നേട്ടം, ബുദ്ധിപരമായ മത്സരങ്ങളിൽ വിജയം, നഷ്ടപ്പെട്ടു എന്ന് കരുതിയ കിട്ടാനുള്ള ധനം കൈവശം വന്ന് ചേരും. സൗഹൃദം നിലനിർത്താൻ വേണ്ടി പണം ചെലവഴിച്ച് മനപ്രയാസം വരുത്താനുള്ള സാധ്യതയുണ്ട്. കരുതലോടെ പണം ചെലവഴിക്കണം. നവംബർ 4,5,6 തീയതികൾ ശുഭകാര്യാരംഭത്തിന് സ്വീകാര്യമല്ല. തിങ്കളാഴ്ച ദിവസങ്ങളിൽ ശിവക്ഷേത്ര ദർശ്ശനവും മന്ത്രജപവും ദേവിക്ക് മാല ചാർത്തലും നടത്തുന്നത് നല്ലതാണ്.

(മകരക്കൂർ – ഉത്രാടം അവസാന മൂന്ന് പാദം, തിരുവോണം,



അവിട്ടം ആദ്യ പകുതി) വീട് പുതുക്കി പണിയാൻ ഉദ്ദേശിക്കുന്നവർക്ക് ആഗ്രഹം നടക്കും. നിലവിലെ കർമ്മരംഗം വിട്ട് പുതിയതിൽ പ്രവേശിക്കുവാൻ സാധ്യത ഉണ്ട് വസ്തുവകളിൽ നിന്നും ധനലാഭം പ്രതീക്ഷിക്കാം. നവംബർ 7, 8 ദിവസങ്ങൾ അനുകൂലമായിരിക്കില്ല. മഹാലക്ഷ്മി പ്രീതികരങ്ങളായ സൂക്തങ്ങൾ ജപിക്കുകയും ദേവീ ക്ഷേത്ര ദർശ്ശനവും, നെയ്യ് വിളക്ക് കത്തിക്കുകയും നാമജപം ചെയ്യുന്നത് നല്ലതാണ്.

(കുംഭക്കൂർ അവിട്ടം അവസാന പകുതി, ചതയം, പൂരുരുട്ടാതി



ആദ്യ മൂന്ന് പാദം) പുനർവിവാഹത്തിന് ശ്രമിക്കുന്നവർക്ക് കാലം അനുകൂലമായിരിക്കും.. പരസ്പരം അകന്ന സൗഹൃദങ്ങങ്ങൾ വീണ്ടും ദൃഢമാകാം. കീഴ്ജീവനക്കാരുടെ സഹകരണ കുറവ് നിമിത്തം കർമ്മരംഗത്ത് മാനസിക സമ്മർദ്ദം കൂടും. നവംബർ 10,11 തീയതികൾ പ്രായേണ ഗുണം കുറയും. വൈഷ്ണവ ക്ഷേത്ര ദർശ്ശനം നടത്തുന്നതും ദ്വാദശാക്ഷരി മന്ത്രജപം നടത്തുന്നതും നല്ലതാണ്

(മീനക്കൂർ പൂരുരുട്ടാതി അവസാന പാദം, ഉത്രട്ടാതി, രേവതി)



ധന വരവും ചിലവും ഒരു പോലെയായിരിക്കും. പൊതുവെ ഗുണദോഷ സമ്മിശ്രമായിരിക്കും എല്ലാതരത്തിലുള്ള പങ്കാളികളും പ്രതികൂലമായി പ്രവർത്തിക്കും. നവംബർ 12 13 തിയതികൾ പൊതുവേ അനുകൂലമായിരിക്കില്ല. വിഷ്ണു ക്ഷേത്ര ദർശ്ശനം നടത്തി കണ്ണന് തുളസിമാല ചാർത്തുകയും വിഷ്ണു പ്രീതികരങ്ങളായ സൂക്തങ്ങൾ ജപിക്കുന്നതും സർപ്പപ്രീതി വരുത്തുന്നതും. ലക്ഷ്മി നാരായണ പൂജ നടത്തുന്നതും നല്ലതാണ്.

***ശുഭമസ്തു ശംഭോമഹാദേവ! എറണാകുളത്തപ്പൻ തുണ!***

## THOTTEKKATT DIWAN'S MEMORIAL a/c HALLS

1. TDM HALL GANGA
2. TDM HALL PERIYAR (DINING HALL)
3. TDM HALL KAVERY
4. TDM HALL SOORYA (DINING HALL)
5. TDM HALL YAMUNA
6. TDM HALL NILA (DINING HALL)
7. TDM HALL PAMBA
8. TDM HALL NARMADA
9. TDM HALL SARASWATHY (DINING HALL)
10. TDM HALL GODAVARY (CONFERENCE HALL)
11. TDM HALL KRISHNA (EXHIBITION HALL)
12. TDM HALL SARAYU

For Details Contact: 0484 2361160, 9447171160 - Email: ekmkgm@gmail.com,
Web: www.ernakulamkarayogam.com

### എറണാകുളം കരയോഗത്തിന്റെ
## ആയുഷ്യം മെഡിക്കൽസ്




നിങ്ങൾക്ക് ആവശ്യമുള്ള മരുന്നുകൾ ഓർഡർ ചെയ്യൂ. മരുന്നുകൾ വീട്ടിൽ എത്തിക്കുന്നതാണ്.

**Ph: 9446488833, 0484-2361160 (Extn.127)**

ഹോം സർവ്വീസിന് വിളിക്കൂ......

**ഇംഗ്ലീഷ് മരുന്നുകൾ 5 മുതൽ 15 ശതമാനം വരെ ഡിസ്ക്കൗണ്ട്**

### എറണാകുളം കരയോഗത്തിന്റെ വിവിധ ക്ലാസ്സുകൾ

വയലിൻ, കരാട്ടേ, യോഗ, ഭരതനാട്യം, സിനിമാറ്റിക് എന്നിവ നടത്തുന്നു.

കൂടുതൽ വിവരങ്ങൾക്ക് – 0484 2361160



## നല്ല കൂട്ടാൻ കട



എറണാകുളം കരയോഗം നല്ല കൂട്ടാൻ കടയിൽ നിന്നും വിവിധതരം പ്രഥമനുകൾ, ഉപ്പേരികൾ, കൊണ്ടാട്ടങ്ങൾ, കൂട്ടാനുകൾ, പലഹാരങ്ങൾ, അച്ചാറുകൾ എന്നിവ ലഭിക്കും.

കൂടുതൽ വിവരങ്ങൾക്ക് – 9778410765

## ചൈത്രം

മാനസിക സംഘർഷം, ഏകാന്തത, ആത്മഹത്യാപ്രേരണ തുടങ്ങിയ നിങ്ങളുടെ വിഷമങ്ങൾ പങ്കുവയ്ക്കുവാൻ ഒരു കൗൺസിലിങ്ങ് കേന്ദ്രം. സേവനം തികച്ചും സൗജന്യവും സ്വകാര്യവുമാണ്.
പ്രവർത്തന സമയം ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ

കൂടുതൽ വിവരങ്ങൾക്ക് – 0484 2361161

## ജ്യോതിഷം



എറണാകുളം കരയോഗത്തിൽ ജ്യോതിഷാചാര്യൻ ജി.കെ. മേനോന്റെ സേവനം
തിങ്കൾ, ബുധൻ, ശനി ദിവസങ്ങളിൽ
പ്രവർത്തന സമയം രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെ

കൂടുതൽ വിവരങ്ങൾക്ക് – 8848036518, 9645683491

## ക്ലിനിക്ക് ഓൺ വീൽസ്



സമൂഹത്തിലെ നിർദ്ധനരായ രോഗികൾക്ക് സേവനം നൽകുവാൻ എറണാകുളം കരയോഗത്തിൽ സഞ്ചരിക്കുന്ന ആശുപത്രിയുടെ സേവനം ഒരുക്കിയിട്ടുണ്ട്

കൂടുതൽ വിവരങ്ങൾക്ക് – 9188640743

## ആംബുലൻസ് സർവ്വീസ്

എറണാകുളം കരയോഗത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ആംബുലൻസ് സർവ്വീസിന്റെയും മൊബൈൽ ബോഡി ഫ്രീസറിന്റെയും സേവനം ലഭ്യമാണ്.



കൂടുതൽ വിവരങ്ങൾക്ക് – 9387306579

**DATE OF PUBLICATION: 10-10-2023**

**RNI NO. KERMAL/2008/23515**
**REGISTERED NEWSPAPER**

**REGISTERED NO. KL/EKM/761/2022-24**
**LICENSE NO. KL/CR/EKM/WPP-7/2022-24**
**LICENSED TO POST WITHOUT PREPAYMENT**

Volume No. 15 OCTOBER 2023 Issue No. 10


## എറണാകുളം കരയോഗം ഹെറിറ്റേജ് ഗ്രൂപ്പ്

എറണാകുളം കരയോഗം ഹെറിറ്റേജ് ഗ്രൂപ്പിന്റെ ആഭിമുഖ്യത്തിൽ
ഒക്ടോബർ 27 വെള്ളിയാഴ്ച വൈകീട്ട് 5ന് ടിഡിഎം ഹാളിൽ

**കൊച്ചിയുടെ ചരിത്രം- തുടർച്ചയും വ്യതിചലനങ്ങളും**

എന്ന വിഷയം.

സംസാരിക്കുന്നത്
മഹാരാജാസ് കോളേജ് **പ്രൊഫ. വിനോദ്കുമാർ കല്ലോലിക്കൽ**

ഏവർക്കും സ്വാഗതം.




**എറണാകുളം കരയോഗത്തിന്റെ ആയുഷ്യം പോളി ക്ലിനിക്കിൽ**



അലോപ്പതി, ഹോമിയോ
ഡോക്ടർമാരുടെ
സേവനം ലഭ്യമാണ്.

**Ph: 0484 2366160, 7994771110**

**പ്രശാന്തി ഹോം ഫോർ ദ് ഏജ്ഡ് ആന്റ് വനിതാ ഹോസ്റ്റൽ**

എറണാകുളം കരയോഗത്തിന്റെ കീഴിൽ ഒരു
ഓൾഡേജ് ഹോമും
വനിതാ ഹോസ്റ്റലും നടത്തി വരുന്നു.



**കൂടുതൽ വിവരങ്ങൾക്ക്**

9188081355, 0484 –2345061


*If undelivered please return to:*
Karayoga Souhridam
T.D.M Hall Complex, D.H. Road,
Kochi 682016, Kerala


The Views expressed in this journal are those of the authors and need not necessarily reflect the policies and views of Ernakulam Karayogam



Printed by M. Sreevallabhan nair Published by M. Sreevallabhan Nair on behalf of Ernakulam Karayogam, TDM Hall complex, Durbar Hall Road, Kochi-682016, Ph : 0484 -2361160, E mail : ekmkgm@gmail.com, Website : www.ernakulamkarayogam.com and Printed at Sterling Print House (P) Ltd., Door.No.49/1849, AIMS Ponekkara P.O, Kochi-682041, Ph: 0484-2802522, 2800406 for Murali Industries, Babu Cottage, Alappat extn.Road, Behind Ravipuram Temple, Kochi-682016 and Published at Ernakulam Karayogam, TDM Hall Complex, Durbar Hall Road, Kochi-682016. Editor: M. Sreevallabhan Nair- Mob: 9947736071.